കേരള സർക്കാർ

## കൃഷി (ക്ഷീരവികസന) വകുപ്പ്

# ക്ഷീരവികസന വകുപ്പിന്റെ 2018-2019 വർഷത്തെ ഭരണ റിപ്പോർട്ട്

©
കേരള സർക്കാർ
2022

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം സർക്കാർ മുദ്രണനിർമ്മാണശാലയിൽ അച്ചടിച്ചത്-2023.

CamScanner

കൃഷി (ക്ഷീരവികസന) വകുപ്പ്

# ക്ഷീരവികസന വകുപ്പിന്റെ

# 2018–2019 വർഷത്തെ

# ഭരണ റിപ്പോർട്ട്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി(ക്ഷീരവികസന)വകുപ്പ്- 2018-19 വർഷത്തെ ഭരണറിപ്പോർട്ട് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**കൃഷി(ക്ഷീരവികസന)വകുപ്പ്**

സ.ഉ.(സാധാ) നം.132/2022/DD തീയതി,തിരുവനന്തപുരം, 12-10-2022

---

പരാമർശം:- 1. 27.07.2022 തീയതിയിലെ ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ DDDKER/2692/2021-D2 നമ്പർ കത്ത്.

**ഉത്തരവ്**

ക്ഷീരവികസന വകുപ്പിന്റെ 2018-19 വർഷത്തെ വാർഷിക ഭരണ റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K J SALINI
ജോയിന്റ് സെക്രട്ടറി

``

# കേരള സർക്കാർ

## ക്ഷീരവികസന വകുപ്പ്

# ഭരണ റിപ്പോർട്ട്

# 2018-19

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്

പട്ടം, തിരുവനന്തപുരം – 695 004

ഫോൺ: 0471-2445749, 2445799

ഇ-മെയിൽ: dir.dairy@kerala.gov.in

cru.ddd@kerala.gov.in

വെബ്സൈറ്റ്: http://www.dairy.kerala.gov.

``

# ക്ഷീരവികസന വകുപ്പ്

# ഭരണറിപ്പോർട്ട് 2018-19

**ഉള്ളടക്കം**


| | | |
|---|---|---|
| 1 | ആമുഖം | 4 |
| 2 | കാഴ്ചപ്പാട് | 4 |
| 3 | ദൗത്യം | 4 |
| 4 | പ്രവർത്തനലക്ഷ്യം | 4 |
| 5 | ഭരണസംവിധാനം | 4 |
| *എ)* | ഡയറക്ടറേറ്റ് | 5 |
| *ബി)* | ടെക്നിക്കൽ സെൽ | 5 |
| *സി)* | പ്രോജക്ട് സെൽ | 7 |
| *ഡി)* | ഐ ടി സെൽ | 8 |
| *ഇ)* | സ്റ്റേറ്റ് ഡെയറി ലബോറട്ടറി | 9 |
| സംസ്ഥാനത്ത് വകുപ്പിൽ പ്രവർത്തിക്കുന്ന മറ്റ് ഓഫീസുകൾ | | 13 |
| *എഫ്)* | ജില്ല ഓഫീസ് | 13 |
| *ജി)* | ക്ഷീര വികസന യൂണിറ്റ് ഓഫീസ് | 13 |
| *എച്ച്)* | ഗുണനിയന്ത്രണ യൂണിറ്റ് | 14 |
| *ഐ)* | ക്ഷീരപരിശീലന കേന്ദ്രങ്ങൾ | 20 |
| *ജെ)* | സ്റ്റേറ്റ് ഫോഡർ ഫാം | 21 |
| *കെ)* | കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് | 22 |
| ഭരണസംവിധാനം- വകുപ്പിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ | | 37 |
| 6 | ക്ഷീരവികസന വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങൾ | 39 |
| I | ഗ്രാമീണ ക്ഷീര വ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ | 41 |
| II | തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ | 45 |
| III | ക്ഷീരസഹകരണസംഘങ്ങൾക്ക് സഹായം | 49 |
| IV | ക്ഷീരസഹകരണസംഘങ്ങൾക്കുള്ള മൂലധന സഹായം | 50 |
| V | മിൽക്ക്ഷെഡ് വികസന പദ്ധതി | 52 |
| VI | പ്രത്യേക പുനരധിവാസ പദ്ധതി | 54 |
| VII | കാലിത്തീറ്റയ്ക്കുള്ള സബ്സിഡി | 55 |
| VIII | ഗുണനിയന്ത്രണലാബുകളുടെ ശാക്തീകരണം | 56 |
| IX | വയനാട് ജില്ലയിലെ ക്ഷീര വികസനത്തിനായി പ്രത്യേക പാക്കേജ് അനുവദിച്ചു. | 57 |
| X | ക്ഷീര കർഷക ക്ഷേമ നിധി ബോർഡിന് ക്ഷീര കർഷകരുടെ ഇൻഷുറൻസ് പരിരക്ഷക്കുള്ള ധനസഹായം | 58 |

``


| | | | |
|---|---|---|---|
| XI | കേരള മിൽക്ക് മാർക്കറ്റിങ് ഫെഡറേഷനുള്ള ധനസഹായം | | 58 |
| XII | ക്ഷേമനിധി ബോർഡിന് കർഷക പെൻഷൻ നൽകുന്നതിനുള്ള ധനസഹായം | | 58 |
| XIII | ബ്രഹ്മഗിരി ഡെവലൊപ്മെന്റ് സൊസൈറ്റി | | 58 |
| 7 | ധനകാര്യം | | 59 |
| 8 | അടിസ്ഥാന സൗകര്യ വികസനം | | 59 |
| 9 | പ്രസിദ്ധീകരണങ്ങൾ | | 59 |
| 10 | വിവരാവകാശ നിയമം | | 59 |
| 11 | ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനം (ഇന്റേണൽ കൺട്രോൾ സിസ്റ്റം) | | 60 |
| | *എ)* | ആഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം | 60 |
| | *ബി)* | ജില്ലാതലത്തിലുള്ള പരിശോധനാവിഭാഗം | 60 |
| 12 | അനുബന്ധങ്ങൾ | | 61 |
| 1 | കൃത്രിമ ബീജാധാന പരിപാടി | | 62 |
| 2 | പുൽക്കൃഷി വികസനപരിപാടി | | 63 |
| 3 | ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | | 64 |
| 4 | ഗുണനിയന്ത്രണ യൂണിറ്റുകളുടെ പ്രവർത്തനം | | 65 |
| 5 | ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം | | 66 |
| 6 | ക്ഷീരസംഘങ്ങളെ സംബന്ധിച്ച വിവരങ്ങൾ | | 67 |
| 7 | ക്ഷീരോല്പാദക സഹകരണ സംഘങ്ങളും യൂണിയനുകളും | | 68 |
| 8 | വിവരാവകാശ നിയമം – അപേക്ഷകളുടെ വിവരങ്ങൾ | | 69 |
| 9 | ഫിനാൻഷ്യൽ റിവ്യൂ (പ്ലാൻ)-2018-19 | | 70 |
| 10 | ഫിനാൻഷ്യൽ റിവ്യൂ (നോൺ-പ്ലാൻ)-2018-19 | | 71 |
| 11 | ക്ഷീരപരിശീലനകേന്ദ്രങ്ങളിൽ നടത്തിയ പരിശീലനപരിപാടികളുടെ വിവരങ്ങൾ | | 72 |
| 12 | മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം -2018-19 | | 73 |
| 13 | പാൽ സംഭരണ പട്ടിക – 2018-19 | | 74 |
| 14 | ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ക്ഷേമനിധി അംഗങ്ങൾക്ക് നൽകിയ ധനസഹായങ്ങൾ | | 75 |
| 15 | വകുപ്പിന് കീഴിലുള്ള ഓഫീസുകളുടെ മേൽവിലാസം | | 76 |

# ഭരണ റിപ്പോർട്ട് 2018--2019

## 1. ആമുഖം

സംസ്ഥാനത്തെ പാലുല്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് 1962-ൽ നിലവിൽ വന്നത്.

സംസ്ഥാനത്തെ ക്ഷീരോല്പാദനത്തിലും അനുബന്ധ പ്രവർത്തനങ്ങളായ തീറ്റപ്പുൽകൃഷി വ്യാപനം, കാലിത്തീറ്റ ഉല്പാദനം എന്നിവയിലും സ്വയംപര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃസ്ഥാനം വഹിക്കുക, ക്ഷീരസഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുക, സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിലൂടെ പാലിനും പാലുല്പന്നങ്ങൾക്കും ന്യായവില ഉറപ്പാക്കി ക്ഷീരകർഷകരെ സഹായിക്കുക, പാലിന്റെ ഗുണനിലവാരം ഉറപ്പ വരുത്തുന്നതിന് ബോധവൽക്കരണപരിപാടികൾ നടപ്പിലാക്കുക തുടങ്ങിയവ വകുപ്പിന്റെ ചുമതലകളാണ്. കൂടാതെ പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള പാലും പാലുല്പന്നങ്ങളും ലഭ്യമാക്കുന്നതിന് ഭക്ഷ്യസുരക്ഷാനിയമം അനുശാസിക്കുന്ന ഗുണനിലവാരം ഉറപ്പാക്കുന്നതിന് വേണ്ടുന്ന ബോധവൽക്കരണ പരിപാടികളും വകുപ്പിന്റെ സുപ്രധാന കർമ്മപരിപാടികളിൽ ഉൾപ്പെടുന്നു.

## 2. കാഴ്ചപ്പാട്

ക്ഷീരകർഷകരുടെയും ഉപഭോക്താക്കളുടെയും ക്ഷീരമേഖലയിലെ തല്പരരുടെ ക്ഷേമത്തിലൂടെ സംസ്ഥാനത്തിന്റെ ഭാവി അഭിവൃദ്ധിയ്ക്ക് വേണ്ടി സമഗ്രവും സുസ്ഥിരവുമായ ക്ഷീരവികസനം കെട്ടിപ്പടുക്കുക.

## 3. ദൗത്യം

ക്ഷീര സഹകരണ മേഖലയ്ക്ക് ഊന്നൽ നൽകിയും, ക്ഷീരമേഖലയുടെ ഉന്നതി ഉറപ്പാക്കുകയും, മെച്ചപ്പെട്ട ആരോഗ്യത്തിനുവേണ്ടി ഉല്പന്നത്തിന്റെ ഗുണനിലവാരം, പരിശുദ്ധി എന്നിവ ഉറപ്പുവരുത്തുകയും ന്യായവർത്തിയായ വ്യാപാരത്തിലൂടെയും, മെച്ചപ്പെട്ട സാങ്കേതികവിദ്യ സ്വായത്തമാക്കുകയും, സുസ്ഥിരമായ സമ്പ്രദായത്തിലൂടെ കർഷക സമൂഹത്തിന്റെ അഭിവൃദ്ധി ഉറപ്പുവരുത്തുകയും ചെയ്യുക.

## 4. പ്രവർത്തനലക്ഷ്യം

- സംസ്ഥാനത്ത് പാൽ ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടുക.
- ക്ഷീരമേഖലയുടെ സ്ഥായിയായ വികസനം ഉറപ്പാക്കുക.
- പാൽ ഉപഭോഗം വർദ്ധിപ്പിക്കുക.
- പാലിന്റെ ഗുണമേന്മ ഉറപ്പാക്കുക.
- കാലിവളർത്തൽ ആദായകരമായ ജീവിതമാർഗ്ഗമാക്കി മാറ്റുക.
- ക്ഷീരകാർഷിക മേഖലയ്ക്ക് സമഗ്രവികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
- ക്ഷീരകർഷകർക്ക് മെച്ചപ്പെട്ട വിലയും പരമാവധി ആദായവും ഉറപ്പുവരുത്തുക.
- ക്ഷീരമേഖലയിലുള്ള വിജ്ഞാനവ്യാപനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുക.

``

- ക്ഷീരകർഷകരുടെയും ക്ഷീരസംഘം ജീവനക്കാരുടെയും സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുക.
- തീറ്റപ്പുൽകൃഷി വികസനത്തിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
- പാലുല്പന്നങ്ങളുടെ നിർമ്മാണവും വിപണനവും വർദ്ധിപ്പിക്കുക.
- ക്ഷീരസംഘങ്ങളുടെ രൂപീകരണം, രജിസ്ട്രേഷൻ, ഭരണമേൽനോട്ടം, ആർബിട്രേഷൻ കേസുകൾ തീർപ്പാക്കൽ, ആധുനികവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
- കേരളാ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന് ആവശ്യമായ ധനസഹായം നൽകുക.
- ക്ഷീരമേഖലയുടെ ഉന്നമനത്തിന് വിവര സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്തുക.
- ക്ഷീരവികസന പ്രവർത്തനങ്ങൾക്കായി വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വിഭവങ്ങൾ സമാഹരിക്കുക.
- പഠന ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

5. **ഭരണസംവിധാനം**

എ) <u>ഡയറക്ടറേറ്റ്</u>

ക്ഷീരവികസന വകുപ്പിന്റെ ഡയറക്ടറേറ്റ് തിരുവനന്തപുരം പട്ടത്ത് പ്രവർത്തിക്കുന്നു. വകുപ്പിന്റെ സാങ്കേതിക സാമ്പത്തിക കാര്യങ്ങളുടെ ഭരണ നിയന്ത്രണം വകുപ്പ് അദ്ധ്യക്ഷനായ ഡയറക്ടറിൽ നിക്ഷിപ്തമാണ്. ഡയറക്ടറെ സാങ്കേതിക കാര്യങ്ങളിൽ സഹായിക്കുന്നതിനായി മൂന്ന് ജോയിന്റ് ഡയറക്ടർമാരും, മൂന്ന് ഡെപ്യൂട്ടി ഡയറക്ടർമാരും, മൂന്ന് അസിസ്റ്റന്റ് ഡയറക്ടർമാരും ആറ് ക്ഷീരവികസന ഓഫീസർമാരും ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നു. ഭരണ-സാമ്പത്തിക കാര്യങ്ങളിൽ സഹായിക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നീ ഉദ്യോഗസ്ഥരും ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നു.

| | | | | |
|---|---|---|---|---|
| 1 | ഡയറക്ടർ | | 1 | ശ്രീ. എബ്രഹാം.ടി. ജോസഫ്<br>(01-04-2018 മുതൽ 31-03-2019 വരെ) |
| 2 | ജോയിന്റ് ഡയറക്ടർ | | 1 | ശ്രീ.ബിജി.വി.ഈശോ<br>(01-04-2018 മുതൽ 30-04-2018 വരെ) |
| | | | 2 | ഐസക്.കെ.തയ്യിൽ<br>(01-04-2018 മുതൽ 30-04-2018 വരെ) |
| | | | 3 | ശ്രീ ജി. ശ്രീകണ്ഠൻ നായർ<br>(10-05-2018 മുതൽ 31-07-2018 വരെ) |
| | | | 4 | ശ്രീ.തമ്പി മാത്യു |

``

| | | | | |
|---|---|---|---|---|
| | | | | (01-06-2018 മുതൽ 31-03-2019 വരെ) |
| | | | 5 | ശ്രീമതി. ഗീത.എ<br>(16-08-2018 മുതൽ 10-12-2018 വരെ) |
| | | | 6 | ശ്രീ എസ് .ശ്രീകുമാർ<br>(12-12-2018 മുതൽ 10-12-2018 വരെ) |
| 3 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | | 1 | ശ്രീമതി. ഗീത.എസ്<br>(01-04-2018 മുതൽ 13-04-2018 വരെ) |
| | | | 2 | ശ്രീ. രാജേഷ്.എം<br>(07-05-2018 മുതൽ 31-03-2019 വരെ) |
| 4 | ഫിനാൻസ് ഓഫീസർ | | 1 | ശ്രീ പ്രദീപ്കുമാർ ആർ<br>(18-04-2018 മുതൽ 14-12-2018 വരെ) |
| | | | 2 | ശ്രീ കൃഷ്ണകുമാർ ബി<br>(14-12-2018 മുതൽ 31-03-2019 വരെ) |
| 5 | ഡെപ്യൂട്ടി ഡയറക്ടർ | | 1) | ശ്രീ.തമ്പി മാത്യു<br>(01-04-2018 മുതൽ 31-05-2018 വരെ) |
| | | | 2) | ശ്രീ. സുരേഷ്കുമാർ.വി.പി<br>(01-04-2018 മുതൽ 31-03-2019 വരെ |
| | | | 3) | ശ്രീ. കെ.ശശികുമാർ<br>(01-04-2018 മുതൽ 31-03-2019 വരെ) |
| | | | 4) | ശ്രീ പ്രകാശ് എം<br>(12-06-2018 മുതൽ 31-03-2019 വരെ) |
| 6 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | | 1) | ശ്രീ ആരിഫ് ലാൽ എൽ എസ്<br>(13-06-2018 മുതൽ 31-03-2019 വരെ) |
| 7 | അസിസ്റ്റന്റ് ഡയറക്ടർ (സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ്) | | 1) | ശ്രീമതി.രജിത.ആർ.<br>(22-06-2018 മുതൽ 31-03-2019 വരെ) |
| | | | 2) | ശ്രീ. കോശി.കെ.അലക്സ്<br>(01-04-2018 മുതൽ 31-03-2019 വരെ) |
| | | | 3) | ശ്രീ.എം.സുനിൽ കുമാർ<br>(01-04-2018 മുതൽ 14-06-2018 വരെ) |
| 8 | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | | 1) | ശ്രീ. ബി. ശ്രീകുമാർ<br>(01-06-2018 മുതൽ 31-03-2019 വരെ) |
| | | | 2) | ശ്രീ. സജ്ജയൻ.എസ്.<br>(01-04-2018 മുതൽ 31-03-2019 വരെ) |
| | | | 3) | ശ്രീ. എസ്. കൃഷ്ണകുമാർ. (സ്പെഷ്യൽ ഡ്യൂട്ടി)<br>(01-04-2018 മുതൽ 31-03-2019 വരെ) |
| | | | 4) | ശ്രീ. ജിപിൻ. ജി.പി<br>(01-04-2018 മുതൽ 12-07-2018 വരെ) |
| | | | 5) | ശ്രീമതി വിധുബാല സത്യനേശൻ<br>(13-07-2018 മുതൽ 31-03-2019 വരെ) |

``

| | | | | |
|---|---|---|---|---|
| 9 | സീനിയർ സൂപ്രണ്ട് | | 1) | ശ്രീ. സി.വിജയൻ (01-04-2018 മുതൽ 18-02-2019 വരെ) |
| | | | 2) | ശ്രീ.അജയകുമാർ.ബി (01-04-2018 മുതൽ 31-03-2019 വരെ) |
| | | | 3) | ശ്രീമതി. വൽസല.എസ് (01-04-2018 മുതൽ 31-07-2018 വരെ) |
| | | | 4) | ശ്രീമതി. ഗിരിജാകുമാരി.എം.ടി (01-04-2018 മുതൽ 31-03-2019 വരെ) |
| | | | 5) | ശ്രീ.എ.സുകേശൻ (01-04-2018 മുതൽ 31-03-2019 വരെ) |
| | | | 6) | ശ്രീമതി. ഷീബകുമാരി.ആർ (05-06-2018 മുതൽ 31-03-2018 വരെ) |
| | | | 7) | ശ്രീ ടി സുധകുമാർ (04-09-2018 മുതൽ 31-03-2019 വരെ) |
| | | | 8) | ശ്രീമതി ടി സാഗരകുമാരി (19-02-2019 മുതൽ 31-03-2019 വരെ) |

## ബി) ടെക്നിക്കൽ സെൽ

സംസ്ഥാനത്ത് വിപണനം ചെയ്യപ്പെടുന്ന പാലിന്റെ സാമ്പിളുകൾ പരിശോധിച്ച് അവ നിശ്ചിത ഗുണനിലവാരമുള്ളവയാണെന്ന് ഉറപ്പ വരുത്തുകയും ഉപഭോക്താവിന് ശുദ്ധവും സുരക്ഷിതവുമായ പാൽ ലഭ്യമാകുന്നുവെന്ന് സഹായിക്കുകയും ചെയ്യുന്ന ചുമതലയാണ് ക്ഷീര വികസന വകുപ്പിന്റെ ഗുണനിയന്ത്രണ വിഭാഗത്തിനുള്ളത്. സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകന് പാൽ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ വില ലഭ്യമാക്കുവാനും, ക്ഷീരകർഷകരുടെ പരാതികൾ പരിഹരിക്കുന്ന തിനും, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുവാനും ആവശ്യമായ ബോധവത്ക്കരണം ഉൾപ്പെടെയുള്ള നടപടികൾ ഗുണനിയന്ത്രണ വിഭാഗം മുൻകൈയെടുത്ത് നടപ്പിലാക്കിവരുന്നു.

ക്വാളിറ്റി കൺട്രോൾ ഓഫീസിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും, ക്ഷീര കർഷകർക്ക് ലഭിക്കുന്ന പാൽ വില സംബന്ധിച്ച പരാതികൾ ക്വാളിറ്റി കൺട്രോൾ ഓഫീസർ മുഖേന പരിഹരിക്കുന്നതിനും ക്ഷീര സംഘങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബൽക്ക് മിൽക്ക് കൂളറുകൾ, ഗുണനിയന്ത്രണ ലാബുകൾ എന്നിവയുടെ പ്രവർത്തനം വിലയിരുത്തുകയും പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തി ക്ഷീര കർഷകരുടെ ആദായം വർദ്ധിപ്പിക്കുന്നതിന് സഹായകരമാം വിധം നേതൃത്വം നൽകുന്നത് ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റിലെ ടെക്നിക്കൽ സെല്ലാണ്.

ഗുണനിലവാരം കുറഞ്ഞതോ, മായം കലർന്നതോ ആയ പാൽ കണ്ടെത്തിയാൽ കർശന നടപടി സ്വീകരിക്കുവാൻ സർക്കാരിന് ഭക്ഷ്യസുരക്ഷാ വകുപ്പിന് വിവരങ്ങൾ കൈമാറുന്നു. ക്ഷീരവികസന വകുപ്പിനുവേണ്ടി സാങ്കേതിക വിദ്യകൾ സമാഹരിക്കുകയും വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുകയും ചെയ്യുക എന്നതും ടെക്നിക്കൽ സെല്ലിന്റെ ചുമതലയാണ്.

## സി) പ്രോജക്ട് സെൽ

വകുപ്പിലെ ആസൂത്രണ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഡയറക്ടറേറ്റിൽ ഒരു പ്രോജക്ട് സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഡെപ്യൂട്ടി ഡയറക്ടറുടെ (പ്ലാനിംഗ് ) നേതൃത്വത്തിൽ ഒരു ക്ഷീരവികസന ഓഫീസറും രണ്ടു ഡെയറി ഫാം ഇൻസ്ട്രർമാരുമാണ് പ്രോജക്ട് സെല്ലിൽ സേവനമനുഷ്ഠിച്ചുവരുന്നത്. അസിസ്റ്റന്റ് ഡയറക്ടർ (സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ്) പ്രോജക്ട് സെല്ലിന്റെ പ്രവർത്തനങ്ങളെ സഹായിച്ചു വരുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കൽ, പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ, അപേക്ഷാ ഫോമുകൾ, ലഘുലേഖകൾ, ന്യൂസ് ലെറ്റർ തുടങ്ങിയവ തയ്യാറാക്കൽ, പുരോഗതി ക്രോഡീകരണം റിപ്പോർട്ടിങ് തുടങ്ങിയവ പ്രോജക്ട് സെല്ലിന്റെ ഉത്തരവാദിത്തമാണ്. കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തൽ, സംസ്ഥാനതല സെമിനാറുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയ സംഘാടനത്തിന് ആവശ്യമായ പ്രവർത്തനങ്ങളും പ്രോജക്ട് സെൽ ഏറ്റെടുത്ത് നടത്തുന്നു.

## ഡി) ഐ.ടി.സെൽ

ക്ഷീരവികസന വകുപ്പിന്റെ വിവര സാങ്കേതിക വിദ്യ സംബന്ധമായ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി വിവരസാങ്കേതിക വിദ്യ ആന്റ് ഇ-ഗവേണൻസ് സെൽ (ഐ.ടി. സെൽ) ഡയറി ഡയറക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നു. ഉല്പാദനം, സേവനം, സഹകരണം തുടങ്ങിയ മേഖലകളിൽ വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുക എന്നതാണ് ഐ.ടി സെല്ലിന്റെ ലക്ഷ്യം. ഡെപ്യൂട്ടി ഡയറക്ടർ (എക്സ്റ്റൻഷൻ) നേതൃത്വത്തിൽ 6 പേർ അടങ്ങുന്നതാണ് ഐ.ടി. സെൽ. ഡയറി ഡയറക്ടറേറ്റ്, കീഴാഫീസുകൾ എന്നിവയുടെ ഇ-ഗവേണൻസ് പരിപാടി, ക്ഷീര സംഘങ്ങളുടെ ഏകീകൃത സോഫ്റ്റ്വെയർ നിർമ്മാണം, ജിപിഎസ് അധിഷ്ഠിത ഡോക്യുമെന്റഷൻ സോഫ്റ്റ്വെയറുകളുടെ വിപണനവുമായി ബന്ധപ്പെട്ട സോഫ്റ്റ്വെയറുകൾ തുടങ്ങിയവയുടെ വികസനത്തിന്റെ നേതൃത്വം ഏറ്റെടുത്തു വരുന്നു. കൂടാതെ വിവര സാങ്കേതിക വിദ്യയുമായി ബന്ധപെട്ട പരിശീലനങ്ങളും സംഘടിപ്പിക്കുന്നു.

``

## ഇ) സ്റ്റേറ്റ് ഡെയറി ലാബ്

സംസ്ഥാനത്തെ പാൽ, പാലുല്പന്നങ്ങൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നത് ലക്ഷ്യമിട്ടു കൊണ്ട് ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പട്ടം ആസ്ഥാനമാക്കി 2010-ൽ പ്രവർത്തനമാരംഭിച്ച പരിശോധനാ സംവിധാനമാണ് സ്റ്റേറ്റ് ഡെയറി ലബോറട്ടറി . ISO 9001:2008 സാക്ഷ്യപത്രവും അന്താരാഷ്ട്ര ഗുണനിലവാരമായ IS/ISO/IEC 17025:2005 പ്രകാരമുള്ള NABL അക്രഡിറ്റേഷൻ ലഭിച്ച ഈ ലബോറട്ടറിയിൽ പാൽ, പാലുല്പന്നങ്ങൾ എന്നിവയ്ക്കു പുറമേ കാലിത്തീറ്റയും, കാലിത്തീറ്റ നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളും വെള്ളം എന്നിവയുടെ രാസഗുണനിലവാരവും അണുഗുണനിലവാരവും പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പാൽ, പാലുല്പന്നങ്ങൾ എന്നിവയ്ക്ക് FSSAI നിഷ്കർഷിക്കുന്ന ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനു പുറമേ പാലിൽ അടങ്ങിയിരിക്കുന്ന ആന്റിബയോട്ടിക്കുകളുടെ സാന്നിദ്ധ്യവും, നാടൻ പശുവിന്റെയും ക്രോസ്ബ്രീഡ് പശുവിന്റെയും പാൽ വേർതിരിച്ചറിയുന്നതിനു സഹായിക്കുന്ന എ1, എ2 ബിറ്റ കേസിന്റെ സാന്നിദ്ധ്യവും, പാൽ, പാൽപ്പൊടി എന്നിവയിലടങ്ങിയിരിക്കുന്ന പൂപ്പൽ വിഷബാധയായ അഫ്ലാടോക്സിൻ എം1 എന്നിവയും പരിശോധിക്കുന്നതിനുള്ള സംവിധാനവും ഈ ലാബിൽ സജ്ജമാണ്. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കാലിത്തീറ്റ നിർമ്മാണത്തിനു പയോഗിക്കുന്ന അസംസ്കൃത വസ്തുക്കളിലും കാലിത്തീറ്റയിലും അനുവദനീയമല്ലാത്ത പദാർത്ഥങ്ങൾ ചേർക്കുന്നതു പരിശോധിക്കുന്നതിനുള്ള സംവിധാനം ലാബിൽ ലഭ്യമാണ്. കാലിത്തീറ്റയിൽ അടങ്ങിയിരിക്കുന്ന ജലാംശം, കൊഴുപ്പ്, മാംസ്യം, നാരുകൾ, യൂറിയ, ആസിഡിൽ ലയിക്കുന്ന ലവണങ്ങൾ, ധാതുക്കൾ, പൂപ്പൽ വിഷബാധയായ അഫ്ലാടോക്സിൻ ബി1 എന്നിവയുടെ അളവും പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. IS 10500 പ്രകാരം കുടിവെള്ളത്തിന്റെയും IS 14543 പ്രകാരം വിപണിയിൽ ലഭ്യമാകുന്ന പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടറിന്റെയും അനുവദനീയമായ ഗുണനിലവാരം (പ്രത്യേകിച്ചും അണുഗുണനിലവാരം) ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ ലാബിൽ ഏർപ്പെടുത്തിയിട്ടുണ്ട്. 99 മാനദണ്ഡങ്ങൾ പരിശോധിക്കുന്നതിന് എൻഎബിഎൽ അംഗീകാരം ലഭിച്ച സർക്കാർ സംവിധാനത്തിന് കീഴിലുള്ള ചുരുക്കം ചില ലബോറട്ടറികളിൽ ഒന്നാണിത്. ഈ ലബോറട്ടറിയിൽ കെമിക്കലും മൈക്രോബിയോളജി വിഭാഗങ്ങളും പ്രവർത്തിച്ചു വരുന്നു.

``

**2018-19-ൽ ലഭിച്ച സാമ്പിളുകളുടെ വിശദാംശം**

| | | |
|---|---|---|
| 1 | പാലും പാലുല്പന്നങ്ങളും | 134 |
| 2 | കാലിത്തീറ്റ | 186 |
| 3 | വെള്ളം | 198 |
| 4 | കാലിബ്രേഷൻ | 1799 |
| | **ആകെ സാമ്പിളുകൾ** | **2317** |

അതിനൂതന പരിശോധനാ ഉപകരണങ്ങളായ എച്ച്.പി.എൽ.ഡി, ജി.സി, എ.എ.എസ്, യു.വി സ്പെക്ട്രോഫോട്ടോമീറ്റർ എന്നിവയുടെ സഹായത്തോടെ കൃത്യമായതും വിശ്വസനീയവുമായ പരിശോധനാ ഫലങ്ങൾ സമയബന്ധിതമായി നൽകുന്നതിന് ലബോറട്ടറിക്ക് കഴിയുന്നുണ്ട്. കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ, ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയൻ, കെ.എസ്.പി.ഡി.സി,. വയനാട് മിൽക്ക്, മിൽക്കോ ഡെയറി, കേരള ഫീഡ്സ്, മിൽമ ഫീഡ്സ് തുടങ്ങിയ സ്ഥാപനങ്ങൾ ലബോറട്ടിയുടെ സ്ഥിരം ഉപഭോക്താക്കളാണ്. കൂടാതെ പൊതുജനങ്ങളിൽ നിന്നും സാമ്പിളുകൾ പരിശോധനയ്ക്കായി ലഭിക്കുന്നുണ്ട്.

**2018-19- ൽ സ്റ്റേറ്റ് ഡെയറി ലാബിലെ വരുമാനം**

| | | |
|---|---|---|
| 1 | കാലിബ്രേഷൻ | 507505 |
| 2 | പാലും പാലുല്പന്നങ്ങൾ | 205320 |
| 3 | കാലിത്തീറ്റ | 163238 |
| 4 | വെള്ളം | 121075 |
| 5 | **ആകെ** | **997138** |

**കെമിക്കൽ വിഭാഗം**

പാലിലെയും പാലുല്പന്നങ്ങളായ തൈര് , യോഗര്ട് പാൽപൊടി ഐസ്ക്രീം, വെണ്ണ നെയ്യ് പനീർ, ചെന്ന ഖോവ പെട ചീസ് എന്നിവയിലെ കൊഴുപ്പ്, കൊഴിപ്പിതര ഖരപദാർത്ഥങ്ങൾ അമ്ലത പ്രോട്ടീൻ, അടൽട്രൈൻറ്സ് പ്രിസർവേറ്റീവ്സ്, ന്യൂട്രിലൈസേർ, ജലാംശം, റീഡിങ് എന്നിവ കണ്ടുപിടിക്കുന്നതിനു പുറമെ അതിനൂതനമായ ഉപകരണങ്ങൾ ഉൾപ്പെടുത്തി ചുവടെ വിവരിക്കും പ്രകാരമുള്ള ടെസ്റ്റുകളും ചെയ്തു വരുന്നു.

(ഹൈ പെർഫോമൻസ് ലിക്വിഡ് ക്രൊമാറ്റോഗ്രഫി) ഉപയോഗപ്പെടുത്തി പൽ, പാൽപ്പൊടി, എന്നിവയിൽ അടങ്ങിയിരിക്കുന്ന പൂപ്പൽ വിഷബാധയായ

``

അഫ്ലാടോക്സിൻ, വിറ്റാമിൻസ്, മെലാനിൻ, കാലിത്തീറ്റയിൽ കാണപ്പെടുന്ന പൂപ്പൽ വിഷമായ അഫ്ലാടോക്സിൻ എന്നിവ പരിശോദിച്ച റിപോർട്ടുകൾ നൽകുന്നു.

ഗ്യാസ് ക്രോമാറ്റോഗ്രഫി ഉപയോഗിച്ച് പാലിലെയും വെള്ളത്തിലെയും പെസ്റ്റിസൈഡ്സ്, നെയ്യ് / വെണ്ണ എന്നിവയിലെ ഫ്രീ ഫാറ്റിആസിഡ് എന്നിവ പരിശോധിക്കുന്നു.

സ്പെക്ട്രോമീറ്റർ ഉപയോഗിച്ച് പാലിലെയും വെള്ളത്തിലെയും ലോഹങ്ങൾ കാലിത്തീറ്റയിലെ യൂറിയയുടെ അംശം എന്നിവ പരിശോധിക്കുന്നു

അറ്റോമിക് അബ്സോർപ്ഷൻ സ്പെക്ട്രോമീറ്റർ ഉപയോഗിച്ച് വെള്ളത്തിലെ അയൺ, കോപ്പർ സിങ്ക് ലെഡ്, കാഡ്മിയം എന്നിവ പരിശോദിച്ച ഫലങ്ങൾ നൽകുന്നു.

റിയൽ ടൈം പിസിആർ എന്ന ഉപകരണത്തിന്റെ സഹായത്തോടെ പാലിലെ കേസിന്റെ അളവ് പരിശോദിച്ച നൽകുന്നു. നാടൻ പശുവിന്റെ പാലും സങ്കര ഇനം പശുവിന്റെ പാലും ഈ പരിശോധനയിലൂടെ തിരിച്ചറിയാൻ സാധിക്കുന്നു.

എന്നി ഉപകരണങ്ങളുടെ സഹായത്തോടെ കാലിത്തീറ്റയിൽ അടങ്ങിയിരിക്കുന്ന കൊഴുപ്പും നാരുകളും കണ്ടുപിടിക്കുന്നതിനു പുറമെ മാംസ്യം യൂറിയ, ധാതുക്കൾ, ലവണങ്ങൾ എന്നിവയും പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളും ലഭ്യമാണ്.

പ്രകാരം കുടിവെള്ളത്തിന്റെയും പ്രകാരം വിപണിയിൽ ലഭിക്കുന്ന പാക്കേജ്ഡ് ഡ്രിങ്കിങ് വാട്ടറിന്റെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള ടെസ്റ്റുകൾ നടത്തി വരുന്നു.

**മൈക്രോബിയോളജി വിഭാഗം**

പാൽ, പാലുല്പന്നങ്ങൾ, എന്നിവയിലെ പ്ലേറ്റ് കൗണ്ട് , കോളിഫോം ഇകോളി യീസ്റ്റ് & മോൾഡ് സാൽമൊണെല്ല, സ്റ്റഫൈലോകോക്കസ് , ഓറിയസ്, ലിസ്റ്റീരിയ ഷിജല്ലഎന്നിവ പരിശോധിക്കുന്നുണ്ട്. ഇതു കൂടാതെ വെള്ളത്തിലെ കോളിഫോം ബാക്ടീരിയ ഇകോളി തെർമോടോളറൻറ് കോളിഫോം, ഫീക്കൽ സ്ട്രെപ്റ്റോകൊക്കെ, സാൽമൊണെല്ല എന്നിവയും പരിശോധിച്ച സമയബന്ധിതമായി ഫലങ്ങൾ ഉപഭോകതാക്കൾക്കു നൽകി വരുന്നു.

**ലാബിന്റെ സ്ഥിരം ഉപഭോക്താക്കൾ**

സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങൾ, കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ കേരള ലൈവ് സ്റ്റോക്ക് ഡെവേലോപ്മെന്റ് ബോർഡ് തിരുവനതപുരം മേഖല സഹകരണ ക്ഷീരോത്പാദക യൂണിയൻ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവേലോപ്മെന്റ് കോർപറേഷൻ, മിൽകോ ക്ഷീര കേരളഫീഡ്സ് , മിൽമ ഫീഡ്സ് പട്ടണക്കാട് ഫീഡ്പ്ലാന്റ് ഫൺസ്റ്റിക് ഐസ്ക്രീംസ്, ടെക്നോപാർക്കിലെ

കമ്പനികൾ എന്നി ഉപഭോക്താക്കളുടെ സാംപിളുകൾക്കു പുറമെ പൊതുജനങ്ങളിൽ നിന്നും പരിശോധനക്ക് ലഭിക്കുന്നുണ്ട്.

**പരിശീലന പരിപാടികൾ**

ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥർക്കും റീജിയണൽ ലബോറട്ടറികളിലെയും ചെക്പോസ്റ്റുകളിലെയും അനലിസ്റ്റ്മാർക്ക് ലാബുമായി ബന്ധപ്പെട്ട പരിശോധനകളുടെ പരിശീലനങ്ങൾ നൽകി വരുന്നു. നാഷണൽ ഡയറി ഡെവലൊപ്മെന്റ് ബോർഡിൻറെ എന്ന സ്ഥാപനം നടത്തിയ പാലും പാലുൽപ്പന്നങ്ങളും മെലാമിൻ, പെസ്റ്റിസൈഡ്, വിറ്റാമിൻസ് എന്നിവ ഗ്യാസ് ക്രൊമാറ്റോഗ്രഫി ഉപയോഗിച്ച് കണ്ടുപിടിക്കുന്നതിന് 6 ദിവസത്തെ പരിശീലന പരിപാടിയിലും കൊല്ലം നടത്തിയ പ്രകാരമുള്ള വെള്ളത്തിന്റെ കെമിക്കലും, മൈക്രോബിയോളജിയും ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള ദിവസത്തെ പരിശീലന പരിപാടിയിലും ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ ദിവസത്തെ ലബോറട്ടറി മാനേജ്മെന്റ് ഇന്റെർണല് ഓഡിറ്റ് ട്രാന്സിഷൻ പരിപാടിയിലും ടെക്നിക്കൽ ജീവനക്കാർ പങ്കെടുത്തു.

ലാബിലെ ജീവനക്കാർക്ക് ലഭിച്ച പരിശീലനം കൂടാതെ ലാബിൽ നിന്നും ഡയറി ഡിപ്പാർട്മെന്റിലെ മറ്റു ജീവനക്കാർക്കും പരിശീലനം നൽകുകയുണ്ടായി. ഈ എണ്ണത്തിൽ കോട്ടയം കാസർഗോഡ് റീജിയണൽ ലാബ് അസിസ്റ്റന്റ് ഡയറക്ടർക്കും, അനലിസ്റ്റുമാർക്കും ലാബിലെ പാലും പാലുല്പന്നങ്ങളിലെയും പ്രകാരമുള്ള കെമിക്കൽ വിഭാഗത്തിലെയും മൈക്രോബിയോളജി വിഭാഗത്തിലെയും എല്ലാ ടെസ്റ്റുകളും ചെയ്യുന്നതിനും ഗ്ലാസ്സുപകാരങ്ങളുടെ കാലിബ്രേഷനും പരിശീലനം നൽകി.

സംസ്ഥാനത്തെ എല്ലാ ക്വാളിറ്റി കണ്ട്രോൾ ഉദ്യോഗസ്ഥർക്കും ഓണം ഡ്രൈവിനോടനുബന്ധിച്ച രണ്ടു ദിവസത്തെ പരിശീലനം നൽകി. ആര്യങ്കാവ്, ക്ഷീരവികസനവകുപ്പിന്റെ ചെക്പോസ്റ്റിലെ രണ്ടു അനലിസ്റ്റുമാർക്കും ദിവസത്തെ പരിശീലനം നൽകി. കൂടാതെ വകുപ്പിലെ ഓഫീസിൽ അറ്റെൻഡർമാർക്കും ഡയറി സയൻസ് കോളേജിലെ വിദ്യാർത്ഥികൾക്കും ലാബിന്റെ പ്രവത്തനങ്ങളെ കുറിച്ച് ഒരു ദിവസത്തെ പരിശീലനം നൽകി .

**പദ്ധതി പ്രവർത്തനങ്ങൾ**

റിപ്പോർട്ട് വർഷം പദ്ധതി പ്രവർത്തനത്തിനായി വകയിരുത്തിയ 14576.28 ലക്ഷം രൂപയിൽ 12175.0376 ലക്ഷം രൂപ ചെലവഴിച്ചു.

**പ്രത്യേക പ്രവർത്തനങ്ങൾ**

2018 ൽ സ്റ്റേറ്റ് ഡെയറി ലബോറട്ടറിയുടെ NABL അക്രഡിറ്റേഷൻ പുതുക്കുന്നതിനായുള്ള NABL ഓഡിറ്റ് നടക്കുകയും തുടർന്ന് 21/04/2020 വരെ NABL അക്രഡിറ്റേഷൻ ലഭിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് NABL Scope-ലെ 15 ടെസ്റ്റുകൾക്ക് ഫീസ് നിശ്ചയിക്കുന്നതിനായി സർക്കാർ അനുമതിക്കുവേണ്ടിയുള്ള

നടപടികൾ സ്വീകരിച്ച് വരുന്നു. സ്റ്റേറ്റ് ഡെയറി ലാബിന് FSSAI യുടെ അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## സംസ്ഥാനത്ത് വകുപ്പിൽ പ്രവർത്തിക്കുന്ന മറ്റ് ഓഫീസുകൾ

### എഫ്) ജില്ല ഓഫീസ്

ജില്ലാതല ക്ഷീരവികസന പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി സംസ്ഥാനത്ത് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ജില്ലാ ക്ഷീരവികസന ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു. ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയുള്ള ജില്ലാ ഓഫീസറാണ് ഇതിന്റെ ചുമതല വഹിക്കുന്നത്. സാങ്കേതിക കാര്യങ്ങളിൽ ജില്ലാ ഓഫീസറെ സഹായിക്കുന്നതിനായി ഒരു അസിസ്റ്റന്റ് ഡയറക്ടർ ടെക്നിക്കൽ അസിസ്റ്റന്റായി പ്രവർത്തിക്കുന്നു.

ഓരോ ജില്ലയിലും ഒരു അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിൽ പാൽ ഗുണനിയന്ത്രണ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. കൂടാതെ, ബ്ലോക്കുതലത്തിൽ ക്ഷീരവികസന ഓഫീസറുടെ കീഴിൽ ക്ഷീരവികസന യൂണിറ്റുകളും പ്രവർത്തിക്കുന്നു.

### ജി) ക്ഷീരവികസന യൂണിറ്റ് ഓഫീസ്

ക്ഷീരവികസന വകുപ്പിന്റെ ബ്ലോക്കുതലത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളാണ് ക്ഷീരവികസന യൂണിറ്റുകൾ. വകുപ്പിലെ പദ്ധതികൾ നടപ്പിലാക്കുന്നത് പ്രധാനമായും ക്ഷീരവികസന യൂണിറ്റുകൾ മുഖേനയാണ്. ക്ഷീരവികസന ഓഫീസിന്റെ പ്രവർത്തനപരിധി ശരാശരി ആറോ ഏഴോ ഗ്രാമപഞ്ചായത്തുകൾ ചേർന്ന ബ്ലോക്കു പഞ്ചായത്താണ്. മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും ക്ഷീരവികസന പ്രവർത്തനങ്ങൾ ക്ഷീര വികസന യൂണിറ്റുകളോ ജില്ലാ ഓഫീസുകൾ മുഖേനയോ ആണ് നടപ്പിലാക്കുന്നത്.

ക്ഷീരവികസന ഓഫീസുകളിൽ ഒരു ക്ഷീരവികസന ഓഫീസറും, രണ്ട് ഡെയറി ഫാം ഇൻസ്ട്രക്ടർമാരും പ്രവർത്തിക്കുന്നു. എല്ലാ ക്ഷീരവികസന പദ്ധതികളും ക്ഷീരസംഘങ്ങളുടെ സഹകരണത്തോടെ മേൽപറഞ്ഞ ഉദ്യോഗസ്ഥരാണ് നിർവ്വഹിക്കുന്നത്. ക്ഷീരവികസന പദ്ധതികളോടൊപ്പം ഗ്രാമപഞ്ചായത്തുകളുടെ വികസന പദ്ധതികൾ പ്രധാനമായും ഡെയറി ഫാം ഇൻസ്ട്രക്ടർമാരും, ബ്ലോക്കു പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾ ക്ഷീരവികസന ഓഫീസറും നിർവ്വഹിക്കുന്നു.

യൂണിറ്റ് ഓഫീസിന്റെ മറ്റൊരു പ്രധാന ചുമതലയാണ് ബ്ലോക്ക് പ്രദേശത്തെ ക്ഷീരസംഘങ്ങളുടെ ഭരണ നിർവ്വഹണം. ശരാശരി 30-ലധികം ക്ഷീരസംഘങ്ങൾ ഒരു ബ്ലോക്ക് പഞ്ചായത്തിലുണ്ടാവും. പുതിയ ക്ഷീരസംഘം രൂപീകരണം സംഘം പരിശോധന, സംഘം ഭരണസമിതി തെരഞ്ഞെടുപ്പ്, സംഘം പാർട്ട് ടൈം അഡ്മിനിസ്ട്രേഷൻ, ആഡിറ്റ് ന്യൂനതാ പരിഹരണം, പൊതുയോഗത്തിനാവശ്യമായ

നിർദ്ദേശം നൽകൽ തുടങ്ങി സ്റ്റാറ്റ്യൂട്ടറി അധികാരങ്ങൾ ഉൾപ്പെടെയുള്ള ഒട്ടേറെ ചുമതലകൾ നിർവ്വഹിക്കുന്നത് ക്ഷീരവികസന യൂണിറ്റുകളാണ്. സ്റ്റാറ്റ്യൂട്ടറി ജോലികളോടൊപ്പം വികസനപരമായ ഉത്തരവാദിത്തങ്ങളും നിർവ്വഹിച്ചുകൊണ്ട് ക്ഷീരവികസന യൂണിറ്റുകൾ ക്ഷീരവികസന വകുപ്പിന്റെ അടിസ്ഥാന ശിലയായി പ്രവർത്തിക്കുന്നു. ആയതിനാൽ ക്ഷീരവികസന യൂണിറ്റുകളെ ക്ഷീരവികസന നിർവ്വഹണ കേന്ദ്രങ്ങളായി നിർവ്വചിക്കാം. ഇതിനു പുറമേ ക്ഷീരകർഷക ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ക്ഷീരവികസന ഓഫീസർമാർ നിർവഹിക്കുന്നു. ക്ഷീരകർഷകർ സംഘം മുഖേന നൽകുന്ന ക്ഷേമനിധി അംഗത്വ അപേക്ഷ, പെൻഷൻ, കുടുംബ പെൻഷൻ മുതലായ ധനസഹായങ്ങളുടെ അപേക്ഷകൾ പരിശോധിച്ച് ന്യൂനതകൾ പരിഹരിച്ച് വ്യക്തമായ ശുപാർശ സഹിതം ക്ഷേമനിധിയുടെ ജില്ലാ നോഡൽ ഓഫീസറായ ക്വാളിറ്റി കൺട്രോൾ ഓഫീസർക്ക് നൽകേണ്ട ചുമതലയും ക്ഷീരവികസന ഓഫീസർ നിർവഹിക്കുന്നുണ്ട്. ഇതിനു പുറമേ ബ്ലോക്കിലെ സംഘങ്ങളെക്കൊണ്ട് എല്ലാ മാസവും അംശദായം, അംഗത്വം എന്നീ ഇനത്തിൽ ലഭിക്കേണ്ട തുക ബാങ്കിൽ അടപ്പിക്കേണ്ടതും, അംഗത്വ/അംശദായ റിപ്പോർട്ടുകൾ തയ്യാറാക്കി എല്ലാ മാസവും ക്വാളിറ്റി കൺട്രോൾ ഓഫീസർക്ക് നൽകേണ്ടതും ക്ഷീര വികസന യൂണിറ്റ് ഉദ്യോഗസ്ഥരാണ്.

## എച്ച്) ഗുണ നിയന്ത്രണ യൂണിറ്റുകൾ

ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫീസർമാരാണ് പാലിന്റെ ഗുണനിലവാരം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നത്. പൊതു വിപണിയിൽ ലഭ്യമാകുന്ന ഏതാണ്ട് എല്ലാ ബ്രാന്റുകളുടെയും സാമ്പിൾ ശേഖരിച്ച് ജില്ലാതലത്തിൽ പരിശോധന നടത്തുന്നു. ടി റിപ്പോർട്ടുകൾ ടെക്നിക്കൽ സെല്ലിൽ ക്രോഡീകരിച്ച് റിപ്പോർട്ട് വിലയിരുത്തിയതിനുശേഷം സർക്കാരിനും ഫുഡ് സേഫ്റ്റി കമ്മീഷണർക്കും മേൽ നടപടികൾക്കായി നൽകി വരുന്നു. 2018-19 വർഷം നടത്തിയ പരിശോധനകളുടെയും കർഷക ഭവനസന്ദർശനത്തിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു..

| പരിശോധിച്ച | എണ്ണം |
|---|---|
| ക്ഷീര വികസന യൂണിറ്റ് പരിശോധന | 334 |
| ക്ഷീരോത്പാദക സംഘം പരിശോധന | 785 |
| കർഷക ഭവന സന്ദർശനം | 797 |
| ക്വാളിറ്റി അവെയർനെസ്സ് പ്രോഗ്രാം | 214 |
| ബിഎംസി പരിശോധന | 356 |
| ക്യാറ്റിൽ ഇമ്പ്രൂവ്മെന്റ് പ്രോഗ്രാം | 14 |

തൻവർഷം 87544 പൊതു സാമ്പിളുകൾ പരിശോധിക്കുകയും ആയതിൽ 18626 സാമ്പിളുകൾ (21.2 ശതമാനം) നിശ്ചിത ഗുണനിലവാരം പുലർത്താത്ത സാമ്പിളുകളാണെന്ന് കണ്ടെത്തുകയും ചെയ്തു. ഗുണ നിലവാരം പുലർത്താത്ത പാൽ കൂടുതലും ക്ഷീര കർഷകർ സംഘത്തിൽ അളക്കുന്ന പാലാണ്. 84 പരമ്പരാഗത ക്ഷീര സംഘങ്ങളും 700 ആനന്ദ് മാതൃകാ ക്ഷീരസംഘങ്ങളും ഉൾപ്പെടെ 784 ക്ഷീരസംഘ ങ്ങളിൽ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സന്ദർശിച്ച് പാൽ പരിശോധന നടത്തുകയും ഗുണനിലവാരം മെച്ചപ്പെടുത്തുവാനും മെച്ചപ്പെട്ട വില ലഭ്യമാക്കുവാനും ആവശ്യമായ നിർദ്ദേശങ്ങൾ ക്ഷീരകർഷകർക്ക് നൽകുകയും ചെയ്തു.

1) ബി.എം.സി. പരിശോധന

ക്ഷീരവികസന വകുപ്പ് മുഖേനയോ മേഖലാ യൂണിയൻ മുഖാന്തിരമോ ക്ഷീരസംഘങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബൾക്ക് മിൽക്ക് കൂളറുകൾ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധിച്ച് ടെക്നിക്കൽ സെല്ലിൽ റിപ്പോർട്ട് സമർപ്പിക്കുന്നു. ടി റിപ്പോർട്ടുകൾ അവലോകനം നടത്തി പരിശോധന ഫലപ്രദമാക്കുവാൻ ടെക്നിക്കൽ സെല്ലിൽ നിന്നും നിർദ്ദേശം നൽകി വരുന്നു. ഓരോ ക്വാളിറ്റി കൺട്രോൾ ഓഫീസർമാരും എല്ലാ മാസവും കുറഞ്ഞത് 2 ബി.എം.സി.കൾ സന്ദർശിച്ച് റിപ്പോർട്ട് നൽകുന്നുണ്ട്. ബി.എം.സികളുടെ പ്രവർത്തനം മെച്ചപ്പെടുത്തതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതികൾ നടപ്പുവർഷം ഉൾക്കൊള്ളിച്ചിട്ടുണ്ട്.നടപ്പുവർഷം 360 ബി.എം.സികളിൽ പരിശോധന നടത്തിയിട്ടുണ്ട്. കൂടാതെ, 92 ക്ലസ്റ്റർ സംഘങ്ങളുടെ മീറ്റിംഗുകൾ സംഘടിപ്പിക്കുന്നതിനും പ്രാഥമിക ക്ഷീരസംഘങ്ങൾക്ക് ബി.എം.സികളെപ്പറ്റിയുള്ള പരാതികൾക്ക് പരിഹാരം കാണുന്നതിനും കഴിഞ്ഞു.

2)ക്ഷീരവികസന യൂണിറ്റ് പരിശോധന, കർഷക ഭവന സന്ദർശനം, സംഘം പരിശോധന, ക്വാളിറ്റി കൺട്രോൾ യൂണിറ്റ് പ്രോഗ്രസ്സ് റിപ്പോർട്ടുകൾ

ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫീസർമാരുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും ക്ഷീരവികസന യൂണിറ്റ് പരിശോധനാ റിപ്പോർട്ട്, കർഷക ഭവന സന്ദർശനം, ക്ഷീരസംഘ പരിശോധനാ റിപ്പോർട്ട്, ക്വാളിറ്റി കൺട്രോൾ ഓഫീസ് പ്രോഗ്രസ് റിപ്പോർട്ട് എന്നിവ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു.

3) ഓണക്കാല പാൽ പരിശോധന

പാലിന്റെ ഉപഭോഗം വർദ്ധിക്കുന്ന ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക് ഗുണമേന്മ ഉറപ്പാക്കി പാലും, പാലുല്പന്നങ്ങളും ലഭ്യമാക്കുന്നതിനുവേണ്ടി ഫുഡ് സേഫ്റ്റി

``

വകുപ്പുമായി സഹകരിച്ചു വാളയാർ, കുമളി, ആര്യങ്കാവ്, പാറശ്ശാല എന്നിടങ്ങളിൽ താല്ക്കാലിക ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് പാൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തുകയും എല്ലാ ജില്ലകളിലും പാൽ പരിശോധന ശക്തമാക്കുകയും ചെയ്തു. ഇതിനോടനുബന്ധിച്ച് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിച്ച് മേൽ കാലയളവിൽ പാൽ ഗുണനിലവാരം സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. പൊതുവിപണിയിൽ ലഭ്യമാകുന്ന എല്ലാ ബ്രാൻഡ് പാൽ സാമ്പിളുകളും ശേഖരിച്ച് പരിശോധിച്ച് ഗുണനിലവാരം ഇൻഫർമേഷൻ സെന്ററിൽ പ്രദർശിപ്പിക്കുന്നു. കൂടാതെ പൊതുജനങ്ങൾ കൊണ്ടുവരുന്ന പാൽ സാമ്പിളുകൾ സൗജന്യമായി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നു. ഉപഭോക്താക്കൾക്ക് ലഭിക്കുന്ന വിവിധയിനം പാൽ ബ്രാൻഡുകളെ സംബന്ധിച്ചും പാൽ ഉല്പന്നങ്ങളെ സംബന്ധിച്ചുമുള്ള സംശയങ്ങൾ ദൂരീകരിക്കുകയും പാൽ ഗുണമേന്മ സംബന്ധിച്ച ലഘുലേഖകൾ വിതരണം നടത്തുകയും ചെയ്തുവരുന്നു.

4) <u>**മാർക്കറ്റ് മിൽക്ക് പരിശോധനാഫലം**</u>

ജില്ലകളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫീസർമാരുടെ പ്രധാന ചുമതലകളിൽ ഒന്നാണ് മാർക്കറ്റ് മിൽക്ക് പരിശോധന. ഓരോ ജില്ലകളിലും പൊതുവിപണിയിൽ ലഭ്യമാകുന്ന എല്ലാ ബ്രാൻഡിൽപ്പെട്ട സാമ്പിളുകളും ശേഖരിച്ച ജില്ലാ ഗുണനിയന്ത്രണ ലാബിൽ പരിശോധന നടത്തി റിപ്പോർട്ട് മാസംതോറും സംസ്ഥാനതലത്തിൽ ലഭ്യമാക്കുന്നു. ടെക്നിക്കൽ സെൽ ടി റിപ്പോർട്ട് വിശകലനം നടത്തി ഗുണനിലവാരം കുറഞ്ഞതോ, മായം കലർന്ന സാമ്പിളുകളോ ഉണ്ടെങ്കിൽ ടി വിവരം സർക്കാരിലേയ്ക്കും ഫുഡ് സേഫ്റ്റി കമ്മീഷണർക്കും നൽകി വരുന്നു. ഉപഭോക്താക്കൾക്ക് ലഭിക്കുന്ന പാൽ ഗുണമേന്മ നിലനിറുത്തുവാൻ ഈ പ്രവർത്തനം വളരെയധികം സഹായിക്കുന്നു. 2018-19 വർഷം ആകെ 4234 മാർക്കറ്റ് സാമ്പിളുകൾ പരിശോധിച്ചു.

5) <u>**ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് ആക്ട് 2006 പരിശീലന പരിപാടികൾ**</u>

ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് ആക്ട് 2006 പ്രകാരം സംസ്ഥാനത്തെ എല്ലാ ക്ഷീര സംഘങ്ങളും രെജിസ്ട്രേഷൻ അഥവാ ലൈസൻസ് സമ്പാദിക്കുകയും യഥാസമയം പുതുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചു. കൂടാതെ 201-19 വർഷം 1000 പേർക്ക് ഫുഡ് സേഫ്റ്റി പരിശീലനം നൽകുന്നതിനും ആയതിനു ആവശ്യമായ കൈപ്പുസ്തകം ഡയറക്ടറേറ്റിൽ നിന്നും ലഭ്യമാക്കുവാനും കഴിഞ്ഞു.

``

6) <u>പാൽ ഗുണ നിലവാരം പാൽ വില സംബന്ധിച്ച പരാതി</u>

പാൽ ഗുണ നിലവാരം പാൽ വില എന്നിവ സംബന്ധിച്ച സർക്കാർ തലത്തിലും വകുപ്പ് തലത്തിലും ലഭിക്കുന്ന പരാതികൾ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ മുഖേന അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നു.റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിഹാര നടപടി സ്വീകരിച്ച് ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ടെക്നിക്കൽ സെൽ നടപടികൾ സ്വീകരിച്ച് വരുന്നു. 2018-19 വർഷം ശരാശരി പരാതികൾ കൈകാര്യം ചെയ്യുകയും ഉചിതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

7) <u>പ്രത്യേക പാൽ ഗുണ നിലവാര പരിശോധന</u>

2018-19 വർഷം ജില്ലാ ഗുണനിയന്ത്രണ വിഭാഗത്തിന്റെ സാധാരണയുള്ള പാൽ ഗുണനിലവാര പരിശോധനക്ക് പുറമെ ഓഗസ്റ്റ് മുതൽ ഒക്ടോബര് വരെയുള്ള മാസക്കാലം പാൽ ഗുണമേന്മ വർധിപ്പിക്കുന്നതിനായി തീവ്ര പാൽ ഗുണനിലവാര പരിശോധന യജ്ഞഎം  സംഘടിപ്പിക്കുകയുണ്ടായി പാലിൽ അടങ്ങിയിരിക്കുന്ന മൊത്തം ഖര പദാർത്ഥങ്ങളുടെ അളവ് % വർധിപ്പിക്കുന്നതിനും സൂക്ഷിപ്പ്മേന്മ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് ഇതു സംഘടിപ്പിച്ചത്. ഇതിന്റെ ഭാഗമായി പ്രത്യേക പാൽ ഗുണനിലവാര പരിശോധനകൾ സംഘടിപ്പിക്കുകയുണ്ടായി. ഈ പരിപാടിയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന്  കഴിഞ്ഞിട്ടുണ്ട്

8) <u>നിലവിലുള്ള ലബോറട്ടറികളുടെ ആധുനികവൽക്കരണം</u>

ക്ഷീര വികസന വകുപ്പിൽ എല്ലാ ജില്ലകളിലും ക്വാളിറ്റി കണ്ട്രോൾ ഓഫീസറുടെ കീഴിൽ പ്രവർത്തിക്കുന്ന ലബോറട്ടറികളുടെ നിലവാരം ഉയർത്തുന്നതിനും സ്റ്റേറ്റ് ഡയറി ലാബിന്റെ എൻ എ ബി എൽ അക്രെഡിഷൻ നിലനിറുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് വർഷത്തിൽ സ്റ്റേറ്റ് ഡയറി ലാബ് മുഖേന **<u>പരിശോധന നടത്തിയ സാമ്പിളുകളുടെ വിവരം ചുവടെ ചേർക്കുന്നു</u>**

| ഇനം | സാമ്പിളുകളുടെ എണ്ണം |
|---|---|
| മിൽക്ക് & മിൽക്ക് പ്രൊഡക്ടസ് | 115 |
| ക്യാറ്റിൽ ഫീഡ് | 177 |
| വെള്ളം | 198 |
| കാലിബ്രേഷൻനടത്തിയ ഉപകരണങ്ങളുടെ എണ്ണം | 1579 |
| **ആകെ** | 2069 |

``

i)ഫാം ലെവൽ ശുചീകരണ പദ്ധതി

പാലിന്റെ ശുചിത്വം ഉറവിടങ്ങളിൽ തന്നെ ഉറപ്പാക്കുന്നതിന് ഭാഗമായി ക്ഷീര കർഷകരുടെ ഫാമുകളിൽ ശുചിത്വ നിലവാരം ഉയർത്തുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു

j) ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം

ക്ഷീരസഹകരണ സംഘങ്ങളിൽ കൈകാര്യം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം സംരക്ഷിക്കുന്നതിനായി സംഘങ്ങളിൽ ആവശ്യമായ പ്രവർത്തികൾ ചെയ്യുന്നതിനും ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു.

k) റീജിയണൽ ലാബുകൾക്കുള്ള ധനസഹായം

കോട്ടയം റീജിയണൽ ലാബിന്റെ വികസന പ്രവർത്തനങ്ങൾക്കായി 1052843 രൂപയും കാസർഗോഡ് റീജിയണൽ ലാബിന്റെ വികസന പ്രവർത്തങ്ങൾക്കായി 392313 രൂപയും ചിലവഴിച്ചു. ടി ലാബുകളിൽ പാൽ പരിശോധന പ്രവർത്തങ്ങൾ ആരംഭിച്ചുക്വാളിറ്റി കണ്ട്രോൾ ലാബുകളുടെ സ്റ്റ്രെങ്ത്എനിങ് ഓഫ് ക്വാളിറ്റി കണ്ട്രോൾ ആക്റ്റിവിറ്റീസ് എന്ന ശീർഷകത്തിൽ തസ്നി പറയും പ്രകാരം തുക ചിലവഴിക്കുവാൻ 2018-19 സാമ്പത്തിക വർഷം സാധിച്ചിട്ടുണ്ട്

| ക്രമ നം | ഇനം | തുക (ലക്ഷത്തിൽ ) |
|---|---|---|
| 1 | ഓണക്കാല പാൽ പരിശോധന താത്കാലിക ചെക് പോസ്റ്റ് സംവിധാനം | 7 |
| 2 | സ്പെഷ്യൽ ക്വാളിറ്റി അവെൻസ് പ്രോഗ്രാം | 33 |
| 3 | സ്റ്റേറ്റ് ഡയറി ലാബ് ആധുനികവൽക്കരണം, സർട്ടിഫിക്കേഷൻ അക്രെഡിറ്റേഷൻ തുടർ ചിലവുകൾ | 70 |
| 4 | പാൽ പരിശോധന സ്ഥിരം ചെക് പോസ്റ്റ് പ്രവർത്തനം | 50 |
| 5 | ഭക്ഷ്യസുരക്ഷാ ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ | 15 |
| 6 | ഫാം ലെവൽ ശുചിത്വം- സംരക്ഷണ പ്രവർത്തനങ്ങൾ | 37.5 |
| 7 | ക്ഷീര സംഘങ്ങൾക്ക് പാൽ ഗുണമേന്മ വർധിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം | 13.125 |
| 8 | ക്ഷീര സംഘങ്ങൾക്ക് പരിശോധന ഉപകരണങ്ങൾ | 33 |

``

| | | |
|---|---|---|
| | വാങ്ങുന്നതിനുള്ള സഹായം | |
| 9 | കോട്ടയം ആലത്തൂർ കാസർഗോഡ് റീജിയണൽ ലാബുകളുടെ ശാക്തീകരണം | 20 |
| 10 | ജില്ലാ ക്വാളിറ്റി കണ്ട്രോൾ ഓഫീസുകൾ മൊബൈൽ ക്വാളിറ്റി കണ്ട്രോൾ ലാബുകൾ, അടിസ്ഥാന സൗകര്യ വികസനം | 84 |
| 11 | സ്റ്റേറ്റ് ഡയറി ലാബ് വിപുലീകരണം- മൂനാം ഘട്ട വികസനം | 140 |
| 12 | ഡോക്യുമെന്റഷന് ചാർജ്ജെജസ് | 1..375 |
| | ആകെ | 504 |

l) ചെക് പോസ്റ്റുകളുടെ പ്രവർത്തനം

ആര്യങ്കാവ് (കൊല്ലം), മീനാക്ഷിപുരം (പാലക്കാട്) എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന ചെക് പോസ്റ്റിന്റെ ഏകോപന പ്രവർത്തങ്ങളും ജീവനക്കാരുടെ ഡ്യൂട്ടി ഷെഡ്യൂൾ ക്രമീകരിക്കുന്നതും ടെക്നിക്കൽ സെൽ മുഖേനെയാണ്. 2018-19 ൽ മീനാക്ഷിപുരം ചെക് പോസ്റ്റ് വഴി 1164.74 ലക്ഷം ലിറ്റർ പാലും ആര്യങ്കാവ് ചെക് പോസ്റ്റ് വഴി 384.43 ലക്ഷം ലിറ്റർ പാലും വിപണത്തിനായി വിവിധ ഏജൻസികൾ കൊണ്ടുവന്നതിൽ യഥാക്രമം 50294 പാൽ സാമ്പിളും 8156 പാൽ സാമ്പിളും പരിശോധിച്ചിട്ടുണ്ട്. ആര്യങ്കാവ് ചെക് പോസ്റ്റിന്റെ പ്രവർത്തനം 2018 ഓഗസ്റ്റ് മാസത്തിലാണ് ആരംഭിച്ചത്.

m)കേരള നിയമസഭ

കേരള നിയമസഭയുടെ സമ്മേളനവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കു ഉത്തരം ബന്ധപ്പെട്ട എല്ലാ സെക്ഷനുകളിൽ നിന്നും ശേഖരിക്കുകയും പ്ലാനുമായി ബന്ധപ്പെട്ട ചോദ്യങ്ങളുടെ ഉത്തരം തയാറാക്കുന്നവ ഉൾപ്പെടെ എല്ലാ പ്രവർത്തങ്ങളും കോർഡിനേറ്റ ചെയ്യുന്നതും ടെക്നിക്കൽ സെല്ലിന്റെ ചുമതലയാണ്

n) കാലിത്തീറ്റ കരട് നിയമം

കേരള ലൈവ് സ്റ്റോക് & മിനറൽ മിക്സ്ചർ ആക്റ്റിന്റെ കരട് തയാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുവാൻ ടെക്നിക്കൽ സെല്ലിന് സാധിച്ചിട്ടുണ്ട്

``

## ഠ)മറ്റു പ്രവർത്തങ്ങൾ

ടെക്നിക്കൽ സെൽ ഉദോഗസ്ഥർ തന്നെയാണ് നിലവിൽ IT സംബന്ധമായ കർത്തവ്യങ്ങൾ അധിക ചുമതലയായി നിർവഹിച്ചു വരുന്നത് ബയോമെടിക് അറ്റെൻഡൻസ് ഇ-ഓഫീസ്, ക്ഷീര സംഘങ്ങൾക്കുള്ള യൂണിഫൈഡ് സോഫ്റ്റ്‌വെയർ വെബ്‌സൈറ്റ് അപ്ഗ്രഡേഷൻ ജം പോർട്ടൽ അപ്ഗ്രഡേഷൻ സർക്കാർ മെയിൽ ഐ ഡി തുടങ്ങിയ IT സംബന്ധമായ എല്ലാ ജോലികളും ടെക്നിക്കൽ സെൽ ആണ് നിർവഹിക്കുന്നത്

## ഐ) ക്ഷീരപരിശീലനകേന്ദ്രങ്ങൾ

വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 5 ക്ഷീരപരിശീലനകേന്ദ്രങ്ങൾ, പട്ടണക്കാട് ക്ഷീരോല്പന്ന പരിശീലനകേന്ദ്രം എന്നിവ മുഖേന ക്ഷീരകർഷകർക്കും ക്ഷീരസംഘം ജീവനക്കാർക്കും വേണ്ടി വിവിധ പരിശീലന പരിപാടികൾ നടത്തി വരുന്നു. തൻവർഷം 11918 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിനു പുറമേ വി.എച്ച്.എസ്.സി വിദ്യാർത്ഥികൾ, വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ വകുപ്പ് തല ഉദ്യോഗസ്ഥർ എന്നിവർക്കും വിവിധ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്.

## പരിശീലനപരിപാടികൾ

1. **ക്ഷീരകർഷക പരിശീലനം**

   ശാസ്ത്രീയമായ പശുപരിപാലനത്തിന്റെ ഭാഗമായി വിവിധയിനം കറവപ്പശുക്കളെ തെരഞ്ഞെടുക്കൽ, അവയുടെ പരിപാലനം, കൂടുതൽ പാലുല്പാദനത്തിനു വേണ്ടിയുള്ള നല്ലയിനം പശുക്കളുടെ പ്രജനനകാര്യങ്ങൾ, കന്നുകാലികളെ ബാധിക്കുന്ന രോഗങ്ങളും, രോഗനിവാരണങ്ങളും എന്നീ വിഷയങ്ങളിൽ 6 ദിവസത്തെ പരിശീലനം നടത്തിവരുന്നു.

2. **ക്ഷീരോല്പന്ന നിർമ്മാണം**

   മികച്ച പാലുല്പന്നങ്ങളായ ചോക്കലേറ്റ്, പേഡ, മിൽക്ക് ഹൽവ, പനീർ, തൈര്, ഐസ്ക്രീം തുടങ്ങിയ മുപ്പതിൽപ്പരം ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനവും ഈ കേന്ദ്രങ്ങൾ വഴി നൽകിവരുന്നു. ഈ പരിശീലനപരിപാടികൾക്ക് വീട്ടമ്മമാരും, തൊഴിൽരഹിതരായ യുവതീയുവാക്കളും പങ്കെടുക്കാറുണ്ട്. കൂടാതെ, ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകൾ അവരുടെ ഗുണഭോക്താക്കളെ 10 ദിവസത്തെ പരിശീലനത്തിന് അയയ്ക്കാറുണ്ട്.

3. **തീറ്റപ്പുൽക്കൃഷി**

പാലുല്പാദനം വർദ്ധിപ്പിക്കാൻ കുറഞ്ഞ ചെലവിൽ ലഭിക്കാവുന്ന നല്ലയിനം തീറ്റപ്പുല്ലിനെക്കുറിച്ചും അവയുടെ കൃഷിരീതിയെക്കുറിച്ചും, തീറ്റപ്പുല്ലിന്റെ സംസ്കരണത്തെക്കുറിച്ചും ക്ഷീരകർഷകർക്ക് 2 ദിവസത്തെ പരിശീലനം നൽകിവരുന്നു.

4. **ശുദ്ധമായ പാലുല്പാദനം**

സംസ്ഥാനത്തെ പാൽ ഉപഭോക്താക്കളുടെ ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി ശുദ്ധമായ പാലുല്പാദനത്തെക്കുറിച്ചുള്ള ഒരു അവബോധം ക്ഷീരകർഷകരിൽ ഉണ്ടായിരിക്കേണ്ടതാണ്. ആയതിനാൽ പാലിന്റെ രാസപരമായും, അനുബന്ധകാര്യങ്ങളെക്കുറിച്ചുള്ള അറിവും, പാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അതുവഴി പാലിന് കൂടുതൽ വില ലഭിക്കുന്നതിനും 2 ദിവസത്തെ പരിശീലനത്തിലൂടെ ക്ഷീരകർഷകന് സാധിക്കുന്നു.

5. **ക്ഷീരസഹകരണസംഘം ജീവനക്കാർക്കുള്ള പരിശീലനം**

ക്ഷീരസഹകരണസംഘം സെക്രട്ടറിമാർ സഹകരണസംഘങ്ങളിലെ ടെസ്റ്റർ/ ലാബ് അസിസ്റ്റന്റ്, സംഘം ഭരണസമിതി അംഗങ്ങൾ എന്നിവർക്കും ബന്ധപ്പെട്ട വിഷയങ്ങളിൽ ഈ കേന്ദ്രങ്ങളിൽ വച്ച് രണ്ടോ മൂന്നോ ദിവസങ്ങളിലായി പരിശീലനം നടത്തി വരുന്നു.

## ജെ) സ്റ്റേറ്റ് ഫോഡർ ഫാം, വലിയതുറ, തിരുവനന്തപുരം

ക്ഷീരകർഷകന് കുറഞ്ഞ നിരക്കിൽ തീറ്റപ്പുല്ല് ലഭ്യമാക്കുക, തിരുവനന്തപുരം പട്ടണത്തിലെ മലിനജലം ശാസ്ത്രീയമായി ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ വകുപ്പിന്റെ കീഴിൽ 1962-ൽ ആരംഭിച്ച സ്ഥാപനമാണ് സ്റ്റേറ്റ് ഫോഡർ ഫാം. പല പാരിസ്ഥിതിക പ്രശ്നങ്ങളും സൃഷ്ടിക്കാവുന്ന, നഗരത്തിലെ മലിനജലം പ്രയോജനപ്പെടുത്തി ശാസ്ത്രീയമായ രീതിയിൽ നല്ലയിനം തീറ്റപ്പുല്ല് ഇവിടെ കൃഷി ചെയ്ത് വരുന്നു.

തിരുവനന്തപുരം പട്ടണത്തിലെ ഡ്രെയിനേജ് വെള്ളം വന്നടിയുന്ന ഈ പ്രദേശം വകുപ്പ് ശാസ്ത്രീയമായ രീതിയിൽ പുൽകൃഷി ചെയ്യുന്ന ഒരു പ്രദേശമായി മാറ്റുകയും, അതുവഴി തിരുവനന്തപുരം സിറ്റിയിലെ ഡ്രെയിനേജ് സംവിധാനത്തെ സുഗമമാക്കുകയും പട്ടണത്തിലെ മൃഗശാല, കുടപ്പനക്കുന്ന് ഫാം, ക്ഷീരകർഷകരുടെ ഫാമുകൾ, ക്ഷീരസംഘങ്ങൾ, പട്ടണത്തിനോടടുത്ത പ്രദേശങ്ങളിലെ കർഷകർ എന്നിവർക്ക് തങ്ങളുടെ മൃഗങ്ങൾക്കാവശ്യമായ പച്ചപ്പുല്ല് വിതരണം ചെയ്യുകയും പുല്ലിന്റെ നടീൽ വസ്തുക്കൾ ലഭ്യമാക്കുകയും ചെയ്യു. കൃഷി ചെയ്യുന്ന തീറ്റപ്പുല്ല് കർഷകർക്ക് നേരിട്ടും, ഡെയറി ഫാം, ക്ഷീരസഹകരണസംഘങ്ങൾ എന്നിവ വഴിയും വിറ്റഴിക്കുന്നു. കൂടാതെ, ക്ഷീരകർഷകർക്ക് തീറ്റപ്പുൽക്കൃഷി ചെയ്യുന്നതിന് ഇവിടെ നിന്നും

നാമമാത്രമായ നിരക്കിൽ പുൽക്കടകളും വിതരണം ചെയ്തു വരുന്നു. ഡെപ്യൂട്ടി ഡയറക്ടർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥൻ ഫാം സൂപ്രണ്ടായി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു. ഫാമിൽ സ്ഥിരം തൊഴിലാളികളും താത്കാലിക തൊഴിലാളികളും ഓളം മറ്റു ജീവനക്കാരും ജോലി ചെയ്തു വരുന്നു.

സ്റ്റേറ്റ് ഫോഡർ ഫാമിൽ സങ്കരയിനത്തിൽപ്പെട്ട വിവിധയിനം പുല്ലിനങ്ങൾ, അസോള, അഗത്തി, മുരിങ്ങ, പീലിവാക തുടങ്ങിയവ കൃഷി ചെയ്യുന്നു. വിദ്യാർത്ഥികൾക്കും ക്ഷീരകർഷകർക്കും വിജ്ഞാനപ്രദമാക്കുന്നതിന് ഫാമിൽ പ്രദർശനത്തോട്ടത്തിൽ ഇവ സജ്ജീകരിച്ചിട്ടുണ്ട്. ക്ഷീരകർഷകർക്കും ഉദ്യോഗസ്ഥർക്കും പുതിയ സംരംഭകർക്കും തീറ്റപ്പുൽകൃഷി, ഹൈഡ്രോപോണിക് കൃഷി, അസോള കൃഷി എന്നിവയിൽ പരിശീലനം നൽകുന്നതിനായി തീറ്റപ്പുൽകൃഷി വികസന പ്രായോഗിക പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നുണ്ട്.

ജില്ലയിലെ വിവിധ ഭാഗങ്ങളിലുള്ള ക്ഷീരകർഷകർക്ക് തീറ്റച്ചെലവ് കുറയ്ക്കുന്നതിനും കാലിവളർത്തൽ ലാഭകരമാക്കുന്നതിനും ഫാമിന്റെ പ്രവർത്തനം വളരെയധികം സഹായകരമാണ്.

**കെ) കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്**

ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീരകർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും 60 വയസ്സ് തികഞ്ഞവരും നിശ്ചിത യോഗ്യതയുള്ളവരുമായ ക്ഷീരകർഷകർക്ക് കുടുംബ പെൻഷൻ നൽകുന്നതിനും വേണ്ടി ബഹു. സർക്കാരിന്റെ 2005 ആഗസ്റ്റ് 24-ാം തീയതിയിലെ 16250/ലെഗ്.യൂണി.3/2005/ നിയമം – നമ്പർ ഓർഡിനൻസ് പ്രകാരം കേരള ക്ഷീരകർഷക ക്ഷേമനിധി നിലവിൽ വന്നു. ക്ഷീരകർഷകർക്ക് സാമൂഹിക സാമ്പത്തിക ഉന്നമനം ഉറപ്പാക്കുക, പാലുല്പാദന രംഗത്ത് സ്വയം പര്യാപ്തത നേടുക, സഹകരണ മേഖല ശക്തിപ്പെടുത്തുക, കൂടുതൽ യുവജനങ്ങളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നീ ലക്ഷ്യത്തോടുകൂടിയാണ് ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായി ഇപ്രകാരം ഒരു ക്ഷേമ പദ്ധതിയ്ക്ക് തുടക്കമിട്ടത്. 2007 ഏപ്രിൽ 13-ലെ 6173/ലെഗ്.യൂണി.1/07/നിയമം – നമ്പർ വിജ്ഞാപന പ്രകാരം കേരള ക്ഷീരകർഷക ക്ഷേമനിധി നിയമം നിലവിൽ വന്നു. ടി നിയമത്തിലെ ചില വകുപ്പുകളിൽ 2009 ഡിസംബർ 16-ലെ 12317/ലെഗ്.യൂണി.1/09/നിയമം (വിജ്ഞാപനം) ഓർഡിനൻസ്, 2010 ഏപ്രിൽ 7-ലെ 4559/യൂണി.1/2010/നിയമം, 2013 മാർച്ച് 8-ലെ 391/ലെഗ്.ഐ2/ 13/ നിയമം- വിജ്ഞാപനം എന്നിവ പ്രകാരം ചില ഭേദഗതികളും നിലവിൽ വന്നു. വിവര സാങ്കേതിക വിദ്യ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട്

ക്ഷീരകർഷക ക്ഷേമനിധി പ്രവർത്തനങ്ങൾ 2017 ആഗസ്റ്റ് മാസത്തോടുകൂടി സമ്പൂർണ്ണമായും ആട്ടോമേഷൻ നടത്തിയിട്ടുണ്ട്

ക്ഷീരകർഷകൻ അപേക്ഷ സമർപ്പിക്കുന്നത് മുതൽ ധനസഹായം ലഭിക്കുന്നതു വരെയുള്ള പ്രവർത്തനങ്ങൾ ക്ഷീരജാലകം എന്ന ഒരു സോഫ്റ്റ്വെയറിലൂടെ പ്രാവർത്തികമാക്കിയിരിക്കുന്നു. ഓരോ കർഷകനും ഓഫീസുകൾ കയറിയിറങ്ങാതെ സ്വന്തം കമ്പ്യൂട്ടർ വഴിയോ അക്ഷയ സെന്റർ/ ക്ഷീരസഹകരണ സംഘം/ ക്ഷീരവികസന യൂണിറ്റ് എന്നീ സ്ഥാപനങ്ങൾ വഴിയോ ക്ഷീരജാലകം സോഫ്റ്റ്വെയർ ഉപയോഗപ്പെടുത്തി വിവരങ്ങൾ ലഭ്യമാക്കുന്നു. ഒരു മൗസ് ക്ലിക്കിലൂടെ കർഷകന് തന്റെ സ്ഥിതി വിവരം അറിയിക്കുന്നതിനും കഴിയുന്നു. കൂടാതെ, ക്ഷീരസചേതന എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് ബയോമെട്രിക് സംവിധാനത്തിലൂടെ ലൈഫ് സർട്ടിഫിക്കറ്റ് അയയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. വേഗത, സുതാര്യത, കാര്യക്ഷമത എന്നതാണ് ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ മുഖമുദ്ര. www.kdfwf.org എന്ന വെബ്സൈറ്റിലൂടെയും Helpline ലൂടെയും ദിനംപ്രതി വിവരങ്ങൾ അറിയിക്കുന്നതിനും സൗകര്യമുണ്ട്.

കേരള ക്ഷീരകർഷക ക്ഷേമനിധി നിയമം വകുപ്പ് 8 പ്രകാരം നിധിയിൽ നിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും അവ നിർവ്വഹിക്കുന്നതിനുമായി കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുള്ളത്. ബോർഡിന്റെ ഘടന താഴെപ്പറയും പ്രകാരമാണ്.

എ) മൂന്ന് മേഖലാ ക്ഷീരസഹകരണ യൂണിയനുകളുടെ ഭരണസമിതിയിൽ നിന്നും ക്ഷീരകർഷകരെ പ്രതിനിധീകരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഓരോ ആൾ വീതം

ബി) പരമ്പരാഗത പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളുടെ പ്രസിഡന്റുമാർക്കിടയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നുപേർ

സി) ക്ഷീരവികസന വകുപ്പിലെ ഡയറക്ടർ

ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സർക്കാരിനെ പ്രതിനിധീകരിക്കുന്ന മൂന്നുപേർ

ഇ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (എക്സ് ഒഫീഷ്യോ)

എഫ്) മിൽമ ചെയർമാൻ എന്നിവരാണ് ബോർഡംഗങ്ങൾ

ബോർഡിലെ ഡയറക്ടർമാരിൽ നിന്നും ഒരാളെ അതിന്റെ ചെയർമാനായി സർക്കാർ നിയമിക്കുന്നതാണ്. ക്ഷേമനിധി നിയമം 8 ഉപവകുപ്പ് 3 പ്രകാരം നിയമിക്കപ്പെട്ട ഒരു ഭരണസമിതിയംഗം ചാർജ്ജെടുത്ത തീയതി മുതൽ മൂന്ന് വർഷം ഉദ്യോഗം വഹിക്കേണ്ടതാണ്. നിലവിലുള്ള ബോർഡിൽ 12 അംഗങ്ങളാണുള്ളത്. ശ്രീ.അഡ്വ.എൻ.രാജൻ (Ex.MLA) ആണ് ഇപ്പോഴത്തെ ചെയർമാൻ.

``

## ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ പേരും, മേൽവിലാസം, ഫോൺ നമ്പരും

(സ.ഉ.(അച്ചടി) നമ്പർ 1/2017/ഡി.ഡി. തീയതി: 03-04-2017
സ.ഉ.(അച്ചടി) നമ്പർ 4/2017/ഡി.ഡി തീയതി: 18-12-2017.)

| ക്രമ നം. | പേര് | മേൽവിലാസം | ഫോൺ നമ്പർ |
|---|---|---|---|
| 1 | ശ്രീ.അഡ്വ.എൻ.രാജൻ (കേരള കർഷക ക്ഷേമനിധി ബോർഡ്) | ലാൽ ഭവൻ, കിളിമാന്നൂർ.പി.ഒ, തിരുവനന്തപുരം | 9447102202 |
| 2 | ശ്രീ.പി.റ്റി.ഗോപാലക്കുറുപ്പ് (ചെയർമാൻ, കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ) 2018 ഡിസംബർ വരെ | മിൽമ ഭവൻ, പട്ടം പാലസ്.പി.ഒ, തിരുവനന്തപുരം | 9447047264<br>2555993-0471 |
| | ശ്രീ ബാലൻ മാസ്റ്റർ പി എ (ചെയർമാൻ, കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ) 2019 ജനുവരി മുതൽ | മിൽമ ഭവൻ, പട്ടം പാലസ്.പി.ഒ, തിരുവനന്തപുരം | 0471-2555993 |
| 3 | ശ്രീ. ജോൺ തെരുവത്ത് | തെരുവത്ത് ഹൗസ് ഏനാനെല്ലൂർ.പി.ഒ, കാലാമ്പൂർ, മൂവാറ്റുപുഴ – 686 673 എറണാകുളം | 9447194787 |
| 4 | ശ്രീ.കെ.ശശീന്ദ്രൻ | പ്രസിഡന്റ്, പേരാവൂർ മിൽക്ക് സൊസൈറ്റി, ശാരദാ നിവാസ്, മുരിങ്ങോടി, മുരിങ്ങോടി.പി.ഒ, പേരാവൂർ, കണ്ണൂർ | 9447394282 |
| 5 | ശ്രീ.ഹരീന്ദ്രൻ.പി.എം. | കടത്തനാട്ടു ക്ഷീരവ്യവസായ സഹകരണ സംഘം, പി.എം.എച്ച്. ട്രേഡേഴ്സ്, ഗവ.ഹോസ്പിറ്റൽ റോഡ്, നട്ട് സ്ട്രീറ്റ്, വടകര, കോഴിക്കോട് – 673 104 | 9447080771 |
| 6 | ശ്രീ.ബി. ഷാജഹാൻ | പ്രസിഡന്റ്, കുന്നിക്കോട് ക്ഷീരോല്പാദക സഹകരണ സംഘം ഷാ നിവാസ്, കുന്നിക്കോട്, കൊല്ലം | 9447281423 |

``

| | | | |
|---|---|---|---|
| 7 | ശ്രീ.മുണ്ടപ്പള്ളി തോമസ് | ലെനിൻ ഭവൻ, പാറക്കൂട്ടം.പി.ഒ, അടൂർ, പത്തനംതിട്ട | 9446285919 |
| 8 | ശ്രീ.പി.എസ്.വിശ്വംഭരൻ | പുളിക്കൽ വീട്, ചീയമ്പം.പി.ഒ, 56 ചെറിയ കുരിശ്, പുൽപ്പള്ളി, വയനാട് | 9495306802 |
| 9 | ശ്രീ.അയ്യപ്പൻ നായർ | ദ്വാരക, കാരോട്.പി.ഒ, ഉച്ചക്കട വഴി, തിരുവനന്തപുരം-695 506 | 9446811335 |
| 10 | ശ്രീ. കുഞ്ഞായിൻ | പുത്തൻ പുരയിൽ ഹൗസ്, കൂടത്തായി ബസ്സാർ, താമരശ്ശേരി, കോഴിക്കോട് | 9447415920 |
| 11 | ശ്രീ.എബ്രഹാം.റ്റി.ജോസഫ്, ക്ഷീരവികസന വകുപ്പ് (ഡയറക്ടർ) | പട്ടം പാലസ്.പി.ഒ, തിരുവനന്തപുരം | 9447477799 |
| 12 | ശ്രീമതി. എസ്.ഗീത (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ) 24.09.2018 വരെ | കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്, തുമ്പുങ്കൽ, മനോജ് മന്ദിർ, റ്റി.സി.11/20, പി.എം.ജി, പട്ടം പാലസ്.പി.ഒ, തിരുവനന്തപുരം – 4 | 9446373671 |
| | ശ്രീ ജോസ് ഇമ്മാനുവേൽ (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ) 25.09.2018 മുതൽ | കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്, തുമ്പുങ്കൽ, മനോജ് മന്ദിർ, റ്റി.സി.11/20, പി.എം.ജി, പട്ടം പാലസ്.പി.ഒ, തിരുവനന്തപുരം – 4 | 9446373671 |

ക്ഷേമനിധി ബോർഡിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ കാര്യനിർവ്വഹണം പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ നടപ്പിലാക്കേണ്ട ചുമതലയാണ് ക്ഷേമനിധി ബോർഡിനുള്ളത്.

## ഓഫീസ് ഘടന

ക്ഷേമനിധിയുടെ പ്രവർത്തനങ്ങളെല്ലാം നടത്തുന്നത് ക്ഷേമനിധി ചട്ടം 21 പ്രകാരം ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിച്ചാണ്. ക്ഷീരവികസന വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലുള്ള ഗുണനിയന്ത്രണ ഓഫീസർമാർ ക്ഷീരകർഷക ക്ഷേമനിധിയുടെ ജില്ലാ നോഡൽ ഓഫീസർമാരായി പ്രവർത്തിച്ചുവരുന്നു. ഇപ്രകാരം 14 ജില്ലാ നോഡൽ ഓഫീസർമാരുടെയും, ഡെയറിഫാം ഇൻസ്ട്രക്ടർമാരുടെയും ക്ഷീരവികസന വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥന്മാരുടെയും സേവനം ക്ഷേമനിധി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു.

ഹെഡ് ഓഫീസിന്റെ പ്രവർത്തനത്തിനായി നിയമിച്ചിട്ടുള്ള ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ജോയിന്റ് ഡയറക്ടർ | - | 1 | (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്നു) |
| | - | | |
| ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | - | 1 | സ്പെഷ്യൽ ഡ്യൂട്ടി വ്യവസ്ഥയിൽ ജോലി നോക്കുന്നു |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | - | 5 | |

കൂടാതെ ചെയർമാന്റെ ഔദ്യോഗിക വാഹനം, ക്ഷേമനിധിയുടെ ഔദ്യോഗിക വാഹനം എന്നിവ കൈകാര്യം ചെയ്യുന്നതിന് 2 ഡ്രൈവർമാരെയും, ഹെഡ് ഓഫീസിന്റെ പ്രവർത്തനത്തിനായി 2 കമ്പ്യൂട്ടർ പ്രോഗ്രാമർമാരുടെയും 7 ക്ഷീരജാലകം പ്രൊമോട്ടർമാരുടെയും, 1 താല്ക്കാലിക ക്ലാർക്ക്, 1 ഓഫീസ് അറ്റൻഡറും 1 പാർട്ട് ടൈം സ്വീപ്പർ, 14 ജില്ലാ ഓഫീസുകളിലായി 25 ക്ഷീരജാലകം പ്രൊമോട്ടർമാർ എന്നിവരെയും നിയോഗിച്ചിട്ടുണ്ട്.

ഡയറക്ടർ തലത്തിൽ ക്ഷീരവികസന വകുപ്പിന്റെയും ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ (എക്സ്റ്റൻഷൻ)-നെ സംസ്ഥാന നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിരിക്കുന്നു. സർക്കാർ തലത്തിലുള്ള ലെയ്സൺ ജോലികൾ ഇദ്ദേഹമാണ് നിർവ്വഹിക്കുന്നത്.

**ക്ഷേമനിധി ബോർഡിന്റെ ധനാഗമ മാർഗ്ഗം**

ക്ഷീരകർഷക ക്ഷേമനിധി നിയമം വകുപ്പ് 7 അനുസരിച്ച് പ്രാഥമിക ക്ഷീരസംഘത്തിൽ പാലളക്കുന്ന ഓരോ ക്ഷീരകർഷകനും പ്രതിമാസം 20 രൂപ, ഓരോ സംഘവും സംഭരിച്ച് പ്രാദേശിക വിപണനം നടത്തുന്ന ഓരോ ലിറ്റർ പാലിനും 12 പൈസ, സംഘം മിൽമയ്ക്കോ മേഖലാ യൂണിയനോ നൽകുന്ന ഓരോ ലിറ്റർ പാലിനും 5 പൈസ, മിൽമയോ മേഖലാ യൂണിയനോ വിൽപ്പന നടത്തുന്ന ഓരോ ലിറ്റർ പാലിനും 12 പൈസ എന്ന നിരക്കിൽ അംശദായമായി നൽകണമെന്ന് വ്യവസ്ഥ ചെയ്തിരുന്നത്.

2013 മാർച്ച് 8 –ലെ 391/ലെഗ്.ഐ2/13/നിയമം – വിജ്ഞാപനം പ്രകാരം വകുപ്പ് 7-ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം പ്രാഥമിക ക്ഷീരസംഘത്തിൽ പാലളക്കുന്ന ഓരോ ക്ഷീരകർഷകനും പ്രതിമാസം 20 രൂപ, ഓരോ സംഘവും സംഭരിച്ച് പ്രാദേശിക വിപണനം നടത്തുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.5%, സംഘം മിൽമയ്ക്കോ മേഖലാ യൂണിയനോ നൽകുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.75% നിരക്കിൽ അംശദായമായി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

``

ഇതു കൂടാതെ റിസർവ് ഫണ്ട് പലിശയിൽ നിന്നുള്ള വരവ്, കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ഏതെങ്കിലും സ്ഥാപനങ്ങളോ മുഖേന ലഭിക്കുന്ന വിഹിതമോ ഗ്രാന്റോ വായ്പകളോ, കാലിത്തീറ്റ കമ്പനികൾ, സ്ഥാപനങ്ങൾ, പാൽ ഉല്പന്ന നിർമ്മാതാക്കൾ, സ്വകാര്യ ഡെയറി ഉടമകൾ, കന്നുകാലികൾക്കുള്ള മരുന്ന് നിർമ്മാതാക്കളും വിതരണക്കാരും, കന്നുകാലി ബീജോത്പാദനവും വിതരണവും നടത്തുന്നവർ എന്നിവരിൽ നിന്നും ലഭിക്കുന്ന സംഭാവനയോ മറ്റേതെങ്കിലും മാർഗ്ഗത്തിൽ നിന്നുള്ള സംഭാവനയോ വരവുകളോ, ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി മറ്റ് മാർഗ്ഗങ്ങളിൽ കൂടി ബോർഡ് തീരുമാനപ്രകാരം സംഭരിക്കുന്ന ഏതെങ്കിലും ഇനത്തിലുള്ള തുക, പദ്ധതി പ്രകാരം ചുമത്തുന്ന ഫീസോ പിഴയോ, പദ്ധതിയിലെ വ്യവസ്ഥ പ്രകാരം നിധിയിലേയ്ക്ക് വരവ് കൊള്ളിക്കേണ്ടതായ മറ്റേതെങ്കിലും തുകയോ ക്ഷേമനിധിയുടെ വരുമാന മാർഗ്ഗങ്ങളാണ്. ക്ഷേമനിധി നിയമം അനുസരിച്ച് ക്ഷേമനിധിയിലേയ്ക്ക് നൽകേണ്ട അംശദായം സർക്കാരിന്റെ അനുമതിയോടെ ആരംഭിച്ചിട്ടുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഹെഡ് ഓഫീസിലുള്ള ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. ക്ഷേമനിധിയുടെ വരുമാന മാർഗ്ഗത്തിലൂടെ ലഭിക്കുന്ന അംശദായ തുക ക്ഷേമനിധി അംഗങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിന് വിനിയോഗിച്ചു വരുന്നു.

ക്ഷേമനിധി നിയമം വകുപ്പ് 13(1) പ്രകാരം " അംശദായം നൽകാൻ ബാദ്ധ്യതയുള്ള ഓരോ സംഘവും, മിൽമയും മേഖലാ യൂണിയനും നിധിയിലേയ്ക്ക് നൽകേണ്ടതായ തുക കൃത്യമായി നൽകേണ്ടത് സംഘം സെക്രട്ടറിയുടെ/ചീഫ് എക്സിക്യൂട്ടീവിന്റെ ചുമതലയായിരിക്കും." വകുപ്പ് 13(2)(1) പ്രകാരം അംശദായം അടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തുകയാണെങ്കിൽ പ്രസ്തുത സംഘത്തിൽ നിന്നും ഭൂമിയിന്മേലുള്ള പൊതുകര കുടിശ്ശിക എന്നപോലെ പ്രസ്തുത തുക പലിശ സഹിതം വസൂലാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വകുപ്പ് 15 പ്രകാരം അംശദായം ക്ഷേമനിധിയിലേയ്ക്ക് നൽകുന്നതിന് മറ്റ് കടങ്ങളേക്കാൾ മുൻഗണന നൽകുകയും ക്ഷേമനിധിയിലേയ്ക്ക് തുക നൽകാത്ത പക്ഷം വകുപ്പ് 17, 18, 19 പ്രകാരം ശിക്ഷ നൽകാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**ക്ഷേമനിധി അംഗത്വം**

ക്ഷേമനിധി നിയമം വകുപ്പ് (1) 4പ്രകാരം പതിനെട്ട് വയസ്സ് പൂർത്തിയായ ഏതൊരു ക്ഷീരകർഷകനും ഈ ആക്ടിലേയും പദ്ധതിയിലെയും വ്യവസ്ഥ പ്രകാരം നിധിയിലെ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

വകുപ്പ് 2 (ഡി) പ്രകാരം ക്ഷീരകർഷകൻ എന്നാൽ സ്വന്തമായി ഒന്നോ അതിലധികമോ പശുവിനെയോ എരുമയെയോ വളർത്തുകയും കേരള സംസ്ഥാനത്ത് തന്റെ വാസസ്ഥലത്ത് പ്രവർത്തിക്കുന്ന ക്ഷീര സഹകരണ

സംഘങ്ങളിലോ അഥവാ അങ്ങനെയുള്ള സ്ഥലത്ത് ക്ഷീരസഹകരണ സംഘം പ്രവർത്തിക്കുന്നില്ല എന്ന കാരണത്താൽ തൊട്ടടുത്ത ഏതെങ്കിലും ഒരു ക്ഷീരസഹകരണ സംഘത്തിലോ ഒരു വർഷത്തിൽ ഏറ്റവും കുറഞ്ഞത് 500 ലിറ്റർ പാൽ വിപണനം നടത്തുകയും ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നു. ക്ഷേമനിധി നിയമം വകുപ്പ് 3(7) ഒരംഗം ഈ ആക്ടോ പദ്ധതിയോ പ്രകാരം ആനുകൂല്യം ലഭിക്കേണ്ട കുറഞ്ഞ കാലയളവിനുള്ളിൽ മരണപ്പെടുന്ന സംഗതിയിൽ, ആ അംഗത്തിന്റെ അനന്തരാവകാശി ക്ഷേമനിധിയിൽ അംഗമായി തുടർന്നും പാലളക്കുന്നു എങ്കിൽ മരണപ്പെട്ട അംഗം പാലളന്ന കാലയളവുകൂടി അനന്തരാവകാശിയായ അംഗത്തിന് ആക്ടോ പദ്ധതിയോ കൊണ്ടുള്ള ആനുകൂല്യം ലഭിക്കുന്നതിന് പരിഗണിക്കുന്നതാണ്. 2018-19 വർഷം അംഗത്വം നൽകിയ 13136 പേർ ഉൾപ്പെടെ 31-03-2019 വരെ 325887 പേർക്ക് ക്ഷേമനിധിയിൽ അംഗത്വം നൽകിയിട്ടുണ്ട്.

## 2018-19 വർഷം ക്ഷേമനിധിയിൽ അംഗമായ വിവിധ ജില്ലകളിലെക്ഷീരകർഷകരുടെ എണ്ണം

| അംഗത്വം 2018-19 | | |
|---|---|---|
| ക്രമ നം. | ജില്ല | എണ്ണം |
| 1 | തിരുവനന്തപുരം | 1658 |
| 2 | കൊല്ലം | 1126 |
| 3 | പത്തനംതിട്ട | 820 |
| 4 | ആലപ്പുഴ | 245 |
| 5 | കോട്ടയം | 608 |
| 6 | ഇടുക്കി | 1024 |
| 7 | എറണാകുളം | 747 |
| 8 | തൃശ്ശൂർ | 722 |
| 9 | പാലക്കാട് | 1414 |
| 10 | മലപ്പുറം | 494 |
| 11 | കോഴിക്കോട് | 1135 |
| 12 | വയനാട് | 1185 |
| 13 | കണ്ണൂർ | 1376 |
| 14 | കാസർഗോഡ് | 586 |
| | ആകെ | 13136 |

``

**പെൻഷൻ**

ക്ഷേമനിധി നിയമം വകുപ്പ് 3, 4(a)(b) പ്രകാരം ക്ഷേമനിധിയിൽ നിന്ന് അംഗങ്ങൾക്ക് പെൻഷൻ നൽകുന്നത്.വകുപ്പ് 3, 4(a) പ്രകാരം ക്ഷേമനിധിയിൽ അംഗമായ ക്ഷീരകർഷകൻ അഞ്ച് വർഷമെങ്കിലും സംഘത്തിൽ പാൽ അളക്കുകയും, ശാരീരികമായ അവശതമൂലം തുടർന്ന് കന്നുകാലി വളർത്തലിൽ കഴിയാതാവുകയോ ചെയ്താൽ ആ ആൾക്ക് പെൻഷൻ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.2013 മാർച്ച് 08-ലെ 391/ലെഗ്.12/13/നിയമം (വിജ്ഞാപനം) പ്രകാരം പെൻഷൻ നൽകുന്ന വകുപ്പായ 3,4 (b) യ്ക്ക് ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതി പ്രകാരം ഒരാൾ ക്ഷേമനിധിയിൽ അംഗമായ ശേഷം അഞ്ചു വർഷമെങ്കിലും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും, അറുപത് വയസ്സ് പൂർത്തിയാക്കുകയും ചെയ്താൽ പെൻഷൻ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ ഏപ്രിൽ 13-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി നിയമം നിലവിൽ വരുന്നതിന് മുൻപ് ക്ഷേമനിധിയിൽ അംഗമായ ഏതൊരാളിനും അയാൾ സംഘത്തിൽ അംഗമായ അഞ്ച് വർഷമെങ്കിലും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും, അറുപത് വയസ്സ് പൂർത്തിയാക്കുകയും ചെയ്താൽ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

2018-19 വർഷം പെൻഷൻ ഇനത്തിൽ അനുവദിച്ച തുകയുടെ വിവരങ്ങൾ

| പെൻഷൻ 2017-18 | | | |
|---|---|---|---|
| ക്രമ നം. | ജില്ല | എണ്ണം | തുക |
| 1 | തിരുവനന്തപുരം | 5662 | 74997550 |
| 2 | കൊല്ലം | 4633 | 58118800 |
| 3 | പത്തനംതിട്ട | 1584 | 19920700 |
| 4 | ആലപ്പുഴ | 4261 | 54427500 |
| 5 | കോട്ടയം | 2790 | 35025800 |
| 6 | ഇടുക്കി | 3269 | 41039900 |
| 7 | എറണാകുളം | 5895 | 74102400 |
| 8 | തൃശ്ശൂർ | 4012 | 50986400 |
| 9 | പാലക്കാട് | 5375 | 59220700 |
| 10 | മലപ്പുറം | 1731 | 22299000 |
| 11 | കോഴിക്കോട് | 4716 | 59415400 |
| 12 | വയനാട് | 3953 | 50652200 |
| 13 | കണ്ണൂർ | 5706 | 73823400 |
| 14 | കാസർഗോഡ് | 1746 | 22264100 |
| | ആകെ | 55333 | 706293850 |

``

**കുടുംബ പെൻഷൻ**

പെൻഷൻ ലഭിച്ചു കൊണ്ടിരിക്കുന്ന ആൾ മരണപ്പെട്ടാൽ പെൻഷണറുടെ അനന്തരാവകാശിയ്ക്ക് പ്രതിമാസം 150/- രൂപ നിരക്കിൽ കുടുംബ പെൻഷൻ നൽകി വരുന്നു. 125/- രൂപ നിരക്കിൽ നൽകി വന്നിരുന്ന കുടുംബ പെൻഷൻ തുക 2009 ആഗസ്റ്റ് മുതൽ 25/- രൂപ വർദ്ധിപ്പിച്ച് 150/- രൂപയാക്കി സർക്കാർ ഉത്തരവാകുകയും നൽകി വരുകയും ചെയ്യുന്നു. നിലവിൽ 4657 അംഗങ്ങളുടെ നോമിനികൾക്ക് കുടുംബ പെൻഷൻ നൽകി വരുന്നു.

**2018-19 വർഷം കുടുംബ പെൻഷൻ ഇനത്തിൽ അനുവദിച്ച തുകയുടെ വിവരങ്ങൾ**

| കുടുംബ പെൻഷൻ 2018-19 | | | |
|---|---|---|---|
| ക്രമനം. | ജില്ല | എണ്ണം | തുക |
| 1 | തിരുവനന്തപുരം | 506 | 997000 |
| 2 | കൊല്ലം | 382 | 632500 |
| 3 | പത്തനംതിട്ട | 84 | 143350 |
| 4 | ആലപ്പുഴ | 330 | 655950 |
| 5 | കോട്ടയം | 170 | 311500 |
| 6 | ഇടുക്കി | 145 | 253200 |
| 7 | എറണാകുളം | 421 | 725800 |
| 8 | തൃശ്ശൂർ | 398 | 693250 |
| 9 | പാലക്കാട് | 422 | 774050 |
| 10 | മലപ്പുറം | 76 | 133200 |
| 11 | കോഴിക്കോട് | 216 | 447750 |
| 12 | വയനാട് | 237 | 491100 |
| 13 | കണ്ണൂർ | 275 | 537150 |
| 14 | കാസർഗോഡ് | 36 | 55800 |
| | **ആകെ** | **3698** | **6851600** |

**വിവാഹധനസഹായം:**

ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് നൽകുന്ന ധനസഹായമാണിത്. വിവാഹ ധനസഹായത്തുക 1000/- രൂപയായിരുന്നത് 31-05-2014-ലെ ബഹു. സർക്കാർ ഉത്തരവ് പ്രകാരം 5000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

``

## 2018-19 വർഷം വിവാഹ ധനസഹായ ഇനത്തിൽ അനുവദിച്ച തുകയുടെ വിവരങ്ങൾ

| വിവാഹ ധനസഹായം 2018-19 | | | |
|---|---|---|---|
| ക്രമ നം. | ജില്ല | എണ്ണം | തുക |
| 1 | തിരുവനന്തപുരം | 95 | 475000 |
| 2 | കൊല്ലം | 86 | 430000 |
| 3 | പത്തനംതിട്ട | 56 | 280000 |
| 4 | ആലപ്പുഴ | 60 | 300000 |
| 5 | കോട്ടയം | 58 | 290000 |
| 6 | ഇടുക്കി | 62 | 310000 |
| 7 | എറണാകുളം | 79 | 395000 |
| 8 | തൃശ്ശൂർ | 70 | 350000 |
| 9 | പാലക്കാട് | 97 | 485000 |
| 10 | മലപ്പുറം | 24 | 120000 |
| 11 | കോഴിക്കോട് | 136 | 680000 |
| 12 | വയനാട് | 79 | 395000 |
| 13 | കണ്ണൂർ | 78 | 390000 |
| 14 | കാസർഗോഡ് | 32 | 160000 |
| | **ആകെ** | **1012** | **5060000** |

**മരണാനന്തര ധനസഹായം:**

ക്ഷേമനിധി അംഗങ്ങൾ മരണപ്പെട്ട മരണാനന്തര ചടങ്ങുകൾ നിർവ്വഹിക്കുന്നതിന് നൽകുന്ന ധനസഹായമാണിത്. ധനസഹായ തുക 1000/- രൂപയായിരുന്നത് 31-05-2014-ലെ ബഹു. സർക്കാർ ഉത്തരവ് പ്രകാരം 3000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ക്ഷേമനിധി അംഗം മരണപ്പെടുന്ന അന്നുതന്നെ ക്ഷീരസംഘത്തിൽ നിന്നും മുൻകൂറായി നൽകുന്നതും, ടി തുക പിന്നീട് ക്ഷേമനിധിയിൽ നിന്നും സംഘത്തിന് നൽകുകയും ചെയ്തുവരുന്നു.

## 2018-19 വർഷം മരണാനന്തര ധനസഹായ ഇനത്തിൽ അനുവദിച്ച തുകയുടെ വിവരങ്ങൾ

| മരണാനന്തര ധനസഹായം 2018-19 | | | |
|---|---|---|---|
| ക്രമ നം. | ജില്ല | എണ്ണം | തുക |
| 1 | തിരുവനന്തപുരം | 93 | 2779000 |
| 2 | കൊല്ലം | 87 | 257000 |
| 3 | പത്തനംതിട്ട | 47 | 141000 |
| 4 | ആലപ്പുഴ | 61 | 183000 |
| 5 | കോട്ടയം | 42 | 126000 |

``

| | | | |
|---|---|---|---|
| 6 | ഇടുക്കി | 35 | 103000 |
| 7 | എറണാകുളം | 110 | 328000 |
| 8 | തൃശ്ശൂർ | 96 | 288000 |
| 9 | പാലക്കാട് | 141 | 411000 |
| 10 | മലപ്പുറം | 38 | 114000 |
| 11 | കോഴിക്കോട് | 89 | 267000 |
| 12 | വയനാട് | 69 | 203000 |
| 13 | കണ്ണൂർ | 91 | 271000 |
| 14 | കാസർഗോഡ് | 4 | 42000 |
| | **ആകെ** | **1013** | **3013000** |

## വിദ്യാഭ്യാസ ധനസഹായം

ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായ എണ്ണത്തിൽ എസ് എസ് എൽ സി, പ്ലസ് ടു ഡിഗ്രി പ്രൊഫഷണൽ എന്നി തലങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കിയവർക്കു യഥാക്രമം 1000/- രൂപ, 1500/- രൂപ, 2000 /-രൂപ 2500/-രൂപ എന്നി നിരക്കിൽ ധനസഹായം നൽകി വരുന്നു. ക്ഷീര വികസന യൂണിറ്റുകളെ പാൽ ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ A,B,C,D എന്നിങ്ങനെ നാലായി തരംതിരിച്ചാണ് ടി സഹായം അനുവദിച്ചു വരുന്നത്.

**2018-19 വർഷം വിദ്യാഭ്യാസ ധനസഹായ ഇനത്തിൽ അനുവദിച്ച തുകയുടെ വിവരങ്ങൾ**

| വിദ്യാഭ്യാസ ധനസഹായം 2018-19 | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നം. | ജില്ല | 2016-17 സ്കീം | | 2017-18 സ്കീം | | 2018-19 സ്കീം | |
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| 1 | തിരുവനന്തപുരം | 9 | 14000 | 1 | 1000 | 0 | 1 |
| 2 | കൊല്ലം | 0 | 0 | 1 | 1000 | 1 | 1500 |
| 3 | പത്തനംതിട്ട | 1 | 1500 | 3 | 3500 | 0 | 0 |
| 4 | ആലപ്പുഴ | 2 | 2500 | 0 | 0 | 0 | 0 |
| 5 | കോട്ടയം | 10 | 14000 | 12 | 14500 | 1 | 1000 |
| 6 | ഇടുക്കി | 0 | 0 | 9 | 11500 | 0 | 0 |
| 7 | എറണാകുളം | 7 | 10000 | 11 | 13000 | 3 | 3500 |
| 8 | തൃശ്ശൂർ | 13 | 19500 | 16 | 18500 | 2 | 2500 |
| 9 | പാലക്കാട് | 1 | 1000 | 2 | 2000 | 0 | 0 |
| 10 | മലപ്പുറം | 3 | 4500 | 1 | 2500 | 0 | 0 |
| 11 | കോഴിക്കോട് | 10 | 14000 | 3 | 3500 | 0 | 0 |
| 12 | വയനാട് | 9 | 12000 | 0 | 0 | 0 | 0 |
| 13 | കണ്ണൂർ | 14 | 20000 | 16 | 23000 | 0 | 0 |
| 14 | കാസർഗോഡ് | 0 | 0 | 0 | 0 | 0 | 0 |
| | **ആകെ** | **79** | **113000** | **75** | **94000** | **7** | **8500** |

``

## മികച്ച ക്ഷീരകർഷകനുള്ള ധനസഹായം

ക്ഷീര കർഷകർക്ക് പ്രോത്സാഹനം എന്ന നിലക്ക് ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന മികച്ച ക്ഷീരകർഷകർക്ക് ധനസഹായം അനുവദിച്ചു വരുന്നു.

### 2018-19 വർഷംമികച്ച ക്ഷീര കർഷക അവാർഡ് ഇനത്തിൽ അനുവദിച്ച തുകയുടെ വിവരങ്ങൾ

| മികച്ച ക്ഷീരകർഷകനുള്ള അവാർഡ് 2018-19 | | | |
|---|---|---|---|
| ക്രമ നം. | ജില്ല | എണ്ണം | തുക |
| 1 | തിരുവനന്തപുരം | 0 | 0 |
| 2 | കൊല്ലം | 0 | 0 |
| 3 | പത്തനംതിട്ട | 0 | 0 |
| 4 | ആലപ്പുഴ | 0 | 0 |
| 5 | കോട്ടയം | 1 | 5000 |
| 6 | ഇടുക്കി | 0 | 0 |
| 7 | എറണാകുളം | 0 | 0 |
| 8 | തൃശ്ശൂർ | 0 | 0 |
| 9 | പാലക്കാട് | 0 | 0 |
| 10 | മലപ്പുറം | 0 | 0 |
| 11 | കോഴിക്കോട് | 0 | 0 |
| 12 | വയനാട് | 0 | 0 |
| 13 | കണ്ണൂർ | 0 | 0 |
| 14 | കാസർഗോഡ് | 0 | 0 |
| | ആകെ | 1 | 5000 |

**ക്ഷീരസുരക്ഷ പദ്ധതി:**

കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് വേണ്ടി സമഗ്ര സാമൂഹ്യ സുരക്ഷാ പദ്ധതിയായ ''ക്ഷീരസുരക്ഷ '' നടപ്പിലാക്കി വരുന്നു.

### 2018-19 വർഷം ക്ഷീരസുരക്ഷാ പദ്ധതി ഇനത്തിൽ അനുവദിച്ച തുകയുടെ വിവരങ്ങൾ

| ക്ഷീരസുരക്ഷ 2018-19 (31-03-2019) | | | |
|---|---|---|---|
| ക്രമ നം. | ജില്ല | എണ്ണം | തുക |
| 1 | തിരുവനന്തപുരം | 8 | 206489 |
| 2 | കൊല്ലം | 32 | 521828 |

``

| | | | |
|---|---|---|---|
| 3 | പത്തനംതിട്ട | 11 | 147713 |
| 4 | ആലപ്പുഴ | 11 | 142155 |
| 5 | കോട്ടയം | 20 | 294322 |
| 6 | ഇടുക്കി | 13 | 165135 |
| 7 | എറണാകുളം | 29 | 374165 |
| 8 | തൃശ്ശൂർ | 9 | 160000 |
| 9 | പാലക്കാട് | 17 | 286756 |
| 10 | മലപ്പുറം | 1 | 50000 |
| 11 | കോഴിക്കോട് | 6 | 56151 |
| 12 | വയനാട് | 9 | 172823 |
| 13 | കണ്ണൂർ | 18 | 279453 |
| 14 | കാസർഗോഡ് | 4 | 65910 |
| | **ആകെ** | **18** | **2922900** |

## ക്ഷീരസുരക്ഷാ പദ്ധതി ഇനത്തിൽ സർക്കാരിൽ നിന്നും നാളിതുവരെ ലഭിച്ച വിഹിതത്തിന്റെ വിവരങ്ങൾ

| വർഷം | ആകെ തുക | സർക്കാർ വിഹിതം | ക്ഷേമനിധി വിഹിതം | ഉത്തരവ് നമ്പർതീയതി/ | ധനസഹായം അനുവദിച്ചതിന്റെ വിവരം | |
|---|---|---|---|---|---|---|
| | | | | | എണ്ണം | തുക |
| 10-2009 (KSS-1) | 45 ലക്ഷം | ലക്ഷം 30 | ലക്ഷം15 | G.O.(Rt)No.352/2010/AD dtd 03-03-2010 | 668 | 62,56,337 |
| 2011-01 (KSS-2) | 45 ലക്ഷം | 30 ലക്ഷം | ലക്ഷം15 | G.O.(Rt)No./2137/2010AD dtd 01-12-2010 | 432 | 43,81,840 |
| 20111-2 (KSS-3) | 75 ലക്ഷം | 75 ലക്ഷം | ഇല്ല | G.O.(Rt)No.1916/2011/AD dtd 19-10-2011 | 334 | 49,75,447 |
| 20121-3 (KSS-4) | 50 ലക്ഷം | 50 ലക്ഷം | ഇല്ല | G.O.(Rt)No.1259/2013/AD dtd 04-07-2013 | 314 | 46,97,807 |
| 20131-4 (KSS-5) | 50 ലക്ഷം | 50 ലക്ഷം | ഇല്ല | G.O.(Rt)No.1259/2013/AD dtd 10-07-2014 | 315 | 49,27,955 |
| 20141-5 (KSS-6) | 50 ലക്ഷം | 50 lakhs | ഇല്ല | G.O.(Rt)No.5905/2014/AD dtd 10-07-2014 | 294 | 4464156 |
| 20151-6 (KSS-7) | 25+25 (KSS-3) lakhs | 50 lakhs | ഇല്ല | DDD OR.No.D3/12567/15 dtd 19-09-2015 | 315 | 4923487 |
| 20161-7 (KSS-8) | 25 lakhs | 25 lakhs | ഇല്ല | G.O.(Rt)No.71/2016/DD dtd 16-08-2016 | 215 | 3414512 |
| 20171-8 (KSS-9) | 25 lakhs | 25 lakhs | ഇല്ല | G.O.(Rt)No.37/2017/DD dtd 31-03-2017 | 0 | 0 |

``

2011-12 പദ്ധതിയിലെ നീക്കിയിരിപ്പായ 25 ലക്ഷം രൂപ G.O (Rt) No.59/2016/DD dtd,12-07-2016 പ്രകാരം 2015-16 ലേയ്ക്ക് ചിലവഴിക്കുന്നതിനായി അനുവാദം ലഭിച്ചിട്ടുള്ളതാണ്.

'ക്ഷീരസുരക്ഷാ' പദ്ധതി പ്രകാരം അപകട മരണത്തിന്റെ ധനസഹായമായി 50,000/- രൂപയും, അപകടം, സ്ട്രോക്ക് എന്നിവ മൂലമുണ്ടാകുന്ന സ്ഥായിയായ അവശതയ്ക്ക് പരമാവധി 10,000/- രൂപയും, മാരകരോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായമായി പരമാവധി 15,000/- രൂപയും, പകർച്ച വ്യാധികൾക്ക്, പശുപരിപാലനത്തിനിടെ ക്ഷീരകർഷകർക്കുണ്ടാകുന്ന അസുഖങ്ങൾക്ക്, പശുപരിപാലനത്തിനിടെ ക്ഷീരകർഷകർക്കുണ്ടാകുന്ന ശസ്ത്രക്രിയ ആവശ്യമില്ലാത്ത ഗുരുതരമായ പരിക്കുകൾക്ക്, പാമ്പുകടി, പേവിഷബാധ തുടങ്ങിയവയുടെ ചികിത്സാധനസഹായമായി പരമാവധി 2,000/- രൂപയും അനുവദിക്കുന്നുണ്ട്.

**വിവരാവകാശ നിയമം:**

2005-ലെ വിവരാവകാശ നിയമ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് ശ്രീമതി. മിനി.റ്റി.എസ്, അസിസ്റ്റന്റ് ഡയറക്ടർ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായും, ശ്രീ. ഷാജു ചന്ദ്രൻ.ആർ.എൽ, ഡെയറി എക്സ്റ്റൻഷൻ ഓഫീസർ അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായും നിയമിച്ചിട്ടുണ്ട്. ശ്രീമതി. എസ്.ഗീത, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ് അപ്പലേറ്റ് അതോറിറ്റി. 2018-19 സാമ്പത്തിക വർഷത്തിൽ വിവരാവകാശ നിയമപ്രകാരം ലഭിച്ച 16 അപേക്ഷകൾക്കും തീർപ്പുകൽപ്പിച്ചിട്ടുണ്ട്.

**ക്ഷീരകർഷക ക്ഷേമനിധിയും ക്ഷീരജാലകവും:-**

ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് ക്ഷേമനിധി പ്രവർത്തനങ്ങൾ നടക്കുന്നത്. എന്നാൽ ക്ഷേമനിധി പ്രവർത്തനം ആരംഭിച്ച് ഒരു ദശാബ്ദത്തിനോടടുത്തപ്പോൾ ക്ഷേമനിധി പ്രവർത്തനങ്ങൾ വളരെയേറെ വർദ്ധിച്ചു. ലഭ്യമായ ജീവനക്കാരെ ഉപയോഗിച്ച് മാന്വലായി അപേക്ഷകൾ പരിശോധിക്കുന്നതിനോ സമയബന്ധിതമായി ധനസഹായങ്ങൾ അനുവദിക്കുന്നതിനോ സാധിക്കാത്ത ഒരു സാഹചര്യം ഉണ്ടായി. ഗൗരവം മനസ്സിലാക്കിയ ക്ഷേമനിധി ബോർഡ്, പ്രവർത്തനങ്ങൾ ആട്ടോമേറ്റ് ചെയ്യുന്നതിന് തീരുമാനിക്കുകയും ആയതിൻ പ്രകാരം നടപ്പിലാക്കിയ ക്ഷീരകർഷക ക്ഷേമനിധിയുടെ പ്രവർത്തനങ്ങളുടെ ആട്ടോമേഷൻ പദ്ധതിയാണ് ക്ഷീരജാലകം. നിലവിൽ ക്ഷീരജാലകം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാണ്. ക്ഷീരകർഷകർ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ വിവിധ തലങ്ങളിൽ ഓൺലൈനായിത്തന്നെ പരിശോധിക്കുന്നതിനും ധനസഹായം അനുവദിക്കുന്നതിനു

``

മുള്ള സൗകര്യം ക്ഷീരജാലകത്തിലുണ്ട്. പേപ്പർ രഹിത ഫയൽ സംവിധാനമാണ് ക്ഷീരജാലകത്തിൽ ഏർപ്പെടുത്തിയിരിക്കുന്നത്. ഇതിലൂടെ വളരെ സുതാര്യമായും വേഗത്തിലും അപേക്ഷകൾ സമർപ്പിക്കുന്നതിനും ധനസഹായം അനുവദിക്കുന്നതിനും സാധിക്കുന്നുണ്ട്. ക്ഷീരജാലകം പ്രവർത്തന സജ്ജമാക്കിയതിനോടൊപ്പം അതിനുവേണ്ട അനുബന്ധ സംവിധാനങ്ങളും പരിഷ്കരിച്ചിട്ടുണ്ട്.

പെൻഷണർമാരുടെ ലൈഫ് സർട്ടിറിക്കറ്റ് സ്വീകരിക്കുന്ന സംവിധാനമായ ക്ഷീരസചേതനയും സോഫ്റ്റ്‌വെയറിന്റെ ഭാഗമാണ്. ആധാർ ഡേറ്റാബേസിലെ ബയോമെട്രിക് വിവരങ്ങൾ പ്രയോജനപ്പെടുത്തിയാണ് ഇത് പ്രവർത്തിക്കുന്നത്. ആധാർ ബയോമെട്രിക് വിവരങ്ങൾ പ്രയോജനപ്പെടുത്തുന്ന കേരളത്തിലെ ആദ്യത്തെ സംവിധാനമാണ് ക്ഷീരസചേതന.ക്ഷീരജാലകം സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക വിവരങ്ങൾ ഫീൽഡ് തലത്തിൽ ലഭ്യമാകത്തക്ക രീതിയിൽ പരിശീലനങ്ങളും ശിൽപ്പശാലകളും ജില്ലാ ബ്ലോക്ക് ക്ഷീരസംഗമങ്ങളോടനുബന്ധിച്ച് സെമിനാറുകളും അദാലത്തുകളും സംഘടിപ്പിക്കുന്നുണ്ട്.

2018-19 വർഷം വിവിധ ധനസഹായ ഇനത്തിൽ അനുവദിച്ച തുകയുടെ വിവരങ്ങൾ

| വർഷം | ഇനം | എണ്ണം | തുക |
|---|---|---|---|
| 2018-19 | പെൻഷൻ | 55333 | 706293850 |
| 2018-19 | കുടുംബ പെൻഷൻ | 3698 | 6851600 |
| 2018-19 | വിവാഹ ധനസഹായം | 1012 | 5060000 |
| 2018-19 | മരണാനന്തര ധനസഹായം | 1013 | 3013000 |
| 2018-19 | മികച്ച ക്ഷീരകർഷകനുള്ള അവാർഡ് | 1 | 5000 |
| 2018-19 | ക്ഷീരസുരക്ഷാ പദ്ധതി | 188 | 2922900 |
| 2018-19 | വിദ്യാഭ്യാസ ധനസഹായം | 161 | 215500 |
| | ആകെ | 61406 | 724361850 |

``

# ഭരണസംവിധാനം – വകുപ്പിലെ ജീവനക്കാരുടെ വിവരങ്ങൾ

2018-19 വർഷത്തിൽ വകുപ്പിനനുവദിച്ചിരുന്ന തസ്തികകളും സേവനമനുഷ്ഠിച്ച ഉദ്യോഗസ്ഥരുടെയും വിവരങ്ങൾ:

| ക്രമ നം. | തസ്തികയുടെ പേര് | സ്ഥിരം | താല്കാലികം | ഒഴിവുകൾ | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | ഡയറക്ടർ | 1 | -- | -- | |
| 2 | ജോയിന്റ് ഡയറക്ടർ | 3 | -- | -- | |
| 3 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | -- | -- | |
| 4 | ഫിനാൻസ് ഓഫീസർ | 1 | -- | -- | |
| 5 | ഡെപ്യൂട്ടി ഡയറക്ടർ/ പ്രിൻസിപ്പാൾ, ക്ഷീരപരിശീലനകേന്ദ്രം/ സൂപ്രണ്ട്, സ്വീവേജ് ഫാം | 24 | -- | -- | |
| 6 | അസിസ്റ്റന്റ് ഡയറക്ടർ/ ക്വാളിറ്റി കൺട്രോൾ ഓഫീസർ/ എസ്.എം.എസ് | 34 | -- | -- | |
| 7 | സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് (സഹകരണം) | 5 | -- | -- | |
| 8 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 | -- | -- | |
| 9 | ക്ഷീരവികസന ഓഫീസർ | 191 | -- | -- | |
| 10 | സീനിയർ സൂപ്രണ്ട് | 20 | -- | -- | |
| 11 | ജൂനിയർ സൂപ്രണ്ട് | 6 | -- | -- | |
| 12 | ഫെയർ കോപ്പി സൂപ്രണ്ട് | 1 | -- | -- | |
| 13 | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | 8 | | | |
| 14 | ഹെഡ് ക്ലാർക്ക് | 14 | -- | -- | |
| 15 | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 8 | -- | -- | |
| 16 | ഡെയറി ഫാം ഇൻസ്ട്രക്ടർ | 285 | -- | -- | |
| 17 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് | 2 | -- | -- | |
| 18 | സീനിയർ ക്ലാർക്ക് | 103 | -- | -- | |
| 19 | യു.ഡി. ടൈപ്പിസ്റ്റ് | 8 | -- | -- | |
| 20 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 | -- | -- | |
| 21 | ലബോറട്ടറി ടെക്നീഷ്യൻ | 17 | -- | -- | |
| 22 | അഗ്രിക്കൾച്ചർ അസിസ്റ്റന്റ് | 2 | -- | -- | |
| 23 | ക്ലാർക്ക് | 103 | -- | -- | |
| 24 | എൽ.ഡി.ടൈപ്പിസ്റ്റ് | 11 | -- | -- | |
| 25 | ക്ലാർക്ക് ടൈപ്പിസ്റ്റ് | 3 | -- | -- | |
| 26 | ഡ്രൈവർ | 31 | -- | -- | |

``

| | | | | | |
|---|---|---|---|---|---|
| 27 | ബൈൻഡർ | 2 | -- | -- | |
| 28 | ലാബ് അസിസ്റ്റന്റ് | 13 | -- | -- | |
| 29 | അറ്റൻഡർ | 6 | -- | -- | |
| 30 | ഓഫീസ് അറ്റൻഡന്റ് | 140 | -- | -- | |
| 31 | ക്ലീനർ | 1 | -- | -- | |
| 32 | പമ്പ് ഓപ്പറേറ്റർ | 1 | -- | -- | |
| 33 | ഫുൾടൈം സ്വീപ്പർ | 3 | -- | -- | |
| 34 | പാർട്ട് ടൈം സ്വീപ്പർ | 49 | -- | -- | |
| 35 | വാച്ച്മാൻ | 12 | -- | -- | |
| 36 | സ്ഥിരം തൊഴിലാളികൾ | 37 | -- | -- | |
| 37 | കാഷ്വൽ തൊഴിലാളികൾ | 29 | -- | -- | |

2017-18 വർഷത്തിൽ വകുപ്പിൽ ആകെ 19 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. തസ്തിക തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| എൽ.ഡി.ക്ലാർക്ക് | 16 |
| എൽ.ഡി. ടൈപ്പിസ്റ്റ് | 3 |
| ഡ്രൈവർ ഗ്രേഡ്-II | 1 |

വകുപ്പിൽ 2018-19 വർഷത്തിൽ ആശ്രിത നിയമനം നടത്തിയിട്ടില്ല.

2017-18 വർഷത്തിൽ വകുപ്പിൽ നിന്നും വിരമിച്ച ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജോയിന്റ് ഡയറക്ടർ | 3 |
| ഡെപ്യൂട്ടി ഡയറക്ടർ | 3 |
| ക്വാളിറ്റി കൺട്രോൾ ഓഫീസർ | 1 |
| അസിസ്റ്റന്റ് ഡയറക്ടർ | 6 |
| സീനിയർ സൂപ്രണ്ട് | 1 |
| ക്ഷീരവികസന ഓഫീസർ | 14 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 |
| സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ് | 1 |
| ഹെഡ് ക്ലാർക്ക് | 1 |
| സീനിയർ ക്ലാർക്ക് | 3 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| ടൈപ്പിസ്റ്റ് | 1 |
| ലാബ് ടെക്നിഷ്യൻ | 1 |
| ഡ്രൈവർ | 2 |
| ക്ലാർക്ക് | 1 |
| ഓഫീസ് അറ്റെൻഡന്റ് | 4 |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| പെർമെനന്റ് വർക്കർ | 2 |
| **ആകെ** | 48 |

``

## ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ

എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഹൈദരാബാദ്, നാഷണൽ ഡെയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കർണാൽ (ഹരിയാന), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പേഴ്സണൽ മാനേജ്മെന്റ്, തിരുവനന്തപുരം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി)-തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, സമേതി തുടങ്ങിയ പരിശീലന കേന്ദ്രങ്ങളുമായി സഹകരിച്ച് വകുപ്പിലെ വിവിധ കാറ്റഗറിയിൽപ്പെട്ട ജീവനക്കാർക്ക് പേഴ്സണാലിറ്റി ഡെവലപ്പ്മെന്റ്, ഔദ്യോഗിക ഭാഷാ പരിജ്ഞാനം, കമ്പ്യൂട്ടർ പരിജ്ഞാനം, വിവരാവകാശ നിയമം, ഇ-ഗവേർണൻസ്, ഫാം ബിസിനസ് മാനേജ്മെന്റ്, കപ്പാസിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം, കൺസ്യൂമർ പ്രൊട്ടക്ഷൻ, ഡിസാസ്റ്റർ മാനേജ്മെന്റ്, ഫിനാൻസ് മാനേജ്മെന്റ്, ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെന്റ് സ്കിൽസ്, അപ്ഗ്രേഡേഷൻ ഓഫ് കമ്മ്യൂണിക്കേഷൻ സ്കിൽസ് എന്നീ വിഷയങ്ങളിലും കേരളാ വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (KVASU)-ൽ ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്ക് ഡിപ്ലോമ ഇൻ ഡെയറി സയൻസ് കോഴ്സ് പരിശീലനവും വിവിധ പരിശീലനവും നടത്തി വരുന്നു. കൂടാതെ, വകുപ്പുമായി ബന്ധപ്പെട്ട മറ്റു പരിശീലന പരിപാടികളും റിപ്പോർട്ടുവർഷത്തിൽ നടത്തുകയുണ്ടായി.

## അച്ചടക്ക നടപടികൾ

2018-2019 സാമ്പത്തിക വർഷം അച്ചടക്ക നടപടിയുടെ ഭാഗമായി രണ്ടു ഡയറി എക്സ്റ്റൻഷൻ ഓഫീസറെ സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്, നാല് ഡയറി എക്സ്റ്റൻഷൻ ഓഫീസർമാർക്ക് താക്കീത് ചെയ്തിട്ടുണ്ട്. കൂടാതെ ഒരു ഡയറി എക്സ്റ്റൻഷൻ ഓഫീസറെ സെൻഷർ ചെയ്തിട്ടുണ്ട്.

## 6) ക്ഷീരവികസന വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങൾ

2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ക്ഷീരവികസന വകുപ്പിന് പ്ലാൻ ശീർഷകങ്ങളിൽ ആകെ ലഭിച്ചത് 14576.28 ലക്ഷം രൂപയാണ്. ഇതിൽ സംസ്ഥാനതല പദ്ധതികൾക്കായി 13802.28 ലക്ഷം രൂപയും കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന് 774 ലക്ഷം രൂപയുമാണ്. പ്രളയത്തെ തുടർന്നുണ്ടായ പ്ലാൻ കാട്ടിനു ശേഷം പ്ലാൻ ശീർഷകങ്ങളിലെ വിഹിതം ലക്ഷം രൂപയായി കുറഞ്ഞു

# പദ്ധതി പ്രവർത്തനങ്ങൾ

| | | |
|---|---|---|
| ആകെ ബഡ്ജറ്റ് വിഹിതം | 14576.28 ലക്ഷം | |
| ചെലവഴിച്ച തുക | 12175.0376 ലക്ഷം (97.986%) | |
| താഴെ പറയും പ്രകാരമാണ് ടി തുക ചെലവഴിച്ചത്. | | |

| **പദ്ധതി ശീർഷകം** | **ബഡ്ജറ്റ് വിഹിതം** (ലക്ഷത്തിൽ) | **വിനിയോഗിച്ച തുക** (ലക്ഷത്തിൽ) |
|---|---|---|
| ❖ ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ | 545 | 540.524 |
| ❖ കാലിത്തീറ്റയ്ക്കുള്ള സബ്സിഡി | 1500 | 1400.00 |
| ❖ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതി (കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോല്പാദക സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉല്പാദനവും സൂക്ഷിക്കലും) | 660 | 599.46 |
| ❖ ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ | 504 | 319.81 |
| ❖ മിൽക്ക് ഷെഡ് വികസന പദ്ധതി | 4600 | 4345.3 |
| ❖ ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം | 2307.66 | 2229.12 |
| ❖ ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള മൂലധസഹായം | 536.34 | 429.171 |
| ❖ വയനാട്ടിലെ ക്ഷീരവികസനത്തിനുള്ള ധനസഹായം | 25.00 | 25.00 |
| ❖ ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിയ്ക്ക് ധനസഹായം | 25.00 | 25.00 |
| ❖ ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് പെൻഷൻ നൽകുന്നതിനുള്ള ധനസഹായം | 3049.28 | 3049.27 |
| ❖ സഹകരണ ക്ഷീരവിപണന ഫെഡറേഷനുള്ള ധനസഹായം | 774 | 774 |
| ❖ ബ്രഹ്മഗിരി വികസന സൊസൈറ്റിക്കുള്ള ധനസഹായം | 50 | 50 |
| **ആകെ** | 14576.28 | 12175.03 |

``

## 2018-19 വർഷത്തെ പ്രധാന നേട്ടങ്ങൾ

### *I. ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ*

2404-00-102-96-34-OC

പദ്ധതി വിഹിതം - 545 ലക്ഷം

ചെലവഴിച്ച തുക - 540.524 ലക്ഷം (99.18%)

ക്ഷീരകർഷകർ, യുവസംരംഭകർ, ക്ഷീരസംഘം ജീവനക്കാർ, ബോർഡംഗങ്ങൾ, പൊതുജനങ്ങൾ എന്നിവർക്ക് ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ നടത്തുന്നതിനും, ക്ഷീരപരിശീലനകേന്ദ്രങ്ങൾ മുഖേന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും 5.405 കോടി രൂപയാണ് 2018-19-ൽ വിനിയോഗിച്ചത്.

ഈ ഇനത്തിലെ പ്രധാന പരിപാടികൾ

1. **കർഷക സമ്പർക്ക പരിപാടി**

- ♥ ക്ഷീരമേഖലയിലെ നൂതന സാങ്കേതിക വിദ്യകളും വിവരങ്ങളും ഗ്രാമപ്രദേശത്തെ ക്ഷീരകർഷകരുമായി പങ്കുവെയ്ക്കുന്നു.
- ♥ ക്ഷീരസഹകരണ സംഘങ്ങൾ, വിവിധ സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കുന്നു
- ♥ ബ്ലോക്ക് തല ക്ഷീരവികസന യൂണിറ്റുകൾ മുഖേന പരിപാടി നടപ്പിലാക്കുന്നു.
- ♥ റിപ്പോർട്ടുവർഷം 2493 കർഷക സമ്പർക്ക പരിപാടികൾ സംഘടിപ്പിച്ചു.
- ♥ ഏകദേശം 75000 ക്ഷീര കർഷകർക്ക് പ്രയോജനം ലഭിച്ചു.

2. **ക്ഷീരോത്സവങ്ങൾ**

വിവിധ ഗ്രാമപ്രദേശങ്ങളിലെ ക്ഷീരകർഷകരുടെ കൂട്ടായ്മയ്ക്കും, കാലിവളർത്തലുമായി ബന്ധപ്പെട്ട അവരുടെ അനുഭവ സമ്പത്ത് പരസ്പരം പങ്ക് വെയ്ക്കുന്നതിനും, വിവിധയിനം പശുക്കളെയും അവയുടെ ശാസ്ത്രീയ പരിപാലനത്തെയും കുറിച്ച് മനസ്സിലാക്കുന്നതിനും ക്ഷീരോൽസവങ്ങൾ കർഷകർക്ക് വളരെ പ്രയോജനപ്പെടുന്നു. ക്ഷീരകർഷകർക്ക് ഒരു പ്രോത്സാഹനം എന്ന നിലയ്ക്ക് ക്ഷീരമേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച കർഷകരെ തെരഞ്ഞെടുത്ത് ചടങ്ങിൽ ആദരിക്കാറുണ്ട്.

ബ്ലോക്കുതലത്തിൽ ക്ഷീരകർഷക സംഗമത്തോടനുബന്ധിച്ച് നടത്തുന്ന കന്നുകാലി പ്രദർശനത്തിൽ പങ്കെടുക്കുന്ന കാലികളെ വിലയിരുത്തി ഏറ്റവും മികച്ചവയ്ക്ക് സമ്മാനങ്ങൾ നൽകുന്നു. 2018-19-ൽ 43 ബ്ലോക്ക് ക്ഷീരസംഗമങ്ങൾ, 2 ജില്ലാ ക്ഷീരസംഗമം, ഒരു സംസ്ഥാനതല ക്ഷീരകർഷക സംഗമം എന്നിവ നടത്തി.

ക്ഷീരകാർഷിക സംബന്ധിയായ അവബോധം കർഷകർക്ക് പകരുന്നതിനായി എക്സിബിഷനുകൾ, വിവിധതരം മത്സരങ്ങൾ ക്ഷീരോല്പാദനത്തിന്റെ പ്രസക്തി ഉദ്ബോധിപ്പിക്കുന്ന സെമിനാറുകൾ, ശില്പശാലകൾ, പ്രഭാഷണ പരമ്പരകൾ എന്നിവയും ക്ഷീരോത്സവങ്ങളോടനുബന്ധിച്ച് സംഘടിപ്പിച്ചു.

3. **പാൽ ഗുണമേന്മ ബോധവൽക്കരണ പരിപാടി (ക്വാളിറ്റി അവയർനസ് പ്രോഗ്രാം)**

ക്ഷീരകർഷകർക്ക് മെച്ചപ്പെട്ട പാൽവില ലഭ്യമാക്കുക ക്ഷീരസംഘങ്ങൾ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുക കർഷകർക്ക് പാലിന്റെ ഗുണമേന്മയെക്കുറിച്ച് ബോധവത്ക്കരണം നടത്തുക തുടങ്ങിയവയാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങൾ. ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ യൂണിറ്റുകളാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. ക്ഷീരസംഘത്തിലെ പരിശോധന ഉപകരണങ്ങൾ 'സ്റ്റാൻഡേർഡൈസേഷൻ' നടത്തിക്കൊടുക്കുന്നതിനുള്ള നടപടികളും ക്വാളിറ്റി കൺട്രോൾ യൂണിറ്റിൽ ചെയ്തുവരുന്നു.

- 162 പാൽ ഗുണമേന്മ ബോധവൽക്കരണ ക്യാമ്പുകൾ നടത്തി.
- ഇരുപതിനായിരത്തോളം ക്ഷീരകർഷകർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

**4.പാൽ ഉപഭോക്തൃമുഖാമുഖം പരിപാടി**

- 14 ജില്ലാ ആസ്ഥാനങ്ങളിൽ ക്വാളിറ്റി കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ ഉപഭോക്തൃമുഖാമുഖം പരിപാടി സംഘടിപ്പിച്ചു.
- പാൽ ഉപഭോക്താക്കൾക്ക് മാർക്കറ്റിൽ ലഭ്യമായ വിവിധയിനം ബ്രാൻഡുകളുടെ ഗുണനിലവാരം ബോധ്യപ്പെടുത്തുന്നതിന് സഹായിച്ചു.
- 2018-19 വർഷത്തിൽ 14 ഉപഭോക്തൃമുഖാമുഖം പരിപാടി സംഘടിപ്പിച്ചു.

**5.ഡെയറി ക്ലബ്ബുകൾ**

വളർന്നുവരുന്ന തലമുറയ്ക്ക് ക്ഷീരമേഖലയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനും, പ്രായോഗികമായ അറിവുകൾ നൽകുന്നതിനും ഉദ്ദേശിച്ച് വകുപ്പ് ജില്ലയിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ഡെയറി ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള ധനസഹായം നൽകി. 2018-19 വർഷത്തിൽ 4 പുതിയ ഡെയറി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്.

**6.ക്ഷീരസഹകാരി അവാർഡ്**

ക്ഷീരകർഷകരുടെ അദ്ധ്വാനത്തിനുള്ള അംഗീകാരമായും പ്രോത്സാഹനമായും അവർക്ക് അവാർഡുകൾ നൽകി ആദരിക്കുന്നു. സംസ്ഥാനത്ത് ക്ഷീരസഹകരണ സംഘത്തിൽ ഏറ്റവും കൂടുതൽ പാൽ അളന്ന കർഷകന് ഒരു ലക്ഷം രൂപയുടെ

``

''ക്ഷീരസഹകാരി അവാർഡ്''നൽകി ആദരിച്ചു. കൂടാതെ, മേഖലാതലത്തിൽ ജനറൽ, വനിത, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ഒന്നാം സ്ഥാനത്തിനർഹരായ മൂന്ന് പേർക്ക് 50,000/-രൂപ എന്ന നിരക്കിലും, ജില്ലാതലത്തിൽ ഒന്നാം സ്ഥാനത്തിനർഹരായ ജനറൽ, വനിത, പട്ടികജാതി/പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിൽപ്പെട്ട കർഷകർക്ക് 20,000/- രൂപ വീതവും അവാർഡ് നൽകി ആദരിച്ചു. 9 കർഷകർക്ക് റിപ്പോർട്ടുവർഷം 4.5 ലക്ഷം രൂപ അവാർഡിനത്തിൽ വിതരണം ചെയ്തു.

**7.കണ്ടിജൻസി ഫണ്ട്**

- ♥ അകിടുവീക്കം, കുളമ്പുരോഗം, കാലവർഷക്കെടുതി തുടങ്ങിയവ മുഖേന കാലികൾ നഷ്ടപ്പെട്ട കർഷകർക്ക് ധനസഹായം നൽകി.
- ♥ ഇൻഷുറൻസ് ഇല്ലാത്ത കന്നുകാലികൾക്ക് പരമാവധി 15,000/- രൂപയാണ് ധനസഹായം.
- ♥ നടപ്പു സാമ്പത്തിക വർഷം 278 കർഷകർക്ക് ധനസഹായം ലഭിച്ചു.
- ♥ 4170 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചു.

**8.ക്ഷീരപരിശീലനകേന്ദ്രങ്ങൾ**

വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 5 ക്ഷീരപരിശീലനകേന്ദ്രങ്ങൾ, പട്ടണക്കാട് ക്ഷീരോല്പന്ന നിർമ്മാണ പരിശീലനകേന്ദ്രം എന്നിവ മുഖേന ക്ഷീരകർഷകർക്കും ക്ഷീരസംഘം ജീവനക്കാർക്കും വേണ്ടി വിവിധ പരിശീലന പരിപാടികൾ നടത്തി വരുന്നു. തൻവർഷം 11918 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിനു പുറമേ വി.എച്ച്.എസ്.സി വിദ്യാർത്ഥികൾ, വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ വകുപ്പ് തല ഉദ്യോഗസ്ഥർ എന്നിവർക്കും വിവിധ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്.

**9.എക്സിബിഷനുകൾ**

മറ്റ് സർക്കാർ വകുപ്പുകളുടേയും, സർക്കാരിതര ഏജൻസികളുടേയും വിവിധ പരിപാടികളോടനുബന്ധിച്ചുള്ള എക്സിബിഷനുകൾ 14 ജില്ലകളിലും സംഘടിപ്പിച്ചു. 2018-19 വർഷം 172 എക്സിബിഷനുകൾ സംഘടിപ്പിച്ചു

**10.ക്ഷീരകർഷക പഠനയാത്ര**

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്കും ക്ഷീരസംഘം പ്രതിനിധികൾക്കും മറ്റ് സംസ്ഥാനങ്ങൾ സന്ദർശിച്ച് ക്ഷീര മേഖലയുമായി ബന്ധപ്പെട്ട ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളും, ഗവേഷണ കേന്ദ്രങ്ങളും, ഡയറി ഫാമുകളും സന്ദർശിക്കുന്നതിനും, ഈ മേഖലയിലെ വിവിധ വശങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനുമായി അഖിലേന്ത്യാ പഠനയാത്ര സംഘടിപ്പിച്ചു. 3.047 ലക്ഷം രൂപ ഇതിനായി ചിലവഴിച്ചു

``

**11.സാങ്കേതിക വിഭാഗം ജീവനക്കാർക്കുള്ള പരിശീലനം**

കഴിഞ്ഞ വർഷം ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, തിരുവനന്തപുരം, കണ്ണൂർ, ഐ.എം.ജി, തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി, സമേതി, ഐ.റ്റി.മിഷൻ, എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ട്, ഹൈദ്രാബാദ് എന്നീ സ്ഥാപനങ്ങൾ മുഖേന വകുപ്പ് ഉദ്യോസ്ഥർക്ക് ക്ഷീരമേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ക്ഷീരമേഖലയിലെ സാധ്യതകളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് അവബോധം നൽകത്തക്ക ക്ലാസ്സുകളും നൽകി.

**12.ഡെയറി ഫാർമർ ഇൻഫർമേഷൻ സെന്ററുകൾ:**

സംസ്ഥാനത്തെ 162 ബ്ലോക്കുതല ഡെയറി എക്സ്റ്റൻഷൻ ഓഫീസുകൾ കർഷകർക്കുള്ള ഇൻഫർമേഷൻ സെന്ററുകളായി പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

**13.സംസ്ഥാന ക്ഷീരകർഷക പാർലമെന്റ്/ഡെയറി സെമിനാർ**

- ♥ സംസ്ഥാനത്തിലെ ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങളുടെ ക്രിയാത്മക അവലോകനത്തിനും പരിഹാര മാർഗ്ഗങ്ങൾ ക്രോഡീകരിക്കുന്നതിനുമായി കർഷക പാർലമെന്റ് സംഘടിപ്പിച്ചു.
- ♥ സംസ്ഥാന ഡയറി സെമിനാറുകൾ സംഘടിപ്പിച്ചു.

**14.മാധ്യമ അവാർഡ്/മാധ്യമ സെമിനാർ**

ക്ഷീരമേഖലയുടെ പ്രസക്തി മാധ്യമങ്ങളുടെ മുഖ്യ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നതിന് ക്ഷീരമേഖലയെക്കുറിച്ചുള്ള മാധ്യമസൃഷ്ടികൾക്ക് അവാർഡുകൾ നൽകി.

**15.ലോക ക്ഷീരദിനാചരണം**

- ♥ പാൽ, പാലുല്പന്നങ്ങൾ, ക്ഷീരമേഖല എന്നിവയുടെ പ്രാധാന്യവും പ്രസക്തിയും സന്ദേശവും ജനഹൃദയങ്ങളിലെത്തിക്കുക എന്ന മഹത്തായ ഉദ്ദേശ്യത്തോടെ ജൂൺ 1 ലോക ക്ഷീരദിനമായി ആചരിക്കുന്നു.
- ♥ ക്ഷീര പരിശീലന കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചു വിദ്യാർത്ഥികൾക്കായി ചിത്രരചന, ഉപന്യാസം, പ്രശ്നോത്തരി എന്നീ മത്സരങ്ങൾ നടത്തി.
- ♥ ക്ഷീര സംഘങ്ങളുടെ നേതൃത്വത്തിൽ അംഗൻവാടികൾ, വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ പാലും പാലുല്പന്നങ്ങളും വിതരണം ചെയ്തു.
- ♥ ബ്ലോക്ക്-ജില്ലാ-സംസ്ഥാന തല പരിപാടികൾ സംഘടിപ്പിച്ചു. അതോടൊപ്പം സെമിനാറുകളും ചർച്ചാക്ലാസ്സുകളും നടത്തി.

``

16.എസ്.ആർ.ഇ.പി. പദ്ധതികൾ (വ്യാവസായികാടിസ്ഥാനത്തിൽ ഡെയറി യൂണിറ്റുകൾ)

വിദേശ രാജ്യങ്ങളിൽ നിന്നും നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികൾക്ക് ഡെയറി ഫാം തുടങ്ങുന്നതിനായി എസ്.ആർ.ഇ.പി പദ്ധതിയിലുൾപ്പെടുത്തി 20 പശു യൂണിറ്റ് എന്ന നൂതന പദ്ധതിക്ക് സർക്കാർ അനുമതി നൽകി. യൂണിറ്റ് ഒന്നിന് 7 ലക്ഷം രൂപ ധനസഹായമായി നൽകുന്ന ഈ പദ്ധതി പ്രകാരം 4 യൂണിറ്റുകൾ 2018-19-ൽ ആരംഭിച്ചു.

17.സമഗ്ര ഇൻഷ്വറൻസ് പദ്ധതി

കേരളത്തിലെ കാലികളേയും കാലി ഉടമകളേയും ഉൾപ്പെടുത്തി ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി 2017-18 വർഷത്തിൽ രൂപകല്പന ചെയ്തത് 2018-19 വർഷത്തിൽ പ്രാബല്യത്തിൽ വന്നു. ക്ഷീര കർഷകരെയും കുടുംബാംഗങ്ങളെയും അവരുടെ ഉരുക്കളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രത്യേക ഇൻഷ്വറൻസ് പദ്ധതിയാണിത്.195 കോടി പ്രീമിയം എണ്ണത്തിൽ സർക്കാർ വിഹിതം ഉണ്ട്. ക്ഷീരകർഷകർ മേഖല യൂണിയനുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തം ഈ പദ്ധതിക്കുണ്ട്. ഇതിനോടകം 20410 ക്ഷീരകർഷകരുടെ എൻറോൾമെൻറ് പൂർത്തിയാക്കി കഴിഞ്ഞു

## *II. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ*

2404-00-102-77

പദ്ധതി വിഹിതം - 660 ലക്ഷം

ചെലവഴിച്ച തുക - 627.6610 ലക്ഷം (99.8%)

പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിൽ തീറ്റപ്പുൽക്കൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം കൊടുത്തു.

ക്ഷീരോല്പാദന മേഖലയിൽ ക്ഷീരകർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം കാലിത്തീറ്റയുടെ വിലവർദ്ധനയാണ്. കാലിത്തീറ്റയുടെയും വയ്ക്കോലിന്റെയും ലഭ്യത കുറയുകയും വില ക്രമാതീതമായി വർദ്ധിച്ചു വരികയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ തീറ്റച്ചെലവ് കുറച്ച് പാലുല്പാദനം വർദ്ധിപ്പിക്കാൻ കർഷകർക്ക് നല്ലയിനം പച്ചപ്പുല്ലിന്റെ ഉപയോഗം വലിയൊരു ആശ്രയമാണ്. ഇതിനായി ഗുണമേന്മയുള്ള നല്ലയിനം പുൽവിത്ത്/പുൽക്കടകൾ ക്ഷീരകർഷകർക്ക് വിതരണം നടത്തി വരുന്നു. ഇതിനാവശ്യമായ ധനസഹായവും വകുപ്പ് ചെയ്യുന്നു. കൂടുതൽ ഭൂമിയുള്ള കർഷകർക്ക് പുൽക്കൃഷി ചെയ്യുന്നതിന് ഹെക്ടർ ന രൂപ നിരക്കിൽ ധനസഹായവും രൂപയുടെ നടീൽ വസ്തുക്കളും സൗജന്യമായി നൽകി വരുന്നു. തിരഞ്ഞെടുത്ത ഈ കർഷകർ കുറഞ്ഞത് സെന്റിലെങ്കിലും പുൽക്കൃഷി ചെയ്യേണ്ടതാണ്. ഇതിനാവശ്യമായ പുൽവിത്തുകൾ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിൽ നിന്നും പുൽകടകൾ സർക്കാർ സഹകരണ

ഫാമുകളിൽ നിന്നും പുൽക്കൃഷി ചെയ്തിട്ടുള്ള കർഷകരിൽ നിന്നും ശേഖരിച്ച് വിതരണം ചെയ്തു വരുന്നു. റിപ്പോർട്ട് വർഷം ഹെക്ടർ സ്ഥലത്തു അധികമായി തീറ്റ പുൽക്കൃഷി വ്യാപനം നടത്തുവാൻ സാധിച്ചു.

എ) ഗുണമേന്മയുള്ള നല്ലയിനം പുൽവിത്ത് /പുൽക്കടകൾ വിതരണം:

- ♣ കർഷകർക്ക് പുൽകൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 12,500/- രൂപ നിരക്കിൽ ധനസഹായവും 7,500/- രൂപയുടെ നടീൽ വസ്തുക്കൾ സൗജന്യമായും നൽകി. തിരുവനന്തപുരത്തെ സ്റ്റേറ്റ് ഫോഡർ ഫാം, ജില്ലകളിലെ അംഗീകൃത തീറ്റപ്പുൽകൃഷി ഏജൻസികൾ എന്നിവ മുഖേനയാണ് പുൽക്കടകൾ ലഭ്യമാക്കുന്നത്.
- ♣ കുറഞ്ഞത് 20 സെന്റിലെങ്കിലും പുൽകൃഷി ചെയ്യേണ്ടതാണ്.
- ♣ റിപ്പോർട്ടുവർഷം ഈ പദ്ധതിയിലൂടെ 2235 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി വ്യാപിപ്പിച്ചു.

ബി) ഹ്രസ്വകാല തീറ്റപ്പുൽ വിളകൾ

- ♣ ഹ്രസ്വകാല വിളകളായ മക്കച്ചോളം, വൻപയർ എന്നിവയുടെ വിത്ത് സൗജന്യമായി വിതരണം ചെയ്തു
- ♣ മക്കച്ചോളം കൃഷി 405 ഹെക്ടറിൽ വ്യാപിപ്പിച്ചു. ഇതിനാവശ്യമായ വിത്തുകൾ കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിൽ നിന്നും വാങ്ങി വിതരണം ചെയ്തു.
- ♣ 10.68 ലക്ഷം രൂപ ഇതിലേക്കായി ചിലവഴിച്ചു

സി) തീറ്റപ്പുൽകൃഷിയിലെ യന്ത്രവത്ക്കരണം:

- ♣ 50 സെന്റിൽ കുറയാതെ പുൽകൃഷി നടത്തുന്നവർക്ക്
- ♣ കർഷകർക്ക് ജലസേചന സൗകര്യത്തിനായി പമ്പ് സെറ്റ്, ടാങ്ക്, ഹോസ് എന്നിവ വാങ്ങുന്നതിനായി 50% സബ്സിഡി (പരമാവധി 10000/- രൂപ) നൽകുന്ന പദ്ധതി.
- ♣ 2018-19-ൽ 84 കർഷകർക്ക് ധനസഹായം നൽകി.
- ♣ പുല്ല് ചെറിയ കഷണങ്ങളായി അരിഞ്ഞ് കൊടുക്കുന്നതിനുള്ള ചാഫ് കട്ടർ വാങ്ങുന്നതിനും പുൽകൃഷി വിളവെടുപ്പ് യന്ത്രവത്ക്കരിക്കുന്നതിനുമായി കർഷകർക്ക് 50% സബ്സിഡിയോടെ പരമാവധി 10000/- രൂപ വരെ ധനസഹായം നൽകി.

``

- റിപ്പോർട്ടുവർഷം 104 കർഷകർക്ക് ധനസഹായം നൽകി.

**ഡി) ഡയറി പ്രൊമോട്ടർമാരുടെ സേവനം**

- ക്ഷീരവികസന യൂണിറ്റുകളിൽ ഒരു ബ്ലോക്കിൽ ഒന്ന് എന്ന രീതിയിൽ 162 ഡെയറി പ്രൊമോട്ടർമാരെ നിയമിച്ചു.
- നിയമനം 8 മാസക്കാലത്തേക്ക് താല്ക്കാലികമായി കരാറടിസ്ഥാനത്തിലാണ് നിയോഗിച്ചത്.

**ഇ) വനിത/സ്വയം സഹായ സംഘങ്ങൾ/ക്ഷീര സംഘങ്ങൾ മുഖേന തീറ്റപ്പുൽകൃഷി**

- ക്ഷീരസഹകരണസംഘങ്ങളുടെ പരിധിയിൽ പശു പരിപാലനത്തിന് താല്പര്യം ഉള്ള വനിതകളെ ഉൾപ്പെടുത്തി തീറ്റപ്പുൽകൃഷി പദ്ധതി നടപ്പിലാക്കുവാനായി സർക്കാർ പ്രത്യേക വനിതാ ഗ്രൂപ്പുകൾ രൂപീകരിച്ചു.
- ഓരോ പ്രാഥമിക ക്ഷീരസംഘത്തിന്റെ പരിധിയിലും 10 വനിതകൾ ഉൾപ്പെടുന്ന തീറ്റപ്പുൽ വികസന ഗ്രൂപ്പുകളെ തെരഞ്ഞെടുത്തു.
- കർഷകർക്ക് ആവശ്യമായ തീറ്റപ്പുല്ലിന്റെ ലഭ്യത ഉറപ്പു വരുത്താനായി 2018-19-ൽ 13 ഗ്രൂപ്പുകൾക്ക് ധനസഹായം ലഭ്യമാക്കി.
- ക്ഷീരസഹകരണ സംഘങ്ങൾ മുഖേന വയ്ക്കോൽ, ഹേ, ധാന്യപ്പൊടികൾ, ചോളം മുതലായവ സംഭരിച്ച് വിപണനം നടത്തുന്നതിന് 65 സംഘങ്ങൾക്ക് ധനസഹായം നൽകി.

**എഫ്) ഹൈഡ്രോപോണിക് തീറ്റപ്പുൽകൃഷി:-**

- കുറഞ്ഞ ചെലവിലുള്ള ഹൈഡ്രോപോണിക് തീറ്റപ്പുൽകൃഷി കർഷകർക്ക് പരിചിതമാക്കുന്നതിന്റെ ഭാഗമായി സർക്കാർ 2018-19 വർഷത്തിൽ 21 കർഷകർക്ക് ചെലവ് കുറഞ്ഞ ഹൈഡ്രോപോണിക്സ് ഫോഡർ മെഷീൻ സ്ഥാപിക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കി. 2 പശു, 5 പശു, 10 പശു യൂണിറ്റുകൾക്ക് ഉപയോഗിക്കത്തക്ക രീതിയിലുള്ള ഹൈഡ്രോപോണിക് സമ്പ്രദായമാണ് നടപ്പിലാക്കിയത്. 22.38 ലക്ഷം രൂപ ചിലവഴിച്ചു

**ഐ) അസോള/തീറ്റപ്പുൽ നേഴ്സറികൾ**

- സംസ്ഥാനത്തെ കർഷകർക്ക് അസോള, തീറ്റപ്പുൽ കൃഷി എന്നിവയ്ക്കാവശ്യമായ നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനായി 2018-19-ൽ 4

നേഴ്സറികൾ സ്ഥാപിക്കുന്നതിനുള്ള 3.622.38 ലക്ഷം രൂപ ധനസഹായം ലഭ്യമാക്കി.

**ജെ) തരിശുഭൂമിയിൽ തീറ്റപ്പുൽകൃഷി**

- ♣ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ പൊതു-സ്വകാര്യ-വ്യക്തിഗത മേഖലയിലുള്ള തരിശുഭൂമി കണ്ടെത്തി ക്ഷീരസംഘം മുഖേന തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്ന പദ്ധതിയാണിത്.
- ♣ റിപ്പോർട്ടുവർഷം 68 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്തു.
- ♣ ഹെക്ടറിന് 93,072 രൂപ നിരക്കിൽ ധനസഹായം നൽകുന്ന ഈ പദ്ധതിയ്ക്കായി 63.25 ലക്ഷം രൂപ ചെലവഴിച്ചു.
- ♣ 2018-19 വർഷം തീറ്റപ്പുൽക്കൃഷി വ്യാപന പദ്ധതിയിലൂടെ ഏകദേശം 22350 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചു.

**കെ) വരൾച്ചാദുരിതാശ്വാസ പദ്ധതി**

- ♣ ക്ഷീരവികസന വകുപ്പിലൂടെ സർക്കാർ നടപ്പിലാക്കിയ ഈ പദ്ധതി വരൾച്ച മൂലം കഷ്ടപ്പെടുന്ന ക്ഷീരകർഷകർക്ക് ഒരു വലിയ ആശ്വാസമായിരുന്നു
- ♣ റിപ്പോർട്ടുവർഷം ക്ഷീരകർഷകർക്ക് കുറഞ്ഞ നിരക്കിൽ പച്ചപ്പുൽ/വൈയ്ക്കോൽ ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്തു.
- ♣ കടത്തുകൂലി ഇനത്തിൽ സംഘങ്ങൾക്ക് പരമാവധി 50000/- രൂപ ധനസഹായം നൽകി.
- ♣ 2018-19 വർഷം 529.56 ലക്ഷം രൂപ സർക്കാർ ധനസഹായത്തോടുകൂടി 532 ക്ഷീരസംഘങ്ങളിലൂടെയാണ് പച്ചപ്പുൽ/വൈക്കോൽ വിതരണം ചെയ്തത്.

**എൽ) സ്റ്റേറ്റ് ഫോഡർ ഫാം**

തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ വില്ലേജിൽ 1962 മുതൽ 131 ഏക്കർ വിസ്തൃതിയിൽ തീറ്റപ്പുൽക്കൃഷി ചെയ്തിരുന്ന സീവേജ് ഫാം ഇപ്പോൾ സ്റ്റേറ്റ് ഫോഡർ ഫാം എന്നാണ് അറിയപ്പെടുന്നത്. വിവിധ കാലയളവിൽ സർക്കാർ വിവിധ ഏജൻസികൾക്ക് ഫാമിന്റെ സ്ഥലം കൈമാറിയശേഷം ഇപ്പോൾ ഏകദേശം 15 ഏക്കറിൽ മാത്രമാണ് തീറ്റപ്പുൽക്കൃഷി ചെയ്യുന്നത്. എങ്കിലും പ്രതിദിനം ശരാശരി 7-8 ടൺ തീറ്റപ്പുല്ല് ഉല്പാദിപ്പിച്ച് 10 കിലോയിലുള്ള 1 കെട്ടിന് 25/- രൂപ നിരക്കിൽ കർഷകർക്കും കുടപ്പനക്കുന്ന് കന്നുകാലി വളർത്തൽ കേന്ദ്രത്തിനും നൽകുന്നു. ഇതുകൂടാതെ കർഷകർക്ക് പുൽക്കൃഷി ചെയ്യുന്നതിനാവശ്യമായ നടീൽ വസ്തുക്കളും

ഒരു രൂപ നിരക്കിൽ വില്പന നടത്തുന്നു. ഫാമിൽ 11 സ്ഥിരം തൊഴിലാളികളും 23 താല്ക്കാലിക തൊഴിലാളികളും 18 മറ്റു ജീവനക്കാരും ജോലി ചെയ്യുന്നു. അതിനുപുറമേ ഫാം ഉല്പന്നങ്ങളുടെ വില്പനവിലയിലൂടെ വർഷം 45 ലക്ഷത്തോളം രൂപ സംസ്ഥാന ഖജനാവിൽ നേരിട്ട് ലഭിക്കുന്നുണ്ട്. ഫാമിനോടനുബന്ധിച്ച് തീറ്റപ്പുൽ ഉല്പാദനത്തിന്റെ വിവിധ വശങ്ങൾ പരിചയപ്പെടുത്തുന്ന ഒരു പരിശീലനകേന്ദ്രം കൂടി ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. 5.189 ലക്ഷം രൂപ വിവിധ പ്രവർത്തനങ്ങൾക്കു ചിലവഴിച്ചു

## *III. ക്ഷീരസഹകരണസംഘങ്ങൾക്ക് സഹായം*

| | | |
|---|---|---|
| ശീർഷകം | - | 2404-00-195-94 |
| പദ്ധതി വിഹിതം (ഒറിജിനൽ) | - | 2307.66 ലക്ഷം |
| റീ-അപ്രോപ്രിയേഷന് ശേഷമുള്ള വിഹിതം | - | 1877.66 ലക്ഷം |
| ചെലവഴിച്ച തുക | - | 1854.032ലക്ഷം (98.7%) |

ക്ഷീര കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവനും സംഭരിച്ചു വിപണനം നടത്തുന്നതിനും ഗ്രാമപ്രദേശങ്ങളിൽ ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അവയുടെ പ്രവർത്തനം നവീകരിക്കുന്നതിനും വേണ്ടിയുള്ള പരിപാടികൾ ക്ഷീര വികസന വകുപ്പ് നടത്തി വരുന്നു.

**എ) ക്ഷീരസംഘങ്ങളുടെ രൂപീകരണവും പുനരുദ്ധാരണവും:**

- ♠ പ്രവർത്തനരഹിതമായ സംഘങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും/ പുതുതായി ക്ഷീരസംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും ഒരു സംഘത്തിന് 61500/- രൂപ നിരക്കിൽ ധനസഹായം നൽകി.
- ♠ റിപ്പോർട്ടുവർഷം ഈ രണ്ടിനങ്ങളിലുമായി 47 സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.
- ♠ 2019 മാർച്ച് 31 വരെ ആകെ 3680 ക്ഷീരസംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

**ബി) ക്ഷീരസഹകരണ സംഘങ്ങൾക്ക് അവശ്യാധിഷ്ഠിത ധനസഹായം:**

- ♠ ഓഫീസ് ഫർണിച്ചർ, കമ്പ്യൂട്ടറുകൾ, വാട്ടർ ഹീറ്റർ, ജനറേറ്റർ, ബൾക്ക് മിൽക്ക് കൂളർ മുതലായവ വാങ്ങുന്നതിന് അവശ്യാധിഷ്ഠിത ധനസഹായം നൽകി.
- ♠ ചെലവിന്റെ 60%, പരമാവധി 1,20,000/- രൂപയാണ് ധനസഹായമായി നൽകുന്നത്.
- ♠ 2018-19-ൽ 715 ക്ഷീര സംഘങ്ങൾക്ക് ധനസഹായം നൽകി.

**സി) ഭക്ഷ്യസുരക്ഷാ നിയമാനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾ:**

- സംഘങ്ങളിലെ പാൽ സംഭരണവും ഗുണനിലവാര പരിശോധനയും കുറ്റമറ്റതാക്കുന്നതിന് സംസ്ഥാനത്തെ 41 ക്ഷീരസംഘങ്ങളിൽ ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകി.
- സംസ്ഥാനത്തെ 1003 ക്ഷീരകർഷകർക്ക് ഭക്ഷ്യസുരക്ഷാ നിയമങ്ങളെക്കുറിച്ചുള്ള അവബോധം നൽകുന്നതിനുള്ള പരിശീലനം നൽകി.
- ഭക്ഷ്യസുരക്ഷാനിയമം അനുശാസിക്കുന്ന രീതിയിൽ സംഘങ്ങൾ പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് 472 ക്ഷീരസംഘങ്ങൾക്ക് റിപ്പോർട്ടുവർഷം ധനസഹായം നൽകി.

**ഡി) ഇൻഫർമേഷൻ കിയോസ്കുകൾ:**

- ക്ഷീരകർഷകർക്ക് ആവശ്യമായ വിവരങ്ങൾ ക്ഷീരസംഘത്തിൽ നിന്നു തന്നെ ക്ഷീരകർഷകരുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനായി 1 ക്ഷീരസംഘങ്ങളിൽ കൂടി ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിച്ചു.

# IV) ക്ഷീര സഹകരണ സംഘങ്ങൾക്ക് മൂലധന സഹായം

| | |
|---|---|
| ശീർഷകം | 4404-00-195-98 |
| പദ്ധതി വിഹിതം | 536.34 ലക്ഷം |
| After plan cut | 436.34 ലക്ഷം |
| ചിലവഴിച്ചത് | 429.171 ലക്ഷം (98.4%) |

- പാൽ സംഭരണ സൗകര്യവും സംഭരണ കേന്ദ്രത്തിന്റെ ശുചിത്വവും
  ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ക്ഷീര സഹകരണ സംഘങ്ങളിലെ പാൽ സംഭരണ കേന്ദ്രത്തിന്റെ ശുചിത്വം വളരെ പ്രാധാന്യമർഹിക്കുന്നു.
- മിൽക്ക് കളക്ഷൻ റൂം നിർമ്മിക്കുന്നതിനും നിലവിലുള്ള മിൽക്ക് കളക്ഷൻ റൂമിന്റെ നവീകരണത്തിനും ശുചിത്വം ഉറപ്പാക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾക്ക് വേണ്ടിയും ധനസഹായം നൽകുന്നു.
- ഒരു സംഘത്തിന് 375000/-രൂപയാണ് ധനസഹായം നൽകുന്നത്
- റിപ്പോർട്ട് വർഷം 48 സംഘങ്ങൾക്ക് 177.10 ലക്ഷം രൂപ ധനസഹായം അനുവദിച്ചു

**എ) ഫാർമർ ഫെസിലിറ്റേഷൻ സെന്ററുകൾ:**

- ക്ഷീരകർഷകർക്ക് ഒരുമിച്ച് കൂടുന്നതിനും, സെമിനാറുകൾ, കർഷക സമ്പർക്ക പരിപാടികൾ എന്നിവ നടത്തുന്നതിനുമായി ഫാർമർ ഫെസിലിറ്റേഷൻ സെന്ററുകൾ 48 ക്ഷീരസംഘങ്ങളിൽ 2018-19 വർഷം സ്ഥാപിച്ചു.

``

- ഒരു സംഘത്തിന് ചെലവാകുന്ന തുകയുടെ 60 ശതമാനം പരമാവധി 5,25,000/- രൂപ വരെ ആണ് ധനസഹായമായി ലഭിക്കുന്നത്.
- 2018-19-ൽ 252 ലക്ഷം രൂപയാണ് ധനസഹായമായി ക്ഷീരസംഘങ്ങൾക്ക് നൽകിയത്.

**ബി) മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റവും കമ്പ്യൂട്ടർവൽക്കരണവും:**

- ക്ഷീരസംഘങ്ങളിൽ പാൽ സംസ്കരണത്തിനും വിപണനത്തിനും വേണ്ട അടിസ്ഥാന സൗകര്യ വികസനത്തിനായി ETP, SEC,RWH- 46.35 ലക്ഷം രൂപ, DCS Infra structure development 23.81 ലക്ഷം രൂപ ധനസഹായം നൽകി
- ഓട്ടോമേഷനും ശൃംഖലാ സംവിധാനവും നിലനിർത്തുന്നതിനായി ജില്ലാതല കൺസോർഷ്യത്തിനുള്ള 20 ലക്ഷം രൂപ ധനസഹായം നൽകി
- ക്ഷീരസഹകരണ സംഘങ്ങൾക്ക് ഒരു ഏകീകൃത സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിനുള്ള പദ്ധതിയ്ക്കായി 10 ലക്ഷം രൂപ ചെലവഴിച്ചു.

**സി) ഡോ. വർഗ്ഗീസ് കുര്യൻ അവാർഡ്**

- ധവള വിപ്ലവപദ്ധതിയുടെ ഉപജ്ഞാതാവായ ഡോ. വർഗ്ഗീസ് കുര്യന്റെ നാമധേയത്തിൽ സംസ്ഥാന സർക്കാർ നൽകുന്ന ഏറ്റവും മികച്ച ആപ്കോസ്/പരമ്പരാഗത ക്ഷീരസംഘങ്ങൾക്ക് അവാർഡ് നൽകി.
- ഒരു ലക്ഷം രൂപയും പ്രശസ്തി ഫലകവും സർട്ടിഫിക്കറ്റും അവാർഡായി നൽകി.

ഡി) **മിൽക്ക് റൂട്ട് അസിസ്റ്റൻസ്:**

- മിൽമയുടെ പാൽ സംഭരണ റൂട്ടില്ലാത്ത ക്ഷീരസംഘങ്ങൾക്ക് അടുത്ത സംഭരണകേന്ദ്രത്തിൽ പാൽ എത്തിക്കുന്നതിനായി മിൽക്ക് റൂട്ട് അസിസ്റ്റൻസിനായി 102 സംഘങ്ങൾക്ക് ധനസഹായം നൽകിയതിലൂടെ ഇത്തരം സംഘങ്ങളെ അടച്ചുപൂട്ടൽ ഭീഷണിയിൽ നിന്നും രക്ഷപ്പെടുത്തി.

**ഇ) ക്ഷീര സഹകരണ സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി:**

- പ്രതിദിനം 150 ലിറ്ററിൽ താഴെ സംഭരണം ഉള്ളതും സാമ്പത്തിക ഭദ്രത ഇല്ലാത്തതും ആയ സംസ്ഥാനത്തെ 131 ക്ഷീരസംഘങ്ങൾക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിച്ചു. ഓരോ ക്ഷീരസംഘത്തിലെയും 2 ജീവനക്കാർക്ക് 10 മാസത്തെ ശമ്പളത്തിന്റെ 50% (പരമാവധി 35,000/- രൂപ ഒരു സംഘത്തിന്) ഈ പദ്ധതി മുഖാന്തരം സർക്കാർ ധനസഹായമായി അനുവദിച്ചു. ഈ പദ്ധതി സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന ക്ഷീര സഹകരണ സംഘങ്ങൾക്ക് ഒരു വലിയ അനുഗ്രഹമായി. ഇതിലൂടെ സങ്കങ്ങളുടെ അടച്ചു പൂട്ടൽ ഭീഷണി ഒഴിവാക്കാൻ സാധിച്ചു

എൽ) മേഖലാതല/സംസ്ഥാനതല ശില്പശാലകൾ

- ബ്ലോക്കുതലം മുതലുള്ള എല്ലാ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് മേഖല-സംസ്ഥാനതല ശില്പശാലകൾ സംഘടിപ്പിച്ച് ഓരോ ജില്ലയിലും ഏറ്റെടുക്കേണ്ട കർമ്മ പദ്ധതികൾ ചർച്ച ചെയ്ത് രൂപപ്പെടുത്തുകയും ഈ രംഗത്ത് പ്രവർത്തിക്കുന്ന ഇതര ഏജൻസികളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് ക്ഷീരവികസനത്തിനാവശ്യമായ കർമ്മപദ്ധതികൾക്ക് രൂപം നൽകുകയും ചെയ്തു

*V. മിൽക്ക്ഷെഡ് വികസന പദ്ധതി*

| | | |
|---|---|---|
| ശീർഷകം | - | 2404-00-109-93-34 |
| പദ്ധതി വിഹിതം(ഒറിജിനൽ) | - | 4600 ലക്ഷം |
| റീ-അപ്രോപ്രിയേഷന് ശേഷമുള്ള വിഹിതം | - | 4480 ലക്ഷം |
| ചെലവഴിച്ച തുക | - | 4379.554ലക്ഷം (97.8%) |

- ക്ഷീരോല്പാദന മേഖലയിലേയ്ക്ക് കൂടുതൽ കർഷകരെയും, സംരംഭകരേയും, സ്വയം സഹായ സംഘങ്ങളെയും കൊണ്ടുവരിക, കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിലൂടെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് മിൽക്ക് ഷെഡ് വികസന പദ്ധതിയ്ക്ക് രൂപം കൊടുത്തിരിക്കുന്നത്. സംസ്ഥാനത്തെ ക്ഷീര വികസന രംഗം ശാക്തികരിക്കുവാനും സ്ഥിരത പുലർത്തുവാനും മിൽക്ക് ഷെഡ് വികസന പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്.
  - കഴിഞ്ഞ വർഷം ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ മിൽക്ക് ഷെഡ് വികസന പദ്ധതി, സമഗ്ര ക്ഷീരവികസന പദ്ധതി, ഡെയറി സോൺ രൂപീകരണ പദ്ധതി, ക്ഷീരഗ്രാമം പദ്ധതി എന്നിവയിലൂടെ സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.
  - ക്ഷീരസഹകരണ സംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ റെക്കോർഡ് വർദ്ധനവ് ഉണ്ടായി.
- 2015-16-ൽ 5.57 ലക്ഷം ടൺ ആയിരുന്ന പാൽ സംഭരണം 2016-17-ൽ 5.94 ലക്ഷം ടണ്ണും 2017-18-ൽ 6.64 ലക്ഷം ടണ്ണായും **2018-19 ൽ 6.8 ലക്ഷം ടൺ ആയും വർദ്ധിച്ചു.**

``

## *V.1. പരമ്പരാഗത മിൽക്ക് ഷെഡ് വികസന പദ്ധതി*

**എ) ഡെയറി യൂണിറ്റുകൾ :**

- ഒന്ന്, രണ്ട്, അഞ്ച്, പത്ത് എന്നിങ്ങനെ കറവമാടുകൾ വീതമുള്ള 813ഡെയറി യൂണിറ്റുകൾ സ്ഥാപിച്ചതിലൂടെ 1831 കറവമാടുകളെ സംസ്ഥാനത്ത് എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്.
- 6.2959 കോടി രൂപയാണ് ധനസഹായം നൽകിയത്.

**ബി) കിടാരി യൂണിറ്റ്:**

- 5,10 വീതമുള്ള 259 കിടാരി വളർത്തൽ യൂണിറ്റുകൾ സ്ഥാപിച്ചു.
- 1530 മികച്ച ഇനം കിടാരികളെ സംസ്ഥാനത്ത് പുതുതായി എത്തിച്ചു.
- 259 ഗുണഭോക്താക്കൾക്ക് 3.01764 കോടി രൂപ ധനസഹായമായി നൽകി.

**സി) ഡെയറി ഫാമിന്റെ ആധുനികവൽക്കരണം:**

- ഡെയറി ഫാമുകളുടെ ആധുനികവൽക്കരണ, വികസന പ്രവർത്തനങ്ങൾ, കറവ യന്ത്രങ്ങൾ, ശാസ്ത്രീയ കാലിത്തൊഴുത്ത് നിർമ്മാണം തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി ധനസഹായം നൽകുന്ന പദ്ധതി.
- റിപ്പോർട്ടുവർഷം **5.6** കോടി രൂപ ധനസഹായമായി നൽകി.
- 1388 ക്ഷീരകർഷകർക്ക് പ്രയോജനം ലഭിച്ചു.

**ഡി) വുമൺ ക്യാറ്റിൽ കെയർ വർക്കർമാർ :**

- പദ്ധതിയുടെ ഭാഗമായി 162 ബ്ലോക്കിലും 6 മാസക്കാലയളവിലേയ്ക്ക് 162 വുമൺ ക്യാറ്റിൽ കെയർ വർക്കർമാരെ താല്ക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചു.
- 162 വുമൺ ക്യാറ്റിൽ കെയർ വർക്കർമാർക്ക് തൊഴിൽ നൽകുന്നതിനായി സർക്കാർ 39.85 ലക്ഷം രൂപ ചെലവഴിച്ചു.

## *V.2. **ക്ഷീരഗ്രാമം പദ്ധതി:***

- ക്ഷീരോല്പാദനത്തിന് അനുയോജ്യമായതും കൂടുതൽ സാധ്യതയുള്ളതുമായ പഞ്ചായത്തുകളെ തെരഞ്ഞെടുത്താണ് സംയോജിത ക്ഷീരവികസന പദ്ധതിയായ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.
- 2018-19 വർഷം 10 ഗ്രാമപഞ്ചായത്തുകളിൽ 4.019 കോടി രൂപ ചെലവഴിച്ചു.
- തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ലയിലെ മേലില, തൊടിയൂർ ഗ്രാമപഞ്ചായത്തുകൾ , ആലപ്പുഴ ജില്ലയിലെ വയലാർ

ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ കോലാഴി ഗ്രാമ പഞ്ചായത്ത്, മലപ്പുറം ജില്ലയിലെ കണ്ണമംഗലം വട്ടംകുളം ഗ്രാമപഞ്ചായത്തുകൾ, കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് കണ്ണൂർ ജില്ലയിലെ തില്ലങ്കേരി, കാസർഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത് എന്നിവിടങ്ങളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി.

- ❖ 871 കറവപ്പശുക്കളെയും 80 കിടാരികളെയും പുതിയതായി സംസ്ഥാനത്ത് എത്തിക്കാൻ സാധിച്ചു. 336 കർഷകർക്ക് ധനസഹായം ലഭ്യമാക്കി.
- ❖ ഡെയറി ഫാമിന്റെ ആധുനികവൽക്കരണം, കറവയന്ത്രം എന്നിവയ്ക്കായി 176 കർഷകർക്ക് ധനസഹായം നൽകി. ഈ പദ്ധതിയിലേക്ക് വുമൺ ക്യാറ്റിൽ കെയർ വർക്കറിന് 0.756 ലക്ഷം രൂപ ചിലവഴിച്ചു കർഷകർക്ക് പരിശീലനം നൽകുന്നതിന് 3.294 ലക്ഷം രൂപ ചിലവഴിച്ചു.

## VI) പ്രത്യേക പുനരധിവാസ പദ്ധതി

ഈ നൂറ്റാണ്ടു നേരിട്ട ഏറ്റവും വലിയ കാലാവർഷക്കെടുതിക്കാണ് കേരളം സാക്ഷ്യം വഹിച്ചത് പ്രളയം മനുഷ്യ ജീവനോടൊപ്പം തന്നെ കാലികളുടെയും നിലനില്പിനേയും വളരെയേറെ പ്രതികൂലമായി ബാധിച്ചു. ഊരുക്കൾ ചത്ത് പോകുക സഞ്ചാരയോഗ്യമല്ലാത്തതിനാൽ പാൽ കറന്നു സംഘത്തിൽ എത്തിക്കുവാനും സംഘത്തിൽ സംഭരിക്കാനും തുടർന്ന് വിപണനം ചെയ്യുവാനും സാധിക്കാതിരിക്കുക ക്ഷീര സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾക്ക് ഉണ്ടായ നഷ്ടങ്ങൾ വൈക്കോൽ സംഭരണം തീറ്റപ്പുൽ കൃഷി എന്നിവ പൂർണമായി വെള്ളം കയറി നശിച്ച അവസ്ഥാ ഇവയെല്ലാം സംസ്ഥാനത്തെ ക്ഷീര മേഖലക്ക് കനത്ത നാശനഷ്ടം ആണ് വിതച്ചത്

ക്ഷീരമേഖലയെ സംബന്ധിച്ചിടത്തോളം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ എന്നി ജില്ലകൾക്കാണ് കാര്യമായ നാശ നഷ്ടങ്ങൾ ഉണ്ടായത്. 172 കോടി രൂപയാണ് കാലവർഷക്കെടുതി മൂലം മൃഗസംരക്ഷണം/ക്ഷീരവികസന മേഖലയിൽ നഷ്ടം ഉണ്ടായതായി കണക്കുകൾ സൂചിപ്പിക്കുന്നത് . ഇതിൽ 107 കോടി രൂപയും ക്ഷീരമേഖലയിൽ മാത്രമായി ഉണ്ടായ നഷ്ടമാണ്.

ഈ ദുരന്തം ക്ഷീരമേഖലയെ ഒരു 5 വർഷം പുറകോട്ടു കൊണ്ട് പോയി എന്ന് വ്യക്തമാണ്. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു തുക കണ്ടെത്തുന്നതിനായി 2018-19 വർഷത്തെ വാർഷിക തുകയായ 10753 ലക്ഷം

ൂപയിൽ നിന്ന് 20 ശതമാനം കുറവ് (2151 ലക്ഷം രൂപ ) വരുത്തി 8602 ലക്ഷം രൂപയായി പുനർ നിർണ്ണയിച്ചിട്ടുണ്ട്

നഷ്ടപെട്ട ഊരുക്കൾക്കു പകരമായി പുതിയ ഊരുക്കളെ വാങ്ങുന്നതിനു ധനസഹായം നൽകുന്നതിനും കാലിത്തൊഴുത്തിനു വന്ന നാശനഷ്ടങ്ങൾ നികത്തുന്നതിനും പുതിയ തൊഴുത്തുകളുടെ നിർമ്മാണം യാഥാർഥ്യമാക്കുന്നതിനുമുള്ള പ്രത്യേക ധനസഹായ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്

**പ്രത്യേക പുനരധിവാസ പദ്ധതി നടപ്പിലാക്കിയ പദ്ധതി ഘടകങ്ങൾ**

| ക്രമ നം. | പദ്ധതി ഘടകം | ഭൗതിക ലക്ഷ്യം | നേട്ടം | വാങ്ങിയ പശുക്കളുടെ എണ്ണം | വിനിയോഗിച്ച തുക (ലക്ഷം) |
|---|---|---|---|---|---|
| 1 | ഗോധനം | 1158 | 1158 | 1158 | 382.14 |
| 2 | പശു യൂണിറ്റ് | 879 | 879 | 1758 | 580.14 |
| 3 | ധാതുലവണ മിശ്രിത വിതരണം | 15600 കി.ഗ്രാം. | 15600 കി.ഗ്രാം. | | 15.6 |
| 4 | അവശ്യാധിഷ്ഠിത ധനസഹായം | 1562 | 1562 | | 775.7 |
| 4 | ശാസ്ത്രീയ കാലിത്തൊഴുത്ത് നിർമ്മാണം | 567 | 567 | | 283.14 |
| 5 | കാലാവസ്ഥാ വ്യതിയാനത്തിനനുസൃതമായ കാലിത്തൊഴുത്ത് നിർമ്മാണം | 78 | 78 | | 78 |
| 6 | വുമൺ ക്യാറ്റിൽ കെയർ വർക്കർ | | | | 3.6 |
| 7 | പ്രത്യേക പരിശീലന പരിപാടി | | | | 11.2 |
| 8 | ഡോക്യുമെന്റഷൻ ചാർജ്ജ്സ് | | | | 13.55 |

### *V11) കാലിത്തീറ്റയ്ക്കുള്ള സബ്സിഡി*

ശീർഷകം - 2404-00-102-79

പദ്ധതി വിഹിതം - 1500 ലക്ഷം

റീ അപ്പ്രോപ്രിയേഷന് ശേഷമുള്ള പദ്ധതി വിഹിതം - 100 ലക്ഷം

ചെലവഴിച്ച തുക - 100 ലക്ഷം (100%)

``

2018-19 സാമ്പത്തിക വർഷത്തിൽ 15600 കിലോഗ്രാം ധാതുലവണം മിശ്രിതം 15.6 ലക്ഷം രൂപ ധനസഹായം കർഷകർക്ക് നൽകി

3.48 ലക്ഷം കർഷക്കറുടെ ഓൺലൈൻ രെജിസ്ട്രേഷൻ പൂർത്തിയായി

## കിടാരി പാർക്കുകൾ

വരുംതലമുറയിലെ കറവപ്പശുക്കളെ വർത്തിയെടുക്കുന്നതിനുള്ള മാതൃകപദ്ധതി

100 കിടാരികൾ വീതമുള്ള 2 കിടാരി പാർക്ക് പദ്ധതികൾ നടപ്പിലാക്കി വരുന്നു

ഒരു പാർക്കിനു 19.37 ലക്ഷം രൂപയുടെ ധനസഹായം

ക്ഷീര സഹകരണ സംഘങ്ങൾ മുഖേന പാർക്ക് സ്ഥാപിക്കും

തുടർ വർഷങ്ങളിൽ കൂടുതൽ പാർക്കുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്

## *VII1) ഗുണനിയന്ത്രണലാബുകളുടെ ശാക്തീകരണം*

| | | |
|---|---|---|
| ശീർഷകം | - | 2404-00-109-95 |
| പദ്ധതി വിഹിതം(ഒറിജിനൽ) | - | 504 ലക്ഷം |
| റീ-അപ്രോപ്രിയേഷനു ശേഷമുള്ള പദ്ധതിവിഹിതം | - | 434 ലക്ഷം |
| ചെലവഴിച്ച തുക | - | 320.76 ലക്ഷം |

- 14 ജില്ലകളിലുമുള്ള പാൽ ഗുണനിയന്ത്രണ യൂണിറ്റുകളിലൂടെ സംസ്ഥാന പാൽ ഗുണനിലവാരം നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കി.
- ക്ഷീരകർഷകർക്കുള്ള പാൽ ഗുണമേന്മ ബോധവൽക്കരണ പരിപാടി ഉപഭോക്താക്കൾക്കുള്ള മുഖാമുഖം പരിപാടികൾ എന്നിവ ഈ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നു.
- ക്ഷീരസംഘങ്ങളിലെ പരിശോധനാ ഉപകരണങ്ങളുടെ സ്റ്റാൻഡർഡൈസേഷൻ നടത്തിക്കൊടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു.
- ഓണക്കാലത്ത് വിപണിയിൽ വില്പനയ്ക്കായി വരുന്ന വിവിധ ബ്രാൻഡുകളുടെ നിലവാരം സംബന്ധിച്ച് ഉപഭോക്താക്കളെ ബോധവാന്മാരാക്കുന്നതിന് ജില്ലാ ആസ്ഥാനങ്ങളിലും ഓണത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന പ്രദർശനമേളകളിലും പരിശോധനാ സംവിധാനം സർക്കാർ ഒരുക്കി. പ്രത്യേക ഓണം ഡ്രൈവിനായി 4.659 ലക്ഷം രൂപ ചിലവഴിച്ചു
- ജില്ലാ ഗുണനിയന്ത്രണ ലാബുകളിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുന്നതിനും, സ്റ്റേറ്റ് ഡെയറി ലാബിന്റെ പ്രവർത്തനങ്ങൾക്കുമായി പദ്ധതി തുക ചെലവഴിച്ചു.

1. **ഗുണനിലവാര നിയന്ത്രണ പദ്ധതികൾ**

- കേരളത്തിൽ ഉല്പാദിപ്പിക്കുന്നതും സംഭരിക്കുന്നതും, ശീതീകരിച്ച്, സംസ്കരിച്ച് വിൽക്കുന്നതുമായ പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു.
- ഉപഭോക്താക്കൾക്ക് ശുദ്ധവും ഗുണമേന്മ ഉള്ളതും വിഷവിമുക്തവുമായ പാൽ/പാലുല്പന്നങ്ങൾ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നു.

``

- മിനി ഡെയറി ഫാമുകൾ നടത്തുന്നതും തെരഞ്ഞെടുക്കപ്പെട്ടതുമായ 214 സംരംഭകർക്ക് ഫാം തലത്തിൽ ശുചിത്വം ഉറപ്പാക്കുന്നതിനും ശീതീകരണ സംവിധാനം സ്ഥാപിക്കുന്നതിനും 75000 രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതി 2018-19-ൽ നടപ്പിലാക്കി.
- ക്ഷീരസംഘങ്ങളിൽ ശുചീകരണ സംവിധാനവും ശീതീകരണ സംവിധാനവും ഉറപ്പാക്കുവാനുള്ള ധനസഹായ പദ്ധതികളും നടപ്പിലാക്കി.
- 32 സംഘങ്ങൾക്ക് ആവശ്യാധിഷ്ഠിതമായ ധനസഹായ എണ്ണത്തിൽ 12 ലക്ഷം രൂപ ചിലവഴിച്ചു. ലാബ് സെറ്റിങ്ങിനായി 35 സംഘങ്ങൾക്ക് 2.6 ലക്ഷം രൂപ ചിലവഴിച്ചു.

**2.പാൽ പരിശോധനാ സംവിധാനം ശക്തിപ്പെടുത്തി**

- കോട്ടയം, ആലത്തൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കൂടുതൽ പദ്ധതി വിഹിതം 2018-19 വർഷം വകയിരുത്തി.

**3. അതിർത്തി ചെക്ക് പോസ്റ്റുകളിൽ സ്ഥിരം പാൽ പരിശോധനാ സൗകര്യം എന്നത് സാക്ഷാത്ക്കരിക്കപ്പെട്ടു.**

- അന്യ സംസ്ഥാനത്ത് നിന്നും അനാരോഗ്യകരമായ വസ്തുക്കൾ അടങ്ങിയ പാൽ ഉണ്ടാക്കുന്ന ആരോഗ്യ ഭീക്ഷണി നേരിടുന്നതിനായി അതിർത്തി ചെക്ക് പോസ്റ്റുകളിൽ പൊതുജനാരോഗ്യം മുൻനിർത്തി സ്ഥിരം പാൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തി.
  - മീനാക്ഷിപുരം ചെക്ക് പോസ്റ്റിൽ സ്ഥിരം സംവിധാനം നിലവിൽ വന്നു . ആര്യങ്കാവ് ചെക് പോസ്റ്റിൽ തൻ വർഷം സ്ഥിരം പരിശോധന സംവിധാനം നിലവിൽ വന്നു പാറശ്ശാല, ചെക്ക് പോസ്റ്റിൽ സ്ഥിരം പരിശോധനാ സംവിധാനത്തിന് നടപടികൾ സ്വീകരിച്ചു വരുന്നു.

## *IX) വയനാട് ജില്ലയിലെ ക്ഷീര വികസനത്തിനായി പ്രത്യേക പാക്കേജ്:*

വയനാട് ജില്ലയിലെ സമ്പൂർണ്ണ ക്ഷീരവികസനം ലക്ഷ്യമാക്കി 25,00,000/- രൂപയുടെ പദ്ധതികൾ 2018-19 വർഷം നടപ്പിലാക്കി.

പദ്ധതിപ്രകാരം 2018-19 വർഷം താഴെ പറയുന്ന ഘടകങ്ങളാണ് നടപ്പിലാക്കിയത്

| പദ്ധതിഘടകം | എണ്ണം | ധനസഹായത്തുക (ലക്ഷം) |
|---|---|---|
| ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം | 50 | 10 |
| ധാതുലവണ മിശ്രിതം | 4380 കി.ഗ്രാം | 4.38 |
| അവശ്യാധിഷ്ഠിത ധനസഹായം | 40 | 10 |
| ബോധവൽക്കരണ പരിശീലന പരിപാടി | 90 | 0.198 |
| Implimentation, ഡോക്യുമെന്റഷൻ ചാർജ്ജ്സ് | 1 | 0.422 |
| **ആകെ** | | 25 |

``

# ക്ഷീര കർഷക ക്ഷേമ നിധി ബോർഡിന് ക്ഷീരകർഷകരുടെ ഇൻഷുറൻസ് പരിരക്ഷക്കുള്ള ധനസഹായം

ശീർഷകം - 2404-00-102-76

പദ്ധതി വിഹിതം(ഒറിജിനൽ) - 25 ലക്ഷം

ചെലവഴിച്ച തുക - 25 ലക്ഷം

ക്ഷീര സുരക്ഷാ പദ്ധതി പ്രകാരം അപകട മരണത്തിന്റെ ധനസഹായമായി രൂപയും അപകടം സ്ട്രോക്ക് എന്നിവ മൂലമുണ്ടാകുന്ന സ്ഥായിയായ അവശതക്കു പരമാവധി 10000/- രൂപയും മാരകരോഗങ്ങൾക്കുള്ള ചികിത്സാസഹായധനമായി പരമാവധി 15000/- രൂപയും പകർച്ചവ്യാധികൾക്കു പശുപരിപാലനത്തിനിടെ ക്ഷീരകര്ഷകര്ക്കുണ്ടാകുന്ന അസുഖങ്ങൾക്ക്, ശസ്ത്രക്രിയ ആവശ്യമില്ലാത്ത ഗുരുതരമായ പരിക്കുകൾക്കു, പാമ്പുകടി പേവിഷബാധ തുടങ്ങിയവയുടെ ചികിത്സാധന സഹായമായി പരമാവധി 2000/- രൂപയും അനുവദിക്കുന്നുണ്ട്.

## കേരള മിൽക്ക് മാർക്കറ്റിങ് ഫെഡറേഷനുള്ള ധനസഹായം

ശീർഷകം - 2404-00-195-92

പദ്ധതി വിഹിതം(ഒറിജിനൽ) - 774 ലക്ഷം

ചെലവഴിച്ച തുക - 774 ലക്ഷം

## ക്ഷേമനിധി ബോർഡിന് കർഷക പെൻഷൻ നൽകുന്നതിനുള്ള ധനസഹായം

ശീർഷകം - 2404-00-800-78

പദ്ധതി വിഹിതം(ഒറിജിനൽ) - 3049.28 ലക്ഷം

ചെലവഴിച്ച തുക - 3049.27 ലക്ഷം

# ബ്രഹ്മഗിരി ഡെവലൊപ്മെന്റ് സൊസൈറ്റി

ശീർഷകം - 2404-00-102-78

പദ്ധതി വിഹിതം(ഒറിജിനൽ) - 50 ലക്ഷം

ചെലവഴിച്ച തുക - 50 ലക്ഷം

| പദ്ധതി ഘടകം | ചിലവഴിച്ച തുക (ലക്ഷം) |
|---|---|
| ബ്രഹ്മഗിരി ട്രെയിനിങ് സെന്റർ | 15.82 |
| വെച്ചൂർ പശു വളർത്തൽ | 2.76852 |
| എരുമ വളർത്തൽ | 6.15055 |
| പോത്തുകുട്ടി വളർത്തൽ | 8.5666 |
| കാളക്കുട്ടി വളർത്തൽ | 2.6838 |
| കിടാരി വളർത്തൽ | 7.8113 |
| ആട് വളർത്തൽ | 6.1992 |
| **ആകെ** | **50** |

``

## 7) ധനകാര്യം

2018-19 വർഷത്തിൽ ക്ഷീരവികസന വകുപ്പ് പദ്ധതിയിനത്തിൽ ആകെ വകയിരുത്തിയ 14576.28 ലക്ഷം രൂപയിൽ 12175.0376 ലക്ഷം രൂപ ചെലവഴിച്ച് 97.986 ശതമാനം എന്ന മികച്ച നേട്ടമാണ് കൈവരിച്ചത്. പദ്ധതിയേതര ഇനത്തിൽ 6629.18 ലക്ഷം രൂപ അനുവദിച്ചതിൽ 6602.10 ലക്ഷം രൂപയാണ് റിപ്പോർട്ടുവർഷത്തിൽ ചെലവഴിച്ചത് (99.59 ശതമാനം).

## 8) അടിസ്ഥാന സൗകര്യ വികസനം

- ♣ ഇടുക്കി ക്വാളിറ്റി കൺട്രോൾ യൂണിറ്റിനുവേണ്ടി മൊബൈൽ ക്വാളിറ്റി കൺട്രോൾ വാഹനം ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വാങ്ങിയിട്ടുണ്ട്. 10 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.
- ♣ ക്ഷീരപരിശീലനകേന്ദ്രം, കോഴിക്കോട് – ക്യാന്റീൻ നിർമ്മാണം , കിച്ചൻ നിർമ്മാണം, വർക്കേഴ്സ് ഷെൽട്ടർ നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് 53,75,000/- രൂപ ചെലവഴിച്ചു.

## 9). പ്രസിദ്ധീകരണങ്ങൾ

ക്ഷീരവികസനവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചും, ക്ഷീരവികസന രംഗത്ത് കൈവരിച്ചിട്ടുള്ള നവീന സാങ്കേതിക രീതികളെക്കുറിച്ചും പ്രതിപാദിക്കുന്ന വിവരങ്ങൾ, ക്ഷീരകർഷകരിലേയ്ക്കും, പശു പരിപാലന രംഗത്തേയ്ക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന തൊഴിൽ രഹിതരായ യുവതീയുവാക്കളിലേയ്ക്കും എത്തിക്കുവാനായി ക്ഷീരവികസനവകുപ്പ് 'ക്ഷീരപഥം' എന്ന പേരിൽ ഒരു 'ത്രൈമാസിക' 2009-2010 വർഷം മുതൽ പ്രസിദ്ധീകരിച്ചു വരുന്നു. തൻവർഷം പ്രസിദ്ധീകരിച്ച ക്ഷീരപഥങ്ങളിലൂടെ സംസ്ഥാനത്ത് ക്ഷീരവികസനരംഗത്ത് നടത്തുന്ന പ്രധാനപരിപാടികളും, പാൽ ഗുണമേന്മ പരിശോധന വിഷയത്തെ സംബന്ധിച്ച വിവരങ്ങളും, പാലുല്പാദന നിർമ്മാണ മേഖലയെ സംബന്ധിച്ച വിവരങ്ങളും, ക്ഷീരവികസന രംഗത്തെ സ്ഥാപനങ്ങളെക്കുറിച്ചും, അനുബന്ധ സ്ഥിതി വിവര കണക്കുകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 11) വിവരാവകാശ നിയമം

2018-2019 വർഷത്തിൽ വകുപ്പിന്റെ ജില്ലാ ഓഫീസുകളിലും ഡയറക്ടറേറ്റിലും ക്ഷീരപരിശീലനകേന്ദ്രത്തിലും സ്വീവേജ് ഫാമിലുമായി 689 അപേക്ഷകളാണ് ലഭിച്ചത്.

കാലതാമസം വരുത്താതെയും, പിഴയൊടുക്കാതെയും 689 അപേക്ഷകൾക്കും മറുപടി നൽകാൻ വകുപ്പിന് സാധിച്ചു. (പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു)

## 12) ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനം

ക്ഷീരവികസന വകുപ്പിൽ പരിശോധനാവിഭാഗം രൂപീകരിച്ചത് 1999-ലാണ്. ഡയറക്ടറേറ്റ്, ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ എന്നിവിടങ്ങളിൽ യഥാക്രമം സംസ്ഥാനതല, ജില്ലാതല പരിശോധനാവിഭാഗങ്ങൾ പ്രവർത്തിക്കുന്നു. ഡയറക്ടറേറ്റ് തലത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാനതല പരിശോധനാ വിഭാഗത്തിൽ ഫിനാൻസ് ഓഫീസർ, ഒരു സൂപ്രണ്ട്, ഒരു സീനിയർ ക്ലാർക്ക് എന്നിവർ പ്രവർത്തിക്കുന്നു.

**എ) ആഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ**

ഡയറക്ടറേറ്റ് തലത്തിൽ പ്രവർത്തിക്കുന്ന വിഭാഗം കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ

1. ജില്ലാ ഓഫീസുകൾ, ക്ഷീരപരിശീലനകേന്ദ്രങ്ങൾ, സ്വീവേജ് ഫാം എന്നീ ഓഫീസുകളിൽ ഇന്റേണൽ ആഡിറ്റ് നടത്തുക, മാസത്തിൽ ഒരു ഓഫീസ് എന്ന എന്ന ക്രമത്തിൽ രണ്ടു വർഷത്തിൽ 20 ഓഫീസുകളുടെ ഇന്റേണൽ ആഡിറ്റ് നടത്തുന്ന രീതിയിൽ ടാർജറ്റ് ക്രമീകരിച്ച് പരിശോധന നടത്തുക.
2. മേലധികാരികളുടെ ഉത്തരവ് അനുസരിച്ച് മറ്റ് ഓഫീസുകളിൽ പ്രത്യേക പരിശോധന നടത്തുക.
3. അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ്, ജില്ലാ ഓഫീസുകളുടെയും ക്ഷീരപരിശീലനകേന്ദ്രങ്ങളുടെയും ക്ഷീരവികസന യൂണിറ്റുകളുടെയും സ്വീവേജ് ഫാമിന്റെയും ഇന്റേണൽ ആഡിറ്റ് സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുക.
4. ജില്ലാ ഓഫീസുകളിലെയും ക്ഷീരപരിശീലനകേന്ദ്രങ്ങളിലെയും അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാറിപ്പോർട്ടിൽ കാണിച്ചിട്ടുള്ള എല്ലാ അപാകതകളും പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.
5. സർക്കാരിന്റെ ധനകാര്യവിഭാഗമായ ഡിസ്ട്രിക്ട് ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗം നടത്തിയിട്ടുള്ള പരിശോധനാ റിപ്പോർട്ടുകളുടെ ഫയലുകൾ കൈകാര്യം ചെയ്യുന്നത് ഡയറക്ടറേറ്റിലുള്ള പരിശോധനാവിഭാഗമാണ്.
6. പരിശോധനാവിഭാഗത്തിന്റെ പ്രത്യേക മീറ്റിംഗ് രണ്ടു മാസത്തിലൊരിക്കൽ ക്ഷീരവികസന വകുപ്പ് ഡയറക്ടറും മാസത്തിലൊരിക്കൽ ഫിനാൻസ് ഓഫീസറും വിളിച്ചു ചേർക്കുകയും നിലവിലുള്ള ഫയലുകളിൽ അടിയന്തിര നടപടികൾ കൈക്കൊള്ളുകയും ചെയ്തു വരുന്നു.

**ബി. ജില്ലാതലത്തിലുള്ള പരിശോധനാവിഭാഗങ്ങൾ**

1. ജില്ലയിലെ ഓരോ ബ്ലോക്കിലുമുള്ള ക്ഷീരവികസന യൂണിറ്റിൽ ഇന്റേണൽ ആഡിറ്റ് നടത്തി വരുന്നു.

2. യൂണിറ്റ് ഓഫീസുകളിലെ പരിശോധനാ റിപ്പോർട്ട്, പരിശോധനാ ഉദ്യോഗസ്ഥനായ ജില്ലകളിലെ സീനിയർ സൂപ്രണ്ടിന്റെ ശുപാർശകളും അഭിപ്രായങ്ങളും സഹിതം മേലോഫീസിലേയ്ക്ക് അയച്ചു കൊടുക്കുന്നു.
